www.malankaralibrary.com

# ബഥനിശബ്ദം

ജനുവരി 2021



Ordination Special 2021

www.malankaralibrary.com

# BETHANY SABDAM

No. 122 2021 January

**Editor**
Fr. Varghese Vijayanand OIC

**Editorial Board**
Fr. Antony Padipurackal OIC
Fr. John Britto Charivukalayil OIC
Fr. Geevarghese Thiruvalil OIC

**Circulation Manager**
Fr. Varghese Thykkoottathil OIC

**Printed at**
Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**
Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)
web: www.bethanyashram.net
e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ


മുഖമൊഴി 4

ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി

ക്രിസ്തുവിന്റെ പക്ഷം ചേരാൻ 6

വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

പുരോഹിതന്റെ സമ്പത്തും നാബോത്തിന്റെ മുന്തിരിത്തോട്ടവും 8

വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി

സന്ന്യാസ - പൗരോഹിത്യത്തിന്റെ കയ്യൊപ്പോടെ ബഥനിയിലെ നാലു മൺചിരാതുകൾ 11

വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

ദൈവരാജ്യത്തിന്റെ കാര്യവിചാരിപ്പുകാർ 15

ഫാ. മത്തായി കടവിൽ ഒ.ഐ.സി

മറ്റുള്ളവർക്ക് നന്മയായി... 26

ബ്ര. ജിത്തു ജോൺ

നിത്യ പുരോഹിതനായ യേശുവിന്റെ പ്രതിപുരുഷൻ 28

അലക്സ് അച്ചന്റെ മാതാപിതാക്കൾ

ഗോതമ്പു മണി നിലത്ത് വീണഴിയുന്നത്... 29

ഫാ. അലക്സ് മൈക്കിൾ ഒ.ഐ.സി.

സ്നേഹത്തിന്റെ നിറവിൽ ഹെൻറി അച്ചൻ... 31

ബ്ര. ജിതിൻ ജോർജ്ജ് ഒ.ഐ.സി.

ദൈവിക പദ്ധതിയിലാശ്രയിച്ച് അൾത്താരയിലേക്ക് 33

സാംകുട്ടി വർഗ്ഗീസ്, മോളി സാം

എന്നെ യോഗ്യനാക്കിയ ദൈവത്തിന്റെ മുന്നിൽ കൂപ്പുകരങ്ങളോടെ 35

ഫാ. ഹെൻറി സാം ഒ.ഐ.സി.

അഗ്നിപീഠമായ ബലിപീഠശുശ്രൂഷയിലേക്ക് ഡാനിയേലച്ചൻ.... 37

ബ്ര. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി

www.malankaralibrary.com



എത്ര സമുന്നതം മകനേ നീ ഭരമേറ്റ വിശിഷ്ട സ്ഥാനം... 39
തോമസ് ദാനിയേൽ കല്ലിൽ & മോനി തോമസ്

സ്വപ്നം സഫലവും... ആഗ്രഹം ജീവിതവുമാകുന്ന ധന്യമീ നിമിഷം 41
ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.

പൗരോഹിത്യ വഴിയേ... ജയ്സൺ അച്ചൻ 43
ബ്രെ. ജോസഫ് ഷൈജു ഒ.ഐ.സി.

പ്രത്യാശയോടെ... നാഥന്റെ അരുൾപ്പാടിനായി കാത്ത്... 46
സൈമൺ തോമസ് & എലിസബത്ത് സൈമൺ

നാഥന്റെ ഇഷ്ടം നിറവേറ്റാൻ ദാസനിതാ... 48
ഫാ. ജെയ്സൺ സൈമൻ കടംമ്പള്ളിൽ ഒ.ഐ.സ

കർമ്മധീരരായ ജൂബിലേറിയന്മാർ 52
ഫാ.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

സന്ന്യാസ പൗരോഹിത്യത്തിന്റെ വേറിട്ട നിയോഗങ്ങൾ 57
ഫാ. ഡോ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി

വൈദികരെക്കുറിച്ചുള്ള അല്മായ പ്രതീക്ഷകൾ 63
ഡോ.വി.ജെ. ജേക്കബ് & പുഷ്പ അഗസ്റ്റിൻ

അധികാരമില്ലാത്ത പ്രസംഗകർ 75
ഫ്രാൻസിസ് മാർപാപ്പാ നടത്തിയ പ്രസംഗം

പ്രയാണം 79
ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി

എന്റെ ആത്മാവ് പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവൻ! 81
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

www.malankaralibrary.com

# മുഖമൊഴി...

ബഥനിയിലേക്ക് നാല് വൈദികരെക്കൂടി തന്നുകൊണ്ട് നിത്യപുരോഹിതനായ ഈശോ നമ്മെ അനുഗ്രഹിക്കുകയാണ്. നമുക്ക് ഏവർക്കും സന്തോഷം നൽകുന്ന ഈ മഹാദാനത്തിന് തമ്പുരാന് നന്ദിപറഞ്ഞുകൊണ്ട് ഈ ലക്കം ബഥനിശബ്ദം നവാഭിഷിക്തരാകുന്ന ബഥനിയിലെ പ്രിയ വൈദികസഹോദരങ്ങൾക്ക് സമർപ്പിക്കുകയാണ്.

ക്രിസ്തു, പിതാവിന്റെ അതേ ഇഷ്ടം അവിരാമം ലോകത്തിൽ ഇന്നും തന്റെ സഭയിലൂടെ നിറവേറ്റാൻ തന്റെ ശുശ്രൂഷകർ വഴി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (പ്രെസ്ബിത്തെരോരും ഓർദിനിസ് 14). കഴിഞ്ഞ് 12 വർഷങ്ങളിലെ പരിശീലന കാലഘട്ടത്തിലൂടെ പിതാവിന്റെ ഇഷ്ടം തിരിച്ചറിയാനും തങ്ങളെതന്നെ ദൈവജനത്തിന് ദാനമായി നൽകാനും വേണ്ടി നവവൈദികർ ഒരുങ്ങുകയായിരുന്നു. ഇന്ന് പരിശുദ്ധ അൾത്താരയ്ക്ക് മുന്നിൽ ആ മഹാദാനത്തിന്റെ പൂർണ്ണ സമർപ്പണം നടന്നു. ക്രിസ്തുവിന്റെ ചൈതന്യത്തോടെ, തങ്ങൾക്ക് ലഭിച്ച വിളി, തങ്ങൾ നടത്തിയ സമർപ്പണം അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ ഈ നവവൈദികർക്ക് സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

നാനാദിശകളിലേക്ക് പന്ത്രണ്ട് ശിഷ്യന്മാരെ അയച്ചപ്പോൾ യേശു അവരോട് അരുളിച്ചെയ്തു: ദുരിതമാക്ക ദുരാത്മാവേ, രോഗാർത്തരെ സൗഖ്യവുമാക്ക-വില കൂടാതെ ലഭിച്ചതുപോൽ നൽകീൻ വിലയന്യേ (ശ്ഹീമോ ശുബ്ഹോ തിങ്കൾ പ്രഭാതം). രാഷ്ട്രീയ അപചയങ്ങളുടെ, അഴിമതിയുടെയും അടിച്ചമർത്തലുകളുടെയും, അക്രമത്തിന്റെയും ദുരാത്മാക്കൾ അരങ്ങ് വാഴുമ്പോൾ ക്രിസ്തുവിനാൽ അയയ്ക്കപ്പെടുന്ന പൗരോഹിത്യത്തിന് അർത്ഥതലങ്ങൾ വർദ്ധിക്കുകയാണ്.

ആധുനിക കാലഘട്ടം മഹാമാരിയുടെ കെടുതിയിൽ തത്ര പ്പെടുകയാണ്. ദേവാലയ ശുശ്രൂഷയും വൈദിക ജീവിതവും ഏറ്റവും കൂടുതൽ ഊർജ്ജസ്വലമാകേണ്ട സമയമാണിത്.

www.malankaralibrary.com



രോഗാർത്തരെ സൗഖ്യമാക്കാൻ അയയ്ക്കപ്പെടുന്ന പൗരോഹിത്യം ആധുനിക കാലഘട്ടത്തിന്റെ ഒഴിച്ചുകൂട്ടാൻ പാടില്ലാത്ത ആത്മീയ ആവശ്യമാണ്. സൗജന്യമായി ലഭിച്ചത് സൗജന്യമായി നൽകുവാൻ, കരയുന്നവരോടൊപ്പം കരയുവാനും സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുവാനും– ക്രിസ്തുവിനോടൊപ്പം അനുനിമിഷം യാത്ര ചെയ്യാനും – മറ്റൊരു ക്രിസ്തുവായി ആവശ്യക്കാരന്റെ മുന്നിൽ പ്രത്യക്ഷപ്പെടുവാനും പുരോഹിതർ അഭിഷിക്തരാകുന്നു. പരിക്ഷീക്കപ്പെടുമ്പോൾ, പീഡിപ്പിക്കപ്പെടുമ്പോൾ, തെറ്റിദ്ധരിക്കപ്പെടുമ്പോൾ, തിരസ്കരിക്കപ്പെടുമ്പോൾ പതറുത് – നിങ്ങൾ പിൻചെല്ലുന്നവൻ ഇവയെ അതിജീവിച്ച് അനേകർക്ക് ജീവ വെളിച്ചമായവനാണ് അങ്ങനെയാകാനാണ് നിങ്ങളും വിളിക്കപ്പെട്ടിരിക്കുന്നത്.

സ്മരണ എപ്പോഴും നല്ലതാണ്. നിങ്ങൾ പൗരോഹിത്യത്തിൽ സ്വീകരിച്ച ദൈവകൃപ എപ്പോഴും സ്മരിക്കുക. ഓർമ്മ നഷ്ടപ്പെടുമ്പോൾ – ജീവിതത്തിന്റെ അർത്ഥതലങ്ങൾക്ക് ബലക്ഷയം സംഭവിക്കും. ലഭിച്ച ദൈവകൃപയുടെ ഓർമ്മ, സ്മരണ നിങ്ങളുടെ ജീവിതത്തിൽ സജീവമായി നിലനില്ക്കട്ടെ.

സമർപ്പണ പൗരോഹിത്യത്തിലേക്ക് കടന്നുവരുന്ന നവവൈദികരെ അനുമോദിക്കുന്നു. അവരെ ക്രിസ്തുവിനുവേണ്ടി ദാനം ചെയ്ത മാതാപിതാക്കളെ നന്ദിയോടെ ഓർക്കുന്നു. ഈ നവ അഭിഷിക്തരെ ഒരുക്കി പരിശീലിപ്പിച്ച ഗുരുജനങ്ങളെ പ്രാർത്ഥനയോടെ ഓർക്കുന്നു. തങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ രീതിയിൽ ജീവിക്കുവാൻ വേണ്ട കൃപ ഈ നവ വൈദികർക്ക് തമ്പുരാൻ പ്രദാനം ചെയ്യട്ടെ.

മാർ ഈവാനിയോസ് എന്ന മഹാ മാമുനിയാൽ മലങ്കരയിൽ സ്ഥാപിതമായ ബഥനി സന്ന്യാസപ്രസ്ഥാനം മലങ്കരയുടെ ആത്മീയ ഉന്നമനത്തിന് ഊർജ്ജവും ശക്തിയും നൽകി. ബഥനി സന്ന്യാസ സമൂഹത്തിൽ സന്ന്യാസികളായിരുന്നുകൊണ്ട് സഭയുടെ ആത്മീയ നവോത്ഥാനത്തിൽ പങ്കുകാരാകുവാൻ നാല് സഹോദരങ്ങൾ തങ്ങളെത്തന്നെ സമർപ്പിച്ച് സഭയിൽ ഉത്തമ സന്ന്യാസികളായതിന്റെ 25 വർഷങ്ങൾ പൂർത്തിയാവുന്നു. സന്ന്യാസ സമർപ്പണത്തിന്റെ ജൂബിലി ആഘോഷങ്ങൾ പൂർത്തിയാക്കുന്ന വൈദിക സഹോദരങ്ങൾക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

സ്നേഹത്തോടെ,

**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# ക്രിസ്തുവിന്റെ പക്ഷം ചേരാൻ

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

ബഥനിയിലെ നാല് സഹോദരങ്ങൾ വൈദികപദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. ബഥനി ഏറ്റം സന്തോഷിക്കുന്ന ഈ വേളയിൽ ബഥനിയിലൂടെയുള്ള ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ഈ നാല് സഹോദരങ്ങളെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും അവരുടെ സമർപ്പണ പൗരോഹിത്യ ജീവിതത്തിന് ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മാനുഷിക ശക്തിയിൽ ആശ്രയിച്ചല്ല നിങ്ങൾ, പ്രിയ സഹോദരങ്ങൾ ഇപ്പോൾ തമ്പുരാന്റെ അൾത്താരയിലേക്ക് കടന്നുവരുന്നത്. നിങ്ങളുടെ ബലമില്ലായ്മയിൽ - ദുർബലരിലൂടെ തന്റെ ശക്തി പ്രകടമാക്കുന്ന - എളിയവരിൽ എളിയവരായ ശിഷ്യന്മാരിലൂടെ ലോകത്തെ മുഴുവനും മാറ്റിമറിച്ച - ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ടാകണം. നിങ്ങൾ പൗരോഹിത്യത്തിലേക്ക് കടന്നു വരേണ്ടത് അഞ്ചപ്പവും രണ്ട് മീനും അയ്യായിരം പേർക്ക് വളരെ ചെറിയ ഒരു സംഖ്യയാണ് - യേശു കരങ്ങളിൽ കൂടി അത് കടന്നുപോയപ്പോൾ - അത് അത്ഭുതത്തിന്റെ / അനുഗ്രഹത്തിന്റെ അനുഭവമായി മാറി. നിങ്ങളുടെ ബലഹീനതകളെ, ശക്തിയില്ലായ്മയെ യേശു കരങ്ങളിൽ കൊടുക്കുവാൻ ഓരോ പ്രഭാതത്തിലും നിങ്ങൾക്ക് കഴിയണം.

ബഥനിയിലെ പൗരോഹിത്യത്തിന് ഒരു പ്രത്യേകതയുണ്ട് - ബഥനിയിലെ വിശുദ്ധരെപ്പോലെ ക്രിസ്തു സഖിത്വത്തിന്റെ ഒരു മനോഹാരിത. ഈ സഖിത്വത്തിൽ പുരോഹിതൻ വളരുന്നില്ലായെങ്കിൽ പുരോഹിതൻ വെറും കർമ്മിയായി ജീവിതം തള്ളി നീക്കും. ബാഹ്യമായ അനുഷ്ഠാനങ്ങളിൽ മാത്രം കുരുങ്ങി കിടക്കുവാനല്ല പുരോഹിതൻ വിളിക്കപ്പെടുന്നത്.

പൗരോഹിത്യം ഒരു പക്ഷം ചേരലാണ്. ക്രിസ്തുവിലുള്ള ഒരു പക്ഷം ചേരൽ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി സ്വയം ശൂന്യനായ

www.malankaralibrary.com



ക്രിസ്തുവിൽ, അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ സമർപ്പിച്ച ക്രിസ്തുവിലുള്ള പക്ഷം ചേരലാണ് പൗരോഹിത്യം. എന്നോടുകൂടെയല്ലാവത്തവൻ എനിക്ക് എതിരാണ് (ലൂക്കാ 11:23) എന്ന തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവരാജ്യ സംസ്ഥാപനത്തിൽ ക്രിസ്തുവിനോട് കൂടെയാകാൻ, അവന്റെ പക്ഷം ചേരാൻ പുരോഹിതൻ വിളിക്കപ്പെടുന്നുവെന്നതാണ്. നിഷ്പക്ഷത മനോഹരമായ ഒരു വാക്കാണ്. എന്നാൽ ദൈവരാജ്യ സംസ്ഥാപനത്തിൽ പുരോഹിതൻ നിഷ്പക്ഷമതിയല്ല. തിന്മക്കെതിരായ പോരാട്ടത്തിൽ, പാപത്തിനെതിരായ പോരാട്ടത്തിൽ, രക്ഷാകരസംഭവത്തിന്റെ പൂർത്തീകരണത്തിൽ പിതാവായ ദൈവത്തിന്റെ പക്ഷം ചേർന്ന ക്രിസ്തുവിനെപ്പോലെ, ("എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം" മർക്കോ 14:36) ദൈവരാജ്യ മഹത്വത്തിനായി ക്രിസ്തുവിനോടൊപ്പം പക്ഷം ചേരാൻ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കപ്പെട്ടവനാണ് പുരോഹിതൻ.

പൗരോഹിത്യ സ്വീകരണ വേളയിൽ എന്റെ പ്രിയ കുഞ്ഞനുജന്മാരെ ഞാൻ ഓർമ്മിപ്പിക്കുന്നത് – നിങ്ങൾ അഭിഷേകം ചെയ്യപ്പെടുന്നത് വെറും 'കാർമ്മികളായി' മാത്രമല്ല. ക്രിസ്തുവിന്റെ സഖിത്വത്തിൽ നിന്ന് നിർഗളിക്കുന്ന മഹനീയ മാതൃകയിലേക്കാണ്.

പൗരോഹിത്യത്തിന് ചില അതിർവരമ്പുകൾ കർത്താവ് കല്പിച്ച് നൽകിയിട്ടുണ്ട്. "ജറുസലേമേ വിട്ട് പോകരുത്" എന്ന് ശിഷ്യന്മാരോട് നിർദ്ദേശിച്ച കർത്താവ് ആധുനിക കാലഘട്ടത്തിൽ പുരോഹിതരോട് ആവശ്യപ്പെടുക ''ദൈവത്തിന്റെ ദൃഷ്ടിപദത്തിൽ നിന്ന് ഒഴിഞ്ഞ് മാറരുതെന്നാണ്, സർവ്വേശ്വരന്റെ സ്നേഹകരവലയത്തിൽ നിന്ന് തെന്നി മാറരുതെന്നാണ്.'' തങ്ങളെ തന്നെ തമ്പുരാന്റെ സ്നേഹകരവലയത്തിൽ സമർപ്പിക്കുന്ന പ്രിയ നവ അഭിഷിക്തർക്ക് ഒരിക്കൽ കൂടെ എല്ലാ അനുഗ്രഹ ങ്ങളും സ്നേഹാശംസകളും!

■

www.malankaralibrary.com

# പുരോഹിതന്റെ സമ്പത്തും നാബോത്തിന്റെ മുന്തിരിത്തോട്ടവും

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ**

പണ്ട് ചെറുപ്പത്തിൽ *"സ്നേഹസേന"* എന്ന ഒരു ചിത്രകഥാപുസ്തകം വായിച്ചപ്പോൾ മനസ്സിലുടക്കിപ്പോയ ഒരു കഥയുണ്ട്. ഈശോസഭാവൈദികർ പ്രസിദ്ധീകരിച്ചിരുന്ന ഈ ചിത്രകഥാപുസ്തകം, ഞങ്ങളുടെ വികാരിയച്ചനായിരുന്ന ബഹു. ഏബ്രഹാം അഴകത്ത് അച്ചൻ മുടങ്ങാതെ സൺഡേസ്കൂൾ കുട്ടികൾക്ക് അന്ന് എത്തിച്ചു തന്നിരുന്നു. പിന്നീട് വൈദികനായി കഴിഞ്ഞപ്പോഴാണ് പണ്ടു വായിച്ച ഈ പഴയനിയമകഥയുടെ ആന്തരികാർത്ഥം പൂർണ്ണമായി മനസ്സിലാകുന്നത്.

1 രാജാക്കന്മാർ 21-ാം അദ്ധ്യായം ആരംഭിക്കുന്നത് ഈ കഥ പറഞ്ഞുകൊണ്ടാണ്. ഇസ്രായേൽക്കാരനായ നാബോത്തിന്റെ മുന്തിരിത്തോട്ടം ആഹാബ് രാജാവിന്റെ കൊട്ടാരത്തോട് ചേർന്നാണ്. തനിക്ക് ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ ഈ മുന്തിരിത്തോട്ടം വിട്ടുതരുവാൻ ആഹാബ് രാജാവ് നാബോത്തിനോട് ആവശ്യപ്പെട്ടു. എന്നാൽ അയാൾ അതിനു സമ്മതിച്ചില്ല. പകരം അതിനേക്കാൾ മെച്ചമായ മുന്തിരിത്തോട്ടമോ, വിലയായി പണമോ, തരാം എന്ന് രാജാവ് പറയുന്നുണ്ട്. എന്നാൽ നാബോത്തിന്റെ മറുപടി ഉറച്ചതായിരുന്നു. "എന്റെ പിതൃസ്വത്ത് വില്ക്കുന്നതിന് കർത്താവ് ഇടയാക്കാതിരിക്കട്ടെ" (1 രാജാ 21/3). തുടർന്ന് രാജകോപത്തിന് പാത്രമായ നാബോത്ത്, രാജാവിന്റെ പത്നി ജസബേലിന്റെ ചതിയിൽപ്പെട്ടു കൊല്ലപ്പെടുന്നു. അങ്ങനെ ആഹാബ് രാജാവ് നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശപ്പെടുത്തുന്നു. എന്നാൽ എന്തുകൊണ്ട്, തനിക്കുള്ളതിലും മെച്ചമായ ഒരു മുന്തിരിത്തോട്ടമോ, പണമോ, വാഗ്ദാനം ചെയ്യപ്പെട്ടിട്ടും നാബോത്ത് തന്റെ മുന്തിരിത്തോട്ടം വിട്ടുകൊടുത്തില്ല? അത് അയാളുടെ അഹം ബോധമോ (Ego), അതിരുവിട്ട അഭിമാനമോ, പിടിവാശിയോ ആയിരുന്നോ? ചെറുപ്പത്തിൽ ഇതിനൊന്നും ഉത്തരം കിട്ടിയിരുന്നില്ല. പിന്നീട് പതിയെ പതിയെ ബൈബിൾ പഠിച്ചുവന്നപ്പോഴാണ്

www.malankaralibrary.com



ഇസ്രായേൽക്കാർക്ക് ഈ പിതൃസ്വത്തിനോടുള്ള വൈകാരികമായ അഭിനിവേശം എത്ര വലുതാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് യഹോവ രക്ഷിച്ചുകൊണ്ടുവന്ന ഇസ്രായേൽ ജനതയ്ക്ക് വാഗ്ദത്തനാട് (കാനാൻ ദേശം) പങ്കുവച്ചു കൊടുത്തു. ഈ മണ്ണാണ് അവരുടെ പൈതൃകഅവകാശം. അതാർക്കും വിട്ടുകൊടുക്കാൻ അവർ തയ്യാറല്ല. എന്നാൽ 11-ഗോത്രങ്ങൾക്കും കാനാൻ നാട്ടിലെ മണ്ണ് പങ്കുവച്ചപ്പോൾ, ദൈവം തന്റെ പുരോഹിത, സമർപ്പിത ഗോത്രമായ ലേവി ഗോത്രത്തിന് കൊടുത്തത് നശ്വരമായ സമ്പത്തോ, കാനാൻ നാട്ടിലെ ഒരു ഭൂപ്രദേശമോ അല്ല. മറിച്ച് തന്നെത്തന്നെയാണ്.

കർത്താവ് അഹറോനോട് അരുളിച്ചെയ്തു: "ഇസ്രായേലിൽ നിനക്ക് ഭൂമി അവകാശമായി ലഭിക്കുകയില്ല. അവരെപ്പോലെ നിനക്ക് ഓഹരിയും ഉണ്ടായിരിക്കുകയില്ല. കാരണം, ഞാനാണ് നിന്റെ അവകാശവും, ഓഹരിയും" (സംഖ്യ 18/20). അപ്പോൾ ഇസ്രായേൽജനത്തിന് വാഗ്ദത്തനാട് മുഴുവൻ വീതിച്ച്, ഓഹരിയായി നല്കിയപ്പോൾ, പുരോഹിതഗോത്രമായ ലേവ്യർക്ക് ഒന്നും കിട്ടിയില്ല. അതിന് കാരണം അവർക്ക് ദൈവം തന്നെത്തന്നെ ഓഹരിയായി കൊടുത്തു എന്നതാണ്. ഈ കാര്യം ബൈബിളിൽ ഒരു പാട് പ്രാവശ്യം ആവർത്തിച്ച് പറയുന്നത് തന്നെ ഇതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു എന്ന് തോന്നുന്നു. ഏതാനും ഉദാഹരണങ്ങൾ:- സംഖ്യ 18/20, സംഖ്യ 18/23, നിയമാ 10/9, നിയമാ 18/1-2, പ്രഭാഷ 45/22, ഐസക്കി 44/28. ചുരുക്കത്തിൽ, പഴയനിയമകാഴ്ചപ്പാടിൽ പുരോഹിതനെ, ദൈവത്തെ ഓഹരിയായി, സമ്പത്തായി കിട്ടിയ വ്യക്തി എന്ന് നിർവ്വചിക്കാം. പുതിയനിയമത്തിൽ യേശു തന്റെ ശിഷ്യരെ അയയ്ക്കുമ്പോൾ സമ്പത്തൊന്നും, വടിയൊ, ചെരുപ്പോ, മടിശ്ശീലയോ, രണ്ടാമത് ഒരുടുപ്പുപോലുമോ കരുതണ്ട എന്ന് പറയുന്നതും ഇതിനോട് ചേർത്ത് വായിക്കാം.

ബഥനിയിലെ പൗരോഹിത്യഗണത്തിലേക്ക് ചേർക്കപ്പെടുന്ന നവവൈദികരോട് പറയാനുള്ളത് ഇത്രമാത്രം ആണ്. ദൈവത്തെ സമ്പാദ്യമായി ലഭിച്ചവരാണ് നാം. ഈ സമ്പത്തിനേക്കാൾ ശ്രേഷ്ഠമായി ഒന്നും ആഗ്രഹിക്കാൻ നമുക്കിടവരാതിരിക്കട്ടെ.

ജീവിതത്തിന്റെ എതെങ്കിലും വേളയിൽ ദൈവത്തേക്കാളധികമായി നാം എന്തിനെയെങ്കിലും കാമിക്കയോ, സ്വന്തമാക്കുകയോ ചെയ്യുവാൻ ആഗ്രഹിച്ചാൽ അതാണ് നമ്മുടെ സന്ന്യാസപൗരോഹിത്യത്തിലെ

www.malankaralibrary.com



ദുരന്തം. നമ്മുടെ സമൂഹസ്ഥാപകനായ മാർ ഈവാനിയോസ് പിതാവ് പറഞ്ഞത് ഓർക്കുക: "ദൈവം സമ്പാദ്യമായുള്ളപ്പോൾ മറ്റെന്തെങ്കിലും കൂടി വേണം എന്നാഗ്രഹിക്കുമ്പോൾ അയാൾ അത്യാഗ്രഹിയാകുന്നു." (സന്ന്യാസജീവിതസഹായി) അതുകൊണ്ട് "ദൈവസേവനത്തേക്കാൾ അഭികാമ്യം ദൈവസമ്പാദനം"തന്നെ (ഗിരിദീപം).

നാം ഈ ലോകത്തിലായിരിക്കുന്നിടത്തോളം കാലം നമ്മുടെ പൗരോഹിത്യം നേരിടുന്ന വലിയ വെല്ലുവിളി ഇതു തന്നെ. ദൈവത്തേക്കാളധികം, മറ്റുള്ള എന്തിനോടെങ്കിലും ഉള്ള ഇഷ്ടം ഒരു വലിയ ദുരന്തത്തിലേക്ക് നമ്മെ നയിക്കും. പണം, അധികാരം, സ്ഥാനബഹുമാനങ്ങൾ, ചില വ്യക്തികളോടോ, സ്ഥാനമാനങ്ങളോടോ ഉള്ള അഹിതമായ ഇഷ്ടങ്ങൾ എന്നിവയെല്ലാം നമ്മുടെ യഥാർത്ഥസമ്പത്തിൽ നിന്ന് നമ്മെ അകറ്റിക്കളയുന്നു എന്ന് ചുരുക്കം.

നാബോത്തിന് മുൻപിൽ ആഹാബ് രാജാവ് വലിയ സമ്പത്ത് മുന്നോട്ടു വച്ചു എങ്കിലും പിതൃസ്വത്ത് പകരം കൊടുക്കാൻ അദ്ദേഹം തയ്യാറാകാത്തതുപോലെ, ജീവൻ ബലി കൊടുത്തും നമ്മുടെ യഥാർത്ഥ സമ്പത്തായ, ദൈവമെന്ന ഓഹരി വിട്ടുകളയാതെ കാത്തുസൂക്ഷിക്കാനുള്ള ആത്മബലം ദൈവം നിങ്ങൾക്ക് നല്കട്ടെ.

ഈ ജീവിതാന്തസ്സിലേക്ക് നിങ്ങളെ നയിച്ച എല്ലാ നല്ല മനുഷ്യരെയും, പ്രത്യേകിച്ച് നിങ്ങളുടെ വത്സല മാതാപിതാക്കളെയും മറ്റു കുടുംബാംഗങ്ങളെയും ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം ഓർക്കുന്നു. മുന്നോട്ടുള്ള യാത്രയിൽ ബോധ്യങ്ങൾ കൈവിടാതെ, യഥാർത്ഥ സമ്പത്ത് കൈമോശം വരാതെ സൂക്ഷിക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ. ബഥനിക്കും, സഭയ്ക്കും, നിങ്ങളുടെ മാതാപിതാക്കൾക്കും എന്നും അഭിമാനിക്കുവാൻ കഴിയുന്ന മക്കളായി തീരുവാൻ ദൈവം നിങ്ങളെ തുണയ്ക്കട്ടെ.

യേശു തമ്പുരാൻ തന്റെ ഉപമയിൽ സൂചിപ്പിച്ചതുപോലെ വയലിൽ മറഞ്ഞിരിക്കുന്ന വലിയ നിധി കണ്ട്, തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങിയ മനുഷ്യന്റെ വിവേകം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. യഥാർത്ഥമായ സമ്പത്ത്, കൈമോശം വന്നുപോകാത്ത ഒരു പൗരോഹിത്യം, മരണം വരെ കാത്തു സൂക്ഷിക്കാൻ ദൈവം നിങ്ങളെ ബലപ്പെടുത്തട്ടെ.

സ്നേഹാശംസകളോടെ, ബഥനിയിലെ വൈദികഗണത്തിലേക്ക് നിങ്ങളെ അഭിമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

www.malankaralibrary.com

# സന്ന്യാസ - പൗരോഹിത്യത്തിന്റെ കയ്യൊപ്പോടെ ബഥനിയിലെ നാലു മൺചിരാതുകൾ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ്

"സുവിശേഷ പ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം എന്നീ ശുശ്രൂഷകളിലൂടെ, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ധർമ്മങ്ങൾ തിരുസഭയിൽ നിർവഹിക്കാൻ വേണ്ടിയാണ് ഓരോ പുരോഹിതനും അഭിഷേകം ചെയ്യപ്പെടുന്നത്. 'ദൈവജനമായും മിശിഹായുടെ ശരീരമായും പരിശുദ്ധാത്മാവിന്റെ ആലയമായും ഈ ലോകത്തിൽ തിരുസഭയെ അവിരാമം പടുത്തുയർത്തുന്ന ദൈവിക പദ്ധതിയുടെ ഈ കർമ്മവഴികളിൽ' (*Cf.Presbyterorum Ordinits*, വൈദീക ശുശ്രൂഷയും ജീവിതവും സംബന്ധിച്ച ഡിക്രി, No.1) സന്ന്യാസ പൗരോഹിത്യത്തിന്റെ തെളിഞ്ഞുകത്തുന്ന മൺചിരാതുമായി ബഥനിയുടെ നാലുസഹോദരങ്ങൾ പരിശുദ്ധ മദ്ബഹായുടെയും ബലിപീഠത്തിന്റെയും വിശുദ്ധ പടികളിൽ കാത്തുനിൽക്കുന്നു. ശിഷ്യന്മാരെപ്പോലെ, ഈശോയാൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഈ നാലു സഹോദരങ്ങൾ, തിരുപ്പട്ടകൂദാശയും കൈവയ്പ്പിലൂടെ ഭരമേൽക്കുന്ന പ്രത്യേക ദൗത്യവും വഴി, പുരോഹിതനും രാജാവുമായ മിശിഹായെ ശുശ്രൂഷിക്കന്നെതിനായി സമ്പൂർണ്ണമായി തങ്ങളെത്തന്നെ സമർപ്പണം ചെയ്യുന്നു.

**അഭിനന്ദനങ്ങൾ**

"അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു.... തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോസ് 3:14-15). പൗരോഹിത്യത്തിന്റെയും സന്ന്യാസത്തിന്റെയും കൂദാശകളുടെയും, വിശുദ്ധമെന്ന് ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന സത്യങ്ങളുടെയും പാവനതയെ തച്ചുടയ്ക്കുന്ന, കഥകളുടെയും നുണക്കഥകളുടെയും വെല്ലുവിളികൾ നിറഞ്ഞ ആധുനികലോകത്തിൽ, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഭാരതീയ-ക്രൈസ്തവ

www.malankaralibrary.com



ദർശനങ്ങളോടു ചേർത്തുവച്ച് കാട്ടിത്തന്ന, മിശിഹാനുകരണ മാർഗ്ഗത്തിലൂടെ, ബഥനി ആശ്രമത്തിന്റെ ദൗത്യങ്ങളോടു ചേർന്ന്, സന്ന്യാസ-പൗരോഹിത്യത്തിന്റെ ദീപം വഹിക്കാൻ ദൈവം തെരഞ്ഞെടുത്ത, ബഹുമാനപ്പെട്ട അലക്സ് മൈക്കിൾ, ഹെൻറി സാം, ഡാനിയേൽ തോമസ്, ജെയ്സൺ സൈമൺ എന്നീ സഹോദരങ്ങൾക്ക് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ, അഭിനന്ദനങ്ങൾ!

**ദൈവമഹത്വ പ്രഘോഷണത്തിന്റെ സഹകാർമ്മികർ**

സൃഷ്ടി മുഴുവനും ചേർന്നുള്ള സ്വർഗ്ഗീയ തീർത്ഥാടനത്തിൽ വിശ്വാസത്തിന്റെയും, പ്രാർത്ഥനയുടെയും വഴികളിലൂടെ ലോകത്തെ നയിക്കാനുള്ള സന്നദ്ധ ഭടന്മാരുടെ ഗണത്തിലെ യുവമുഖങ്ങളാണ് ബഥനിയിലെ ഈ നാലു വൈദികർ. തങ്ങളുടെ ശുശ്രൂഷ വഴിയും ജീവിതം വഴിയും പിതാവായ ദൈവത്തിന്റെ മഹത്വം ഓരോ നിമിഷവും പ്രഘോഷിക്കപ്പെടുക എന്നതാണ് ഓരോ വൈദികന്റെയും വിളിയുടെ ആത്യന്തിക ലക്ഷ്യം. കോവിഡ്-19 എന്ന മഹാമാരിയുടെ കാലത്ത് പൗരോഹിത്യ ശുശ്രൂഷ സമാരംഭിക്കുന്ന ഈ യുവവൈദികരുട അജ പാലനരംഗം, ഏറെ വ്യത്യസ്തതകൾ നിറഞ്ഞതും സമാനതകളില്ലാ ത്തതുമാണ്. സർക്കാരും ആരോഗ്യരംഗത്തെ വിദഗ്ദ്ധരും നിർദ്ദേശി ക്കുന്ന ഉപാധികളോടെ മാത്രം നടത്താവുന്ന കൂദാശകളും കൂടിവരവു കളും പ്രാർത്ഥനാകൂട്ടായ്മകളും, സമ്മേളനങ്ങളും ദൈവജനത്തെയും അവരുടെ വിശ്വാസജീവിതത്തെയും സാരമായി ബാധിക്കുന്ന ഈ കാലഘട്ടത്തെ, കരുണയോടെ സമീപിപ്പിക്കാൻ തിരുസഭയുടെ തലവൻ ഫ്രാൻസിസ് പാപ്പ വൈദിക സമൂഹത്തെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. തൊഴിലില്ലായ്മയും, തൊഴിൽ നഷ്ടവും വരവുചെലവുകളുടെ അസന്തുലിതാവസ്ഥയും, സാമൂഹ്യസാംസ്ക്കാരിക സാമ്പത്തിക വിഷയങ്ങളുടെ സങ്കീർണ്ണതകളാൽ തുലാസിലാടുന്ന സാമൂഹ്യ നീതിയും നാളെയെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെടുന്ന യുവാക്കളും, കുഞ്ഞുങ്ങളും ഉൾപ്പെടുന്ന ഒരു വലിയ വിഭാഗത്തിന്റെ മാനസികാ രോഗ്യ നിലയും ചർച്ച ചെയ്യപ്പെടുന്ന കോവിഡ്-കോവിഡാനന്തര കാല ങ്ങളിൽ, വാക്കിലും പ്രവർത്തിയിലും കരുണയോടുകൂടിയുള്ള സഹവർ ത്തിത്വത്തിന്റെ സാധ്യതകളെ കാട്ടിക്കൊടുത്ത്, 'അതിജീവനത്തിന്റെ സുവിശേഷ പ്രഘോഷകരാകാനും' പൊതുസമൂഹത്തെ അതിനായി

www.malankaralibrary.com



സജ്ജമാക്കാനും ഇന്നിന്റെ വൈദികന് കൂടുതൽ ഉത്തരവാദിത്വമുണ്ട്. ഓരോ കാലഘട്ടത്തിന്റെയും ആവശ്യങ്ങളോടു ചേർന്നുനിന്ന്, പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനുമുള്ള ത്രിവിധ ധർമ്മങ്ങളുടെ ദൗത്യപൂർത്തീകരണത്തിനായാണ് തിരുപ്പട്ട കൂദാശവഴി വൈദികർ പുരോഹിതനായ മിശിഹായോട് അനുരൂപപ്പെടുന്നത്. ഇതുവഴി, മനഷ്യകുലത്തെ അതാതു കാലഘട്ടങ്ങളിൽ ദൈവിക ജീവനിൽ വളർത്തുന്ന വലിയ ദൈവിക പദ്ധതിയിൽ ഓരോ വൈദികനും സഹകാർമ്മികരാകുന്നു.

**തന്റെ ജനത്തിനുവേണ്ടിയുള്ള സമ്മാനം**

അനാഥരും അസ്വസ്ഥരുമാകുന്ന തന്റെ ജനത്തോടുള്ള ദൈവ കരുണയുടെ മുഖമാണ് ഓരോ സമർപ്പിതനും. ''ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി.... അവൻ ശിഷ്യരോടു പറഞ്ഞു; "വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ, തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ'' (മത്താ 10:36-37). ഓരോ പുരോഹിതനും ദൈവസ്നേഹത്തിന്റെ അടയാളമാണ്. കരുണാമയനായ ദൈവം ഇപ്പോഴും ലോകത്തിൽ പ്രവർത്തിക്കുന്നുവെന്നതിന്റെ അടയാളമാണ്. എന്നും എപ്പോഴും തന്റെ വീണ്ടെടുക്കൽ പദ്ധതി തുടരുന്നു എന്നതിന്റെ നേർസാക്ഷ്യങ്ങളാണവർ.

തന്റെ ശിഷ്യനാകാനുള്ള ഈ വിളിക്കുത്തരമായ ഓരോ വ്യക്തിയും തന്റെ ജനത്തിനുവേണ്ടി ദൈവം നൽകുന്ന വലിയ സമ്മാന മാകയാൽ, തൊഴിൽ മേഖലയുടെയോ ഉദ്യോഗ സംസ്കാരത്തിന്റെയോ മനോഭാവത്തോടെ സമീപിക്കേണ്ട ഒരു ജീവിതാന്തസല്ല, സന്ന്യാസ - വൈദിക ജീവിതവും അതുവഴിയായി ഓരോരുവനും ഏർപ്പെടുന്ന ശുശ്രൂഷാ മേഖലകളും. "ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കകയല്ല" (ഹെബ്രായർ 5:4). ആത്യന്തികമായി പറഞ്ഞാൽ, ഇന്ന് അഭിഷേകം ചെയ്യപ്പെടുന്ന ബഥനിയിലെ യുവവൈദികരായ ബഹുമാനപ്പെട്ട അലക്സ് മൈക്കിൾ, ഹെൻറി സാം, ഡാനിയേൽ തോമസ്, ജെയ്സൺ സൈമൺ എന്നീ സഹോദരങ്ങൾ സ്വമനസ്സാലെ തെരഞ്ഞെടുത്തിരിക്കുന്ന, സന്ന്യാസ-പൗരോഹിത്യത്തിന്റെ ഈ ജീവിതാന്തസ്സ് ദൈവത്തിന്റെ സ്നേഹ നിർഭരമായ ഒരു ദാനമാണ്.

www.malankaralibrary.com



**മൺപാത്രത്തിലെ നിധി**

ദൈവജനത്തിൽ നിന്ന്, ദൈവജനത്തിനുവേണ്ടി വിളിക്കപ്പെട്ട വരാണ് പുരോഹിതർ. നമ്മുടെ കഴിവുകൾക്കോ കാഴ്ചപ്പാടുകൾക്കോ അപ്പുറത്തുള്ള ദൈവിക പദ്ധതിയാണ് ഓരോ ദൈവവിളിയും. വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു; "സഹോദരരേ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ.... വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവരെ ലജ്ജിപ്പിക്കാൻ ലോക ദൃഷ്ടിയിൽ അശക്തമായവയെയും" (1കോറി 26-27). ശ്രേഷ്ഠമായ ഈ ദൈവവിളി നല്കപ്പെട്ടത് മൺപാത്രത്തിലാണ്. എപ്പോൾ വേണ മെങ്കിലും ഉടഞ്ഞു പോകാവുന്ന മൺപാത്രത്തെക്കുറിച്ചുള്ള ദർശനം, നിരന്തര ജാഗ്രതയോടെ വർത്തിക്കാനുള്ള ഗുരുവിന്റെ ഓർമ്മപ്പെടുത്ത ലാണ്. 'ജീവിതത്തെ അതർഹിക്കുന്ന എല്ലാ ശ്രദ്ധയോടുംകൂടി കണ്ടുകൊണ്ട്, പ്രാവുകളുടെ നിഷ്കളങ്കതയോടും സർപ്പങ്ങളുടെ വിവേകത്തോടും അതിനെ സമീപിക്കാനും ജാഗരൂകതയോടെ വർത്തിക്കാനും ഗുരു പഠിപ്പിക്കുന്നു (Cf. മത്താ. 10:16).

**ഉപസംഹാരം**

മുന്തിരിച്ചെടിയോടു ചേർന്നിരിക്കുന്ന ശാഖയായി ആറ്റുതീരത്തു നട്ട വൃക്ഷംപോലെയാവണം വിളിക്കപ്പെട്ടവന്റെ സാക്ഷ്യജീവിതം. സമർപ്പണ ജീവിതത്തിന്റെയും പൗരോഹിത്യ ശുശ്രൂഷയുടെയും ദൈവികതയും പ്രപഞ്ച വ്യാപ്തിയും, നഗ്ന നേത്രങ്ങൾക്കൊണ്ടോ, യുക്തിവാദങ്ങളുടെ പിൻബലത്താലോ മാത്രം വിശദീകരിക്കാവുന്ന ഒന്നല്ല. കാഴ്ചയും, ഉൾക്കാഴ്ചയും നൽകുന്ന വിളിച്ചവന്റെ ചങ്കിനോട് ചേർന്നു നിൽക്കുന്നവന് ലഭിക്കുന്ന വെളിപാടാണ്, ഈ വിളിയുടെ പ്രപഞ്ച വ്യാപ്തിയും അവനെക്കുറിച്ചുള്ള ആഴമായ അവബോധവും ഏല്പിക്കപ്പെടുകയോ കണ്ടെത്തുകയോ ചെയ്യുന്ന ദൗത്യങ്ങളുടെ അനന്ത സാധ്യതകളും.

www.malankaralibrary.com

# ദൈവരാജ്യത്തിന്റെ കാര്യവിചാരിപ്പുകാർ

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**
റെക്ടർ, ബഥനി ആശ്രമം പൂനാ

സുവിശേഷത്തിലെ പ്രധാന പ്രമേയങ്ങളിലൊന്നാണ് ദൈവരാജ്യം. ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന ആഹ്വാനവുമായിട്ടാണ് സ്നാപക യോഹന്നാനും യേശുവും തങ്ങളുടെ ശുശ്രൂഷകൾ ആരംഭിക്കുന്നത് (മത്താ 3:2; 4:17, മർക്കോ 1:15). ദൈവരാജ്യത്തിന്റെ സാക്ഷികളാകാനായിട്ടാണ് യേശു അപ്പസ്തോലന്മാരെ ഒരുക്കിയതും (അപ്പോ. 1:3) നിയോഗിച്ചതും (അപ്പോ 1:7-8). ഈ ശുശ്രൂഷയാണ് പുരോഹിതരിലൂടെ സഭയിൽ തുടരുന്നത്.

എന്താണ് ദൈവരാജ്യം? മത്തായി ശ്ലീഹാ ദൈവരാജ്യത്തെ സ്വർഗ്ഗരാജ്യം എന്നു വിശേഷിപ്പിക്കുന്നുണ്ട് (മത്താ 3:2). ദൈവഹിതമനുസരിച്ചുള്ള ഒരു ജീവിതക്രമം എന്ന് ഇതിനെ വിശേഷിപ്പിക്കാം. വേദപുസ്തകത്തിലെ സൃഷ്ടിവിവരണത്തിന്റെയും യേശുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെയും പശ്ചാത്തലത്തിലാണ് നാം ഇതിനെ മനസ്സിലാക്കേണ്ടത്. സൃഷ്ടിവിവരണത്തിൽ മനുഷ്യരെ സംബന്ധിച്ചു നല്കുന്ന രണ്ട് വിവരണങ്ങൾ ഇവിടെ പ്രസക്തമാണ്. മനുഷ്യസൃഷ്ടിയെപ്പറ്റി യാഹ്വിസ്റ്റ് പാരമ്പര്യത്തിൽ പറയുന്നത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നാണ് (ഉല്പ.1:26-27). പുരോഹിത പാരമ്പര്യമനുസരിച്ച് ഭൂമിയിലെ പൂഴികൊണ്ട് ദൈവം മനുഷ്യനെ മെനഞ്ഞെടുത്തു (ഉല്പ 2:7). രണ്ടിടത്തും ദൈവത്തിന്റെ സ്നേഹപൂർവ്വമായ കരുതൽ കാണാൻ കഴിയും. രണ്ടാമതായി മനുഷ്യരുടെ ചുമതലകളെ സംബന്ധിച്ചുള്ള വിവരണമാണ്. യാഹ്വിസ്റ്റ് പാരമ്പര്യപ്രകാരം കടലിലെയും ആകാശത്തിലെയും, ഭൂമിയിലെയും സർവ്വജീവജാലങ്ങളുടെയും മേൽ ആധിപത്യം അവർക്ക് നല്കപ്പെട്ടു (ഉല്പ 1:26-28). പുരോഹിത പാരമ്പര്യ പ്രകാരമുള്ള സൃഷ്ടി വിവരണത്തിൽ പറയുന്നത് ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി (ഉല്പ 2:15). ദൈവം തന്റെ സൃഷ്ടിയായ പ്രപഞ്ചത്തെ കാത്തു സൂക്ഷിക്കുന്നതിനുള്ള ചുമതലയാണ് തന്റെ ഛായയിലും സാദൃശ്യത്തിലും മെനഞ്ഞെടുത്ത മനുഷ്യന് നല്കിയത്.

www.malankaralibrary.com



സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഊഷ്മള ബന്ധം സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വമായി ഇതിനെ കാണാൻ കഴിയും. പൗരസ്ത്യ ദൈവശാസ്ത്രജ്ഞർ ഇതിനെ പൗരോഹിത്യ ധർമ്മമായിട്ടാണ് കാണുന്നത്. അലക്സാണ്ടർ ഷ്മെമാൻ ആരാധനയ്ക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (Homo adorans) എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു. ദൈവം നല്കിയ സൃഷ്ടിയെ പരിശുദ്ധമായി കാണുകയും അതിന് ദൈവസന്നിധിയിൽ നന്ദിയർപ്പിക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ പുരോഹിതരാകുന്നു.

യേശുവിന്റെ മനുഷ്യാവതാരം പാപത്തിലൂടെ മനുഷ്യർക്ക് നഷ്ടപ്പെട്ട ദൈവസംസർഗ്ഗത്തിന്റെ പുനഃസൃഷ്ടിയാണ്. മനുഷ്യരെ തങ്ങളുടെ പാപത്തിൽ നിന്നും യേശു വീണ്ടെടുത്തു. മാമ്മോദീസായിലൂടെ ദൈവമക്കളായി മാറുന്ന വിശ്വാസികൾ ദൈവസംസാർഗ്ഗാനുഭവത്തിന്റെ പുതിയ പറുദീസായിലേക്കാണ് പ്രവേശിക്കുന്നത്. യേശു രണ്ടാം ആദമായും (റോമ 5:19; 1 കൊറി, 15:22), മറിയം രണ്ടാം ഹവ്വായായും പുതിയ പറുദീസാനുഭവത്തിന്റെ മാർഗ്ഗദർശികളായി നമ്മെ നയിക്കുന്നു. അക്കാരണത്താലാണ് മാമോദീസാ സ്വീകരിച്ചവരെല്ലാം ദൈവത്തിന്റെ രാജകീയ പൗരോഹിത്യത്തിലെ അംഗങ്ങൾ (1 പത്രോ 2:9) എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. സൃഷ്ടിവിവരണത്തിൽ മനുഷ്യർക്ക് നല്കപ്പെട്ട ചുമതലകളിലേക്കാണ് - സ്രഷ്ടാവിനുവേണ്ടി സൃഷ്ടിയെ കൃതജ്ഞതാപൂർവ്വം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള - ചുമതലകളിലേക്കാണ് മാമ്മോദീസാ സ്വീകരിച്ച ഓരോ വിശ്വാസിയും പുനഃപ്രവേശിപ്പിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ എല്ലാ ക്രിസ്ത്യാനികളും പുരോഹിതരുമാണ്. എല്ലാവരും പുരോഹിതരായിരി ക്കുമ്പോൾ തന്നെ പൗരോഹിത്യ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കാനായി ചിലരെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ദൈവം തെരഞ്ഞെടുക്കുന്നു. സഭയിലെ പൗരോഹിത്യ ശുശ്രൂഷയെ ഈ അർത്ഥത്തിലാണ് നാം മനസ്സിലാക്കുന്നത്.

മലങ്കര ആരാധനക്രമമനനുസരിച്ചുള്ള പട്ടാഭിഷേക ശുശ്രൂഷയിൽ പുരോഹിതരെ ദൈവരാജ്യത്തിന്റെ കാര്യവിചാരകരെന്നാണ് പ്രധാനമായും വിശേഷിപ്പിക്കുന്നത്. കാര്യവിചാരകനെന്ന പദംകൊണ്ട് യജമാനന്റെ വസ്തുവകകൾ, യജമാനന്റെ താല്പര്യപ്രകാരം സംരക്ഷിച്ചു നടത്തുക എന്നാണ് അർത്ഥമാക്കുക. സൃഷ്ടി വിവരണത്തിലെ മനുഷ്യന്റെ പുരോഹിത ധർമ്മത്തോട് ഇതിന് ഏറെ സാമ്യമുണ്ട്. കാര്യവിചാരകരായി നിയമിക്കപ്പെടുന്ന പുരോഹിതരെ

www.malankaralibrary.com



സംബന്ധിച്ച ദൈവശാസ്ത്രം പട്ടാഭിഷേക ക്രമത്തിലെ വേദവായന കളിലും, പ്രാർത്ഥനകളിലും ഭംഗിയായും സംക്ഷേപിച്ചിട്ടുണ്ട്. സുറി യാനി പാരമ്പര്യമനുസരിച്ച് ഓരോ ശുശ്രൂഷയുടെയും അവസരത്തിൽ വിവിധ വേദഭാഗങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ ചേർത്തു വായിക്കുന്ന രീതി സാധാരണയായി കാണാൻ കഴിയും. ഇതനുസരിച്ച് പട്ടാഭി ഷേക ശുശ്രൂഷയിലെ ലേഖനവായനയിൽ നാലും, സുവിശേഷ വായ നയിൽ മൂന്നും വേദഭാഗങ്ങളാണുള്ളത്. ഈ വേദവായനകൾ സുറിയാനി സഭ യുടെ പൗരോഹിത്യ സങ്കല്പത്തെ മനോഹരമായി അവതരിപ്പിക്കുന്നു.

**1. പൗരോഹിത്യത്തിലെ വിവിധ ശുശ്രൂഷകൾ (1 കൊറി 12:28)**

**ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലന്മാരെയും, പിന്നീട് പ്രവാചകരെയും, അതിനുശേഷം പ്രബോധകരെയും തുടർന്ന് അത്ഭുത പ്രവർത്തകർ, രോഗശാന്തി നല്കുന്നവർ, സഹായികൾ, അധിപന്മാർ എന്നിവരെയും നിയമിച്ചിരിക്കുന്നു.** സഭയിലെ വ്യത്യസ്ത ശുശ്രൂഷകളെപ്പറ്റി കൊറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ അപ്പസ്തോലന്മാരുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്ന ഈ പരാമർശത്തിലൂടെ അപ്പസ്തോലന്മാരിലൂടെ ആരംഭിച്ച പൗരോഹിത്യ ശുശ്രൂഷയുടെ ശ്രേഷ്ഠതയെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ തെരഞ്ഞെടുപ്പും നിയമനവും സംബന്ധിച്ച സൂചനകളും നമുക്ക് ഇവിടെ കാണാൻ കഴിയും. പട്ടാഭിഷേക ശുശ്രൂഷയുടെ ആരംഭത്തിൽ പട്ടം സ്വീകരിക്കുന്നവർക്കു നല്കുന്ന ഉപദേശം (ഓമോലോഗിയാ) ആരംഭിക്കുന്നത് ഈ സൂചനയോടെയാണ്. "നിസ്തു ലനായ ദൈവത്തിന്റെ ശുശ്രൂഷയ്ക്കടുത്ത് വരുവാൻ നീ ആഗ്രഹി ക്കുന്നു. സകല വരങ്ങളുടെയും ശ്രേഷ്ഠദാനങ്ങളുടെയും ദാതാവായ ദൈവത്തിന്റെ കൃപയാലും, നിസ്സാരനും അയോഗ്യനുമായ എന്റെ മധ്യ സ്ഥതയാലും വിശുദ്ധ സ്ഥലത്തേക്കും, ലോകാതീതമായ അറിവി ലേക്കും പ്രവേശിപ്പിക്കപ്പെട്ട അതിവിശുദ്ധങ്ങളായ പരമ രഹസ്യങ്ങളെ ക്കുറിച്ച് ജ്ഞാനിയാകുവാൻ നീ ഇച്ഛിക്കുന്നു. നിന്നെക്കുറിച്ചുള്ള ശ്ലൈഹിക അന്വേഷണം നാം നിർവ്വഹിക്കുകയും നിനക്ക് വഴിയൊരു ക്കുകയും ചെയ്തു."

ദൈവം വിളിച്ചു വേർതിരിച്ച പുരോഹിതാർത്ഥിയുടെ യോഗ്യത കൾ പരിശോധിച്ച മേല്പട്ടക്കാരന്റെ സാക്ഷ്യമാണ് ഈ വാക്കുകളിലൂടെ പ്രകടമാകുന്നത്. ദൈവവിളിയുടെ പിന്നിലെ ദൈവത്തിന്റെ തെര ഞ്ഞെടുപ്പിന് സഭ വലിയ പ്രാധാന്യമാണ് നല്കുന്നത്.

www.malankaralibrary.com



**2. പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത (1 തിമോ 3:1)**

**പുരോഹിതസ്ഥാനം ആഗ്രഹിക്കുന്നവൻ ഉൽകൃഷ്ടമായ ജോലിയാണ് ആഗ്രഹിക്കുന്നത് എന്നത് സത്യമാണ്.** മെത്രാൻ സ്ഥനത്തെ ക്കുറിച്ചുള്ള പരാമർശത്തെ 'പുരോഹിതസ്ഥാനം' എന്ന ഒരു പൊതു നാമത്തിലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ ഇതിന്റെ ഉത്കൃഷ്ടത വ്യക്തമാക്കുന്നുണ്ട്. ഇത് കേവലം ബഹുമാനത്തിന്റെയോ, ആദരവിന്റെയോ ഒരു ശുശ്രൂഷയല്ല; മറിച്ച്, ദൈവത്തിന്റെ നിയോഗപ്രകാരം സംശുദ്ധിയോടെ നിർവ്വഹിക്കേണ്ട ഒരു ചുമതലയാണെന്ന് വി.പൗലോസ് വിശദീകരിക്കുന്നു. ധാർമ്മിക മൂല്യങ്ങളനുസരിച്ച് മാതൃകാപരമായ നേതൃത്വം നല്കേണ്ടതിനെക്കുറിച്ച് ഇത് നമ്മെ പഠിപ്പിക്കുന്നു. പൗരോഹിത്യമെന്ന ഉത്കൃഷ്ടദാനം സഭയ്ക്ക് നല്കുന്നതിനെക്കുറിച്ച് പട്ടാഭിഷേകശുശ്രൂഷയിലെ സെദ്റാ പ്രാർത്ഥനയുടെ ആരംഭത്തിൽ നാം പ്രാർത്ഥിക്കുന്നു. "സ്വതസിദ്ധമായ നിന്റെ കാരുണ്യാതിരേകംമൂലം ആദ്ധ്യാത്മികവും സ്വർഗ്ഗീയവുമായ പൗരോഹിത്യപദവികൾ ഭൗമികരെ നീ ഭരമേല്പിച്ചു. അങ്ങനെ ദീർഘദർശിമാരുടെ തലവനായ മോശ മുഖാന്തരം നീ മുൻകൂട്ടി സൂചിപ്പിച്ച സാദൃശ്യങ്ങൾ ഇപ്പോൾ യാഥാർത്ഥ്യമായി നിന്റെ പ്രിയ പുത്രനിൽകൂടി ശ്ലീഹന്മാരുടെ തലവനായ ശെമയോനും അവൻവഴി വിശുദ്ധ സഭയ്ക്ക് മുഴുവനും ലോകാവസാനത്തോളം ഭരമേല്പിച്ചു കൊടുത്തു." പഴയനിയമത്തിൽ ഇസ്രായേലിനെ നയിച്ച മോശയ്ക്കും പുതിയ നിയമത്തിൽ അപ്പസ്തോല പ്രമുഖനായ പത്രോസിനും നല്കിയ ഉത്തരവാദിത്വത്തിലേക്കാണ് പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് ഈ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു.

**3. പുരോഹിതരുടെ ഗുണവിശേഷങ്ങൾ (തീത്തോ 1:7–9)**

**പുരോഹിതൻ ദൈവത്തിന്റെ കാര്യസ്ഥൻ എന്ന നിലയ്ക്ക് കുറ്റമറ്റവനായിരിക്കണം. അഹങ്കാരിയോ, ക്ഷിപ്രകോപിയോ, മദ്യപനോ, ആക്രമാസക്തനോ, അമിത ലാഭമോഹിയോ ആയിരിക്കരുത്. മറിച്ച് അതിഥികളെ സ്നേഹിക്കുന്നവനും നന്മയോട് പ്രതിപത്തിയുള്ളവനും, വിവേകിയും, നീതിനിഷ്ഠനും, പുണ്യശീലനും, ആത്മനിയന്ത്രണം പാലിക്കുന്നവനുമായിരിക്കണം. സത്യോപദേശം കൊണ്ട് ഗുണദോഷിക്കുവാനും തർക്കിക്കുന്നവരെ ശാസിക്കുവാനും കഴിയേണ്ടതിന് അവൻ സത്യവചനത്തിന്റെ പഠനത്തിൽ**

www.malankaralibrary.com



**ശ്രദ്ധാലുവായിരിക്കണം.** ഇവിടെ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ഒന്നാമതായി ഒഴിഞ്ഞിരിക്കേണ്ട തിന്മകളെക്കുറിച്ച് സൂചിപ്പിക്കുന്നു. വി.പൗലോസ് ശ്ലീഹായുടെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് അർത്ഥിക്ക് നല്കുന്ന ഉപദേശത്തിൽ (ഓമോലോഗിയാ) ഇത് വ്യക്തമാക്കുന്നു: "മഹാനായ പൗലോസ് ശ്ലീഹാ നിർദ്ദേശിക്കുന്നതുപോലെ സ്വർഗ്ഗരാജ്യത്തിൽ നിന്ന് നിന്നെ തള്ളിക്കളയുന്ന അത്യാഗ്രഹത്തിൽ നിന്നും ദുർമ്മാർഗ്ഗത്തിൽ നിന്നും മദ്യപാനാസക്തിയിൽ നിന്നും നിന്നെത്തന്നെ സൂക്ഷ്മതയോടെ കാത്തുകൊള്ളണം. നീ കലഹപ്രിയനോ, ക്ഷിപ്രകോപിയോ, നിന്ദിക്കുന്നവനോ ആയിരിക്കരുത്; ആരെയും അടിക്കുവാൻ നിന്റെ കൈ വേഗതയുള്ളതാകയും അരുത്. ആന്തരികമായ ശാപം, പ്രാക്ക്, പ്രതികാര ബുദ്ധി, പലിശയും കറാറുകളും മൂലമുള്ള അമിതലാഭം, മർദ്ദനം, വിശുദ്ധ വസ്തുക്കളുടെ അപഹരണം മുതലായി പട്ടക്കാർക്ക് യോജിക്കാത്ത ഒന്നിനോടും നീ സമീപിക്കരുത്. എന്തെന്നാൽ തിന്മ പ്രവർത്തിക്കുന്നവരെല്ലാം ദൈവമുമ്പാകെ വെറുക്കപ്പെട്ടവരാകുന്നു."

രണ്ടാമതായി പുരോഹിതരിലുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു. ഓമോലോഗിയായിൽ ഇതേക്കുറിച്ച് പറയുന്നു: "ദിവ്യവും വിശദ്ധവുമായ കൂദാശകൾ പരികർമ്മം ചെയ്യുന്നവർക്കുചിതമായ വിശുദ്ധിയും നിരാക്ഷേപമായ പൗരോഹിത്യ ജീവിതമുറയും നീ സമ്പാദിക്കണം." വീണ്ടും ഓർമ്മിപ്പിക്കുന്നു: "ദിവ്യ രഹസ്യങ്ങളുടെ പരികർമ്മിയും, കലവറക്കാരനും എന്നുള്ള നിലയിൽ നിന്റെ എല്ലാ നടപടികളിലും ജാഗരൂകനും സൂക്ഷ്മതയുള്ളവനുമായിരിക്കണം. നിനക്കു വേണ്ടിയും ആരുടെ മുമ്പിൽ നീ ശുശ്രൂഷ അനുഷ്ഠിക്കുന്നുവോ ആ ജനത്തിനു വേണ്ടിയും ദൈവത്തോടുള്ള പ്രാർത്ഥനകളിലും അപേക്ഷകളിലും നീ ശ്രദ്ധയുള്ളവനായിരിക്കണം. അജയ്യമായ ആയുധംകൊണ്ടെന്നപോലെ ശക്തമായ നോമ്പാചരണത്തിൽ നീ ബലം നേടണം. വിശിഷ്ടകിരീടം കൊണ്ടെന്നപോലെ ആതിഥ്യപ്രിയത്താൽ നീ അലംകൃതനാകണം.'' പുരോഹിതാർത്ഥിക്കുവേണ്ടി നടത്തുന്ന സെദ്റാ പ്രാർത്ഥനയിലും ഇത് കാണാൻ കഴിയും.

മൂന്നാമതായി വിശ്വാസം ഗുണദോഷിക്കാനും തെറ്റിയവരെ ശാസിക്കാനും കഴിയത്തക്കവിധം സത്യവചനത്തിന്റെ പഠനത്തിൽ പുരോഹിതർ ശ്രദ്ധാലുവായിരിക്കണമെന്നും വി.പൗലോസ് പഠിപ്പിക്കുന്നു. വചനം വായിക്കുന്നതിനും പഠിക്കുന്നതിനും വചനത്തിന്റെ

www.malankaralibrary.com



പ്രബോധകരുമാകാനുള്ള വൈദികധർമ്മത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

**4. കൃപാജീവിതം (1 തിമോ 4:14-16)**

**പ്രവചനത്താലും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്ക് നല്കപ്പെട്ട കൃപാവരം അവഗണിക്കരുത്. ഈ കർത്തവ്യങ്ങളെല്ലാം നീ അനുഷ്ഠിക്കുക; അവയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുക. അങ്ങനെ എല്ലാവരും നിന്റെ പുരോഗതി കാണാൻ ഇടയാകട്ടെ. നിന്നെക്കുറച്ചും നിന്റെ പ്രബോധനത്തെക്കുറിച്ചും ശ്രദ്ധിക്കുക; അവയിൽ ഉറച്ച് നില്ക്കുക. അതുവഴി നീ നിന്നെത്തന്നെയും ശ്രോതാക്കളെയും രക്ഷിക്കും.** ഇവിടെ രണ്ടു കാര്യങ്ങളാണ് പ്രധാനമായും പരാമർശിക്കുന്നത്. ഒന്നാമത്തേത് കൈവയ്പുവഴി ലഭിക്കുന്ന കൃപാവരം. മാമ്മോദീസാ, സൈഥര്യലേപനം, പട്ടത്വകൂദാശകൾ എന്നിവ സ്വീകരിക്കുന്നതു വഴി മായാത്ത മുദ്ര നമ്മിലുണ്ടാകുന്നു എന്ന് സഭ പഠിപ്പിക്കുന്നു. മാമ്മോദീസായും, സൈഥര്യലേപനവും എല്ലാ ക്രിസ്ത്യാനികൾക്കും നല്കപ്പെടുന്നു. അതുവഴി യേശുവിന്റെ സാക്ഷിയായി ജീവിക്കുവാൻ സഹായിക്കുന്ന രാജകീയ പൗരോഹിത്യത്തിലേക്ക് നാം ഉയർത്തപ്പെടുന്നു. രാജകീയപൗരോഹിത്യം സ്വീകരിച്ചവരുടെയിടയിൽ നിന്നും ആചാര്യശുശ്രൂഷയിലേക്ക് സ്വീകരിക്കപ്പെടുന്നവർക്ക് ദൈവീക കൃപളെ പരികർമ്മം ചെയ്യുന്നതിനുള്ള പ്രത്യേക കടമകളും ഉത്തരവാദിത്വങ്ങളുമാണ് പട്ടാഭിഷേക ശുശ്രൂഷയിലൂടെ നല്കുന്നത്. സ്വീകർത്താവ് പൗരോഹിത്യത്തിന്റെ മായാത്ത മുദ്രയോടൊപ്പം പ്രത്യേകമായ കൃപകളും സ്വീകരിക്കുന്നു. തങ്ങൾക്ക് ലഭിച്ചിട്ടുള്ള കൃപകളെ വിസ്മരിക്കാതെ കർത്തവ്യങ്ങളിലെ നിഷ്ഠത പാലിക്കുവാനാണ് വി.പൗലോസ് പ്രത്യേകമായി ഉപദേശിക്കുന്നത്. ഇതേക്കുറിച്ചുള്ള പ്രതിപാദനങ്ങൾ പട്ടാഭിഷേകശുശ്രൂഷയിൽ ആവർത്തിച്ച് വരുന്നുണ്ട്. പട്ടാഭിഷേക ശുശ്രൂഷയുടെ ആരംഭത്തിൽ 51-ാം സങ്കീർത്തനത്തിന്റെ ഓരോ വാക്യങ്ങളും ചൊല്ലിയശേഷം നടത്തുന്ന പ്രതിഗീതത്തിൽ (ഹൂസോയോവീലി) ഇത് വളരെ പ്രകടമാണ്. അനുതാപ സങ്കീർത്തനത്തിലൂടെ കൃപാസ്വീകരണത്തിന് മനസ്സിനെയും ഹൃദയത്തെയും ഒരുക്കുകയാണ് ചെയ്യുന്നത്. പ്രതിഗീതത്തിൽ പുരോഹിത ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന വ്യക്തിയെ വ്യത്യസ്തങ്ങളായ കൃപാദാനങ്ങളാൽ നിറയ്ക്കണമെയെന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു. തുടർന്നു

www.malankaralibrary.com



വരുന്ന പ്രാർത്ഥനയിലും (പ്രുമിയോൻ സെദ്റായ്ക്കുമുമ്പ്) ഇത് പ്രതിഫലിച്ചിരിക്കുന്നു: "ദൈവമായ കർത്താവേ, നിന്നെ സമീപിച്ച് ദാനത്തിനായി നോക്കിപാർക്കുന്ന ഇവന് നിന്റെ ദിവ്യകൃപ പ്രദാനം ചെയ്യണമെ. ആചാര്യസ്ഥാനത്തിനുള്ള മഹിമാവസ്ത്രം ഇവനെ അണിയിക്കണമെ. പരിശുദ്ധാത്മാ നിവാസത്താൽ ഇവനെ നിറയ്ക്കണമെ. നിന്റെ ദിവ്യശക്തിയാൽ ഇവനെ സമ്പന്നനാക്കണമെ."

സുവിശേഷ വായനയെ തുടർന്ന് വിശ്വാസപ്രമാണം ചൊല്ലിയ ശേഷം 150-ാം സങ്കീർത്തനത്തിന്റെ പ്രതിഗീതത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവനിയോഗം സിദ്ധിച്ചവരെ അനുസ്മരിച്ചുകൊണ്ട് പട്ടത്വം സ്വീകരിക്കുവാനായി ആഗതനായിരിക്കുന്നവരെ പാപനരാക്കണമെയെന്ന് പ്രത്യേകമായി പ്രാർത്ഥിക്കുന്നു. ഇതിനെ തുടർന്നുള്ള ശുശ്രൂഷകൾ എല്ലാം പട്ടാഭിഷേക ശുശ്രൂഷയിലെ കൃപാദാന ശുശ്രൂഷയാണ്. ഈ അവസരത്തിലെ രഹസ്യവും പരസ്യവുമായ പ്രാർത്ഥനകളിലും, അംശവടി കയ്യിൽ പിടിച്ചുകൊണ്ട് അർക്കദിയാക്കോൻ ഗാനമാലപിക്കുമ്പോഴും, മേല്പട്ടക്കാരൻ പുരോഹിതനെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിക്കുമ്പോഴും, വി.കുർബാനയിൽ നിന്നും ശക്തി ആവഹിച്ചശേഷം പുരോഹിതനെ അഭിഷേചിച്ചുകൊണ്ട് നടത്തുന്ന പ്രാർത്ഥനകളിലും, ജനം താളാത്മകമായി 'കുറിയേലായിസ്സോൻ'-കർത്താവേ കൃപയായിരിക്കണമെ' എന്ന് ചൊല്ലുമ്പോഴും നവവൈദികനെ ദൈവീകകൃപയാൽ നിറയ്ക്കണമെ എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

രണ്ടാമതായി, പുരോഹിതരോട് തന്റെ പ്രബോധനത്തിൽ ശ്രദ്ധിക്കുവാനും ഉറച്ചു നില്ക്കുവാനും നല്കുന്ന വി.പൗലോസിന്റെ ഉപദേശമാണ്. സഭയുടെ ആരംഭഘട്ടങ്ങളിൽ ധാരാളം അബദ്ധോപദേശങ്ങൾ കടന്നുവരികയുണ്ടായി. ഈ പശ്ചാത്തലത്തിൽ സഭയുടെ പ്രാർത്ഥനകൾ ചിട്ടപ്പെടുത്തിയതിനാൽ സത്യവിശ്വാസത്തിന്റെ പ്രബോധകരാകാനുള്ള ശക്തി പുരോഹിതർക്കും മേൽപട്ടക്കാർക്കും ലഭിക്കാനായി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു. വിശ്വാസംബന്ധമായ ഉപദേശത്തിൽ (ഓമോലോഗിയോ) ഇത് തെളിഞ്ഞ് കാണാൻ കഴിയും. ഇതിന്റെ ആരംഭത്തിൽ തന്നെ പറയുന്നു: "എല്ലാ ശാസ്ത്രത്തിനും പരിജ്ഞാനത്തിനും പ്രാരംഭമായി നിർമ്മലമായ സത്യവിശ്വാസം പാലിക്കുക എന്നത് വാത്സല്യഭാജനമെ, നിന്റെ കടമയാകുന്നു. ഈ

www.malankaralibrary.com



വിശ്വാസം വന്ദ്യവും വിശുദ്ധവുമായ സുവിശേഷ തത്വങ്ങൾ വഴി ഭാഗ്യവാന്മാരായ വി.ശ്ലീഹന്മാർ മുഖാന്തരം നമ്മുടെ കർത്താവ് വിശുദ്ധ സഭയെ ഭരമേല്പിച്ചതും സത്യവിശ്വാസികളായ ഗുരുക്കന്മാരും പിതാക്കന്മാരും അനുസരിക്കുകയും പാരമ്പര്യമായി പഠിപ്പിക്കുകയും ചെയ്തതുമാകുന്നു." വിശ്വാസ ഉപദേശത്തിന്റെ ഭാഗമായി ത്രിത്വ വിശ്വാസത്തെ സംശയരഹിതമായി നീ ഏറ്റുപറയുകയും വിശ്വാസിക്കുകയും വേണമെന്ന് ഉപദേശിക്കുന്നു. തുടർന്ന് സഭ പുരോഹിതാർത്ഥിയെ അപ്പസ്തോലന്മാരോട് പ്രത്യേകിച്ച് അപ്പസ്തോലന്മാരുടെ തലവനായ വി.പത്രോസിനോടും അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരായി സഭാ ശുശ്രൂഷ നിർവ്വഹിക്കുന്നവരോടും ചേർന്ന് സത്യവിശ്വാസത്തിന്റെ പ്രബോധകരാകാൻ മേല്പട്ടക്കാരാകാൻ ഉപദേശിക്കുന്നു. ഓമോലോഗിയായെ തുടർന്നുള്ള ചോദ്യോത്തരത്തിനുശേഷം മേല്പട്ടക്കാരൻ പറയുന്നു: "പ്രധാനാചാര്യത്വപരമായും ശ്ലൈഹികമായും നിന്റെ അടുക്കൽ നാം നിർവ്വഹിച്ച ഈ സാക്ഷ്യപ്പെടുത്തലിനുശേഷം നിന്നിൽ നിന്നുണ്ടാ കുന്ന തെറ്റുകളിൽ നിന്ന് ഞാൻ വിമുക്തനാകുന്നുവെന്ന് അറിഞ്ഞു കൊള്ളുക." തുടർന്ന് ഉപദേശങ്ങൾ സമാഹരിച്ചുകൊണ്ട് മേല്പട്ടക്കാരൻ പറയുന്നു: "ഞാൻ നിന്നോട് പ്രസംഗിച്ച സത്യ വിശ്വാസത്തെ വെടിപ്പോടും നിർമ്മലജീവിതത്തിന്റെ സൂക്ഷ്മതയോടും കൂടി കാത്തു സൂക്ഷിക്കണം."

### 5. യേശുവിന്റെ നിയോഗം (യോഹ 20:19–23)

**ആഴ്ചയുടെ ഒന്നാം ദിവസമായ അന്ന് വൈകിട്ട് ശിഷ്യന്മാർ യഹൂദന്മാരെക്കുറിച്ചുള്ള ഭയം നിമിത്തം കതകടച്ചിരിക്കെ, യേശുവന്ന് അവുടെ മദ്ധ്യേ നിന്നുകൊണ്ട് നിങ്ങൾക്ക് സമാധാനം എന്നരുൾ ചെയ്തു. ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്ക് സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇത് പറഞ്ഞിട്ട് അവുടെ മേൽ നിശ്വസിച്ചു.** ഈ വേദ ഭാഗം വായിച്ചശേഷം മേല്പട്ടക്കാരൻ പുരോഹിതാർത്ഥിയുടെ ശിരസ്സിൽ കുരിശുരൂപത്തിൽ മൂന്ന് പ്രാശ്യം ഊതുന്നു. തുടർന്ന് വായിക്കുന്നു: **അപ്പോൾ അവൻ അവരോടരുൾ ചെയ്തു: നിങ്ങൾ പരിശുദ്ധാ ത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവർക്ക് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ**

www.malankaralibrary.com



**ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.** സുവിശേഷ വായന ആരംഭിക്കുന്നത് തനിക്ക് ലഭിച്ച നിയോഗം അപ്പസ്തോലന്മാർക്ക് കൈമാറുന്നുവെന്ന് അറിയിച്ചുകൊണ്ടണ്. തുടർന്ന് അപ്പസ്തോലന്മാർക്ക് ഉയർപ്പിനെ തുടർന്ന് പെന്തിക്കോസ്തിക്കു മുമ്പായി സെഹിയോൻ മാളികയിൽവച്ച് പരിശുദ്ധാത്മാവിനെ നല്കിയ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് മേല്പട്ടക്കരൻ പുരോഹിതാർത്ഥിയുടെ ശിരസ്സിൽ മൂന്ന് പ്രാവശ്യം ഊതുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ ആഹ്വാനം ചെയ്യുന്ന യേശു അവർക്ക് പാപമോചനാധികാരം നല്കുന്ന ഭാഗം തുടർന്നു വായിക്കുന്നു. വേദ പുസ്തകം പുരോഹിതാർത്ഥിയുടെ ചുമലിൽ പിടിച്ചുകൊണ്ടാണ് സുവിശേഷ വായന നടത്തുന്നത് എന്നതും പ്രത്യേകം സ്മരണീയമാണ്. ഈ വേദ ഭാഗം സെദ്റാ പ്രാർത്ഥനയിൽ പ്രത്യേകമായും അനുസ്മരിക്കുകയും ചെയ്യുന്നു. "ഇവനെ സദാചാര നിർഭയനായ ആചാര്യനും നിന്റെ ആദ്ധ്യാത്മിക അജഗണത്തെ സകല പുണ്യങ്ങളും അഭ്യസിപ്പിക്കുന്ന വിദഗ്ദ്ധോപദേഷ്ടാവും, നിങ്കലേക്ക് തിരിയുന്നവർക്ക് അനുതാപത്തിന്റെ വാതിൽ തുറന്നുകൊടുക്കവാൻ തക്കവണ്ണം സ്വർഗ്ഗരാജ്യ ത്തിന്റെ താക്കോലുകൾ ഏറ്റുവാങ്ങിയിരിക്കുന്ന ജാഗരൂകനും ഉത്സാഹിയുമായ പുരോഹിതനും ആക്കണമെ. ഇവൻ നിന്റെ ഇഷ്ട പ്രകാരം നിക്ഷേപങ്ങളുടെ നാഥനായ ആചാര്യത്വത്തിന്റെ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിച്ചും സഫലമാക്കിയുംകൊണ്ട് തെറ്റുകാരെ ബന്ധിക്കു കയും മാനസാന്തരപ്പെടുന്നവരെ നിന്റെ ആജ്ഞപ്രകാരം മോചിച്ച് സത്യാനുതാപത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന ആചാര്യനായി തീരണമെ." സെദ്റാ പ്രാർത്ഥനയുടെയും എത്രോയുടെയും ഇടയിൽ വരുന്ന "യൗനാൻ തന്നുടെ സുതനാം ശെമഓൻ ഭൂസ്വർഗ്ഗങ്ങളുടെ താക്കോൽകൾ..." എന്ന ഗീതവും ഈ വേദഭാഗത്തെ അടിസ്ഥാനപ്പെടുത്തിുള്ളതാണ്.

### 6. പൗരോഹിത്യ വഴിയിലെ വെല്ലുവിളികൾ (യോഹ 16:20)

**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.** ദൈവശുശ്രൂഷയ്ക്കിറങ്ങുന്നവർക്ക് ഉണ്ടാകുന്ന വേദനകളും, ദുഃഖങ്ങളും ദൈവാശ്രയബോധത്തോടെ അതിജീവിക്കുമ്പോൾ ലഭിക്കുന്ന സന്തോഷവും വേദപുസ്തകത്തിന്റെ കാതലായ

www.malankaralibrary.com



അംശമാണ്. പൗരോഹിത്യ ശുശ്രൂഷയിലേക്കിറങ്ങുന്ന ഓരോരുത്തരെയും ശക്തിപ്പെടുത്താൻ ഈ ചിന്തകൾ ഏറെ സഹായിക്കുന്നു. സ്വർഗ്ഗത്തിൽ നിക്ഷേപം കാത്തുസൂക്ഷിക്കുവാൻ ആഹ്വാനം ചെയ്ത യേശു വചനമാണ് (മത്താ 6:19-21) പുരോഹിതരുടെ വഴികാട്ടി. ദൈവസന്നിധിയിൽ ലഭിക്കുന്ന നിത്യസൗഭാഗ്യമായിരിക്കണം നമ്മുടെ ലക്ഷ്യമെന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. മേല്പട്ടക്കാരന്റെ ഉപദേശം (ഓമോലോഗിയാ) ഉപസംഹരിക്കുന്നത് ഈ വാഗ്ദനത്തോടെയാണ്. "നിനക്ക് ജീവിത വിശുദ്ധിയും നിഷ്ക്കപട വിശ്വാസത്തിന്മേലുള്ള ജാഗരൂകതയും ഉണ്ടായിരിക്കുന്ന പക്ഷം പ്രതി സമ്മാനത്തിനും തന്റെ സ്നേഹിതന്മരുടെ മഹത്വത്തിനുമായി മിശിഹാ തമ്പുരാൻ വെളിപ്പെടുമ്പോൾ നിസ്തുലമായ അങ്ങയുടെ മഹിമാസനത്തിൻ മുമ്പാകെ നിനക്ക് ലജ്ജാരഹിതമായ മുഖപ്രസന്നതയുണ്ടാകും. അങ്ങനെ ഞാനും നിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ശിക്ഷാവിധിയിൽ നിന്ന് വിമുക്തനായിരിക്കുകയും കർത്താവിന്റെ കൃപയും സൗഭാഗ്യകരമായ രാജ്യത്തിലെ സന്തോഷത്തിനും പൊതുവിൽ യോഗ്യരാകുകയും ചെയ്യും."

പട്ടം വെട്ടുന്നതിനു മുമ്പുള്ള പ്രാർത്ഥനയിൽ മേല്പട്ടക്കാരൻ പ്രാർത്ഥിക്കുന്നു: "ഞാൻ നിന്നോട് പ്രസംഗിച്ച സത്യവിശ്വാസത്തെ വെടിപ്പോടും നിർമ്മല ജീവിതത്തിന്റെ സൂക്ഷ്മതയോടുംകൂടെ കാത്തു സൂക്ഷിക്കണം. അങ്ങനെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ തന്റെ മുമ്പാകെ നിനക്കും നിന്നെക്കുറിച്ച് എനിക്കും മനോധൈര്യമുണ്ടാകും." ഭൗതീകമായ ലക്ഷ്യങ്ങളെക്കാൾ നിത്യസൗഭാഗ്യം മാത്രം ലക്ഷ്യമാക്കി വേണം പുരോഹിത വൃത്തി നിർവ്വഹിക്കേണ്ടതെന്ന് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

**7. പ്രത്യാശ (യോഹ 16:33)**

**നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇത് നിങ്ങളോടു പറഞ്ഞത്, ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.** പീഡാനുഭവത്തെയും മരണത്തെയും ജയിച്ച യേശുവാണ് ഒരു പുരോഹിതന്റെ മാതൃക. "ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം

www.malankaralibrary.com



കുറഞ്ഞതുമാണ്'' (മത്താ 11:29-30) എന്നരുളിച്ചെയ്ത യേശു അപ്പസ്തോലന്മാർക്ക് മാതൃകയായി കൂടെയുണ്ടായിരുന്നു. പൗരോഹിത്യ വഴിയിൽ മാതൃകയായി യേശു കൂടെയുണ്ടെന്ന അവബോധം ഓരോ പുരോഹിതനും നിരന്തരം കാത്തു സൂക്ഷിക്കണം.

**പിൻമൊഴി**

ദൈവത്തിന്റെ കാര്യവിചാരിപ്പുകാരനായി നിയമിതനായിരിക്കുന്ന പുരോഹിതരെ ദൈവം തെരഞ്ഞെടുക്കുകയും അവിടുത്തെ കൃപകൾ കൊണ്ട് സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യുന്നു. പൗരോഹിത്യ ശുശ്രൂഷയിൽ ദൈവത്തിന്റെ പ്രതിനിധിയായി ദൈവത്തിനു വേണ്ടിയാണ് ശുശ്രൂഷകൾ നിർവ്വഹിക്കുന്നത് എന്ന അവബോധം പുരോഹിതർക്കുണ്ടാകണം. പട്ടാഭിഷേക ശുശ്രൂഷയുടെ അവസാന ഭാഗങ്ങളിൽ ശ്രേഷ്ഠപുരോഹിതൻ പ്രാർത്ഥിക്കുന്നതു പോലെ ദൈവ സന്നിധിയിൽ നിന്നും കാര്യവിചാരകനുള്ള പ്രതിഫലം സ്വീകരിക്കുവാനാണ് നാം ഒരുങ്ങുന്നത്. “ദൈവമേ, മഹോന്നത ദൈവവും ഞങ്ങളുടെ കർത്താവ് രക്ഷിതാവുമായ യേശുമിശിഹായുടെ സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ടാമത്തെ എഴുന്നള്ളത്തിൽ അവിടുത്തെ എതിരേറ്റു കൊണ്ട് ഇവനും നിന്റെ ഏകജാതന്റെ കാരുണ്യാതിരേകത്താൽ കശ്ശീശാന്മാരുടെ കൂട്ടത്തിൽ ഉത്തമ കാര്യവിചാരത്തിനുള്ള പ്രതിഫലം പ്രാപിക്കുമാറാകണമെ”. ഇത് വീണ്ടും ആവർത്തിക്കുന്നു. “കർത്താവേ ആദിമുതൽ നിന്നെ പ്രസാദിപ്പിച്ച് നിന്റെ ഇഷ്ടം നിർവ്വഹിച്ച എല്ലാവരോടുംകൂടെ ഇവനും മഹോന്നത ദൈവവും രക്ഷകനുമായ ഞങ്ങളുടെ കർത്താവേശുമ്ശിഹായുടെ സ്വർഗ്ഗത്തിൽ നിന്നുമുള്ള രണ്ടാമത്തെ എഴുന്നള്ളത്തിൽ വിശ്വസ്തരും വിവേകികളുമായ കാര്യവിചാരകന്മാരോടുകൂടെ പ്രതിഫലം പ്രാപിക്കുമാറാകണമെ.” വാങ്ങിപ്പോയ പുരോഹിതരെ അനുസ്മരിക്കുന്ന അവസരങ്ങളിൽ വിശ്വസ്തനും വിവേകിയുമായി ദൈവസന്നിധിയിൽ ശുശ്രൂഷ നിർവ്വഹിച്ച കാര്യവിചാരിപ്പുകാരന് ദൈവസന്നിധിയിൽ പ്രതിഫലം ലഭിക്കണമെന്നാണ് നാം പ്രാർത്ഥിക്കുക. ദൈവസന്നിധിയിലെ ശുശ്രൂഷ കൾക്ക് ദൈവം തെരഞ്ഞെടുത്ത് ഒരുക്കി നിയോഗിക്കുന്നവരാണ് പുരോഹിതർ. ദൈവത്തിന്റെ വിശ്വസ്ത കാര്യദർശികളായി പ്രവർത്തിക്കുന്നതിനാണ് ഈ തെരഞ്ഞെടുപ്പ്. അതോടൊപ്പം ദൈവസന്നിധിയിലാണ് തങ്ങളുടെ പ്രതിഫലം എന്ന അവബോധം നിരന്തരം മനസ്സിൽ കാത്തു സൂക്ഷിക്കുവാൻ നവപുരോഹിതർക്ക് കഴിയട്ടെ, എന്നാശംസിക്കുന്നു!

www.malankaralibrary.com



# മറ്റുള്ളവർക്ക് നന്മയായി...

**ബ്ര. ജിത്തു ജോൺ**

തിരുവനന്തപുരം ജില്ലയിൽ, പിരപ്പൻകോട് എം. എ ഭവനിൽ ശ്രീ. ആർ മൈക്കിളിന്റേയും, ശ്രീമതി റോസ് മേരിയുടേയും, മൂന്നു മക്കളിൽ മൂത്ത മകനായി 1988 ജൂൺ 25-ാം തീയതി അലക്സ് അച്ചൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസനന്തരം 2004-ൽ അലക്സ് അച്ചൻ ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു ഹയർ സെക്കന്ററി പഠനവും നോവിഷ്യേറ്റ് കാലഘട്ടവും പൂർത്തിയാക്കി അച്ചൻ 2008 മെയ് 31 തിയതി നവസന്ന്യാസ പരിശീലനം പൂർത്തിയാക്കി പ്രഥമ വ്രതവാഗ്ദാനം നടത്തി, അലക്സ് മൈക്കിൾ എന്ന സന്ന്യാസ നാമം സ്വീകരിച്ചു. തുടർന്ന് കേരള യൂണിവേഴിസിറ്റിയിൽ നിന്നു ഹിസ്റ്ററിയിൽ ബിരുദം കരസ്ഥമാക്കി. തുടർന്നുള്ള കാലയളവിൽ ബാംഗ്ലൂർ ധർമ്മാരം വിദ്യാക്ഷേത്രത്തിൽ ഫിലോസഫി പഠനവും, പൂനാ JDV- യിൽ നിന്നും BVP യിൽ നിന്നും തിയോളജി പഠനവും പൂർത്തിയാക്കി.

“മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു. മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജെറെ 1:4). എന്ന വചനം അലക്സ് അച്ചന്റെ സന്ന്യാസ വൈദിക വിളിയോട് ഏറ്റം ചേർന്നു നിൽകുന്നു. കാരണം വളരെ ചെറുപ്പത്തിൽ തന്നെ പള്ളിയോടും പള്ളി ശുശ്രൂഷകരോടും ബന്ധപ്പെട്ടു നിൽകുന്നതിനു അച്ചൻ വളരെ തൽപരനായിരുന്നു. ദൈവത്തിന്റെ കരുതലും അനുഗ്രഹങ്ങളും ഒരുപാട് ലഭിച്ച ഒരു വ്യക്തിയാണ് താനെന്ന് തിരിച്ചറിഞ്ഞ ഒരു വൈദികനാണ് ബഹു. അലക്സ് അച്ചൻ.

ആശ്രമത്തിലെ ഏതു കാര്യം എടുത്താലും അലക്സ് അച്ചന്റെ സ്ഥാനം ഒഴിച്ചു കൂടാനാവാത്തതാണ്. പ്രായമായ വൈദികരെ ശുശ്രൂഷിക്കുന്നതും മറ്റുള്ളവരെ കരുതുന്നതും സ്വന്തം സമയം പോലും

www.malankaralibrary.com



നോക്കാതെ മറ്റുള്ളവർക്കായ് സമയം വ്യയം ചെയ്യുന്നതും, ഏറ്റം താണതെന്നു നമുക്ക് തോന്നുന്ന ജോലികൾപോലും ഒരു ബുദ്ധിമുട്ടും കൂടാതെ ചെയ്യുന്നതും ആശ്രമത്തിലെ പൊതുവായ കാര്യങ്ങളിലുള്ള പ്രത്യേക ശ്രദ്ധയും ആരാധന കാര്യങ്ങളിലുള്ള പരിജ്ഞാനവും എല്ലാ തന്നെ അച്ചന്റെ വ്യക്തിത്വത്തിലെ എടുത്തു പറയത്തക്ക സവിശേഷതകളാണ്. നല്ലൊരു ഗായനായ അലക്സ് അച്ചൻ ആരാധനക്രമ ശുശ്രൂഷകൾ കൃത്യമായ അനുഷ്ഠിക്കുന്നതിലും ആരാധന ഗീതങ്ങൾ കൃത്യമായി ആലാപനം ചെയ്യുന്നതിനും പ്രത്യേകം നിഷ്ഠ പുലർത്തുന്നു.

ഏറ്റെടുത്തിരുന്ന ഏതു കാര്യങ്ങളും എത്ര കഷ്ടപ്പാടുകൾ സഹിച്ചും വളരെ കൃത്യമായി ചെയ്യുന്നതിൽ വളരെ ശ്രദ്ധവെച്ചിരുന്ന ഒരു വ്യക്തിത്വത്തിനു ഉടമയായ ബഹു. അച്ചന്റെ ഈ ഗുണങ്ങളെല്ലാം തന്നെ അച്ചന്റെ പൗരോഹിത്യ ജീവിതത്തിൽ ഏറെ സഹായിക്കുമെന്നതിൽ യാതൊരു സംയവുമില്ല. ജീവിതത്തിലെ പ്രതിസന്ധികളിലും പ്രയാസങ്ങളിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അതിനെ തരണം ചെയ്യുന്ന അലക്സ് അച്ചൻ പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രത്യേക ഭക്തി ജീവിതത്തിൽ കാത്തു സൂക്ഷിക്കുന്നു.

ബഥനിയെ സംബന്ധിച്ചിടുത്തോളം ഒരു മുതൽകൂട്ടാണ് ബഹു. അലക്സ് അച്ചൻ. പരിശീലനകാലഘട്ടം പൂർത്തിയാക്കി ബലിപീഠത്തിങ്കലേക്ക് നടന്നടുക്കുന്ന ഈ വേളയിൽ നിത്യപുരോഹിതനായ ഈശോ അദ്ദേഹത്തിന്റെ വൈദിക ജീവിതത്തെ അനുഗ്രഹിച്ച് പുണ്യപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

www.malankaralibrary.com

# നിത്യ പുരോഹിതനായ യേശുവിന്റെ പ്രതിപുരുഷൻ

**അലക്സ് അച്ചന്റെ മാതാപിതാക്കൾ**

അലക്സ് മൈക്കിൾ നിത്യ പുരോഹിതനായ യേശുവിന്റെ പ്രതിപുരുഷനായി അൾത്താരയിൽ ബലിയർപ്പിക്കുവാൻ ദൈവംതമ്പുരാൻ വിളിച്ചു വേർതിരിച്ചതിനാൽ ഞങ്ങൾ അവിടത്തേക്ക് നന്ദി പറയുന്നു. കുടുംബത്തെ സഭയോട് ചേർത്ത് നിർത്തി ആദ്ധ്യാത്മീകമായി ശക്തിപ്പെടുത്തുന്നതിന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ പ്രാർത്ഥന എന്നും കൂട്ടായിരുന്നു.

1988 ജൂൺ 28-ാം തിയതി തിരുവനന്തപുരം ജില്ലയിൽ കുഴിഞ്ഞാൻവിള വീട്ടിൽ മൈക്കിളിന്റെയും റോസ്മേരിയുടെയും മകനായി അലക്സ് ജനിച്ചു. ബഹുമാനപ്പെട്ട ജോൺ അരിക്കലച്ചന്റെ കരങ്ങളിൽ നിന്നും മാമോദീസാ സ്വീകരിക്കുകയും അലക്സ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ നേതൃത്വത്തിൽ ആദ്ധ്യാത്മീക പരിശീലനം നടത്തുകുയും അദ്ദേഹത്തിന്റെ പക്കൽ നിന്നും ആദ്യ കുർബാന സ്വീകരിക്കുകയും ചെയ്തു. കുഞ്ഞുനാൾ മുതലേ പള്ളിയിൽ പോകുവാനും പ്രാർത്ഥിക്കുവാനും വളരെയേറെ താൽപര്യം കാണിച്ചിരുന്നു. അതിനോടൊപ്പം അനുജന്മാരെ കൂടെ കൂട്ടുമായിരുന്നു. വിശ്വാസ പരിശീലനത്തിൽ വളരുന്നതിന് ബഹുമാനപ്പെട്ട സിസ്റ്റർ ജൂഡിത്തും ഒപ്പം ബഥനി മഠത്തിലെ സന്ന്യാസിനികളും നടത്തിയ പ്രയത്നം ഓർക്കാതിരിക്കുവാൻ കഴിയ്യുകയില്ല. 10-ാം ക്ലാസ് പരീക്ഷ വിജകരമായി പൂർത്തിയാക്കിയ ശേഷം ഒരു വൈദികനാകണം എന്ന ആഗ്രഹം അറിയിക്കുകയും തുടർന്ന് ബഥനി ആശ്രമത്തിൽ ചേരുകയും ചെയ്തു. അച്ചന്റെ ആദ്ധ്യാത്മിക ജീവിതം വേണ്ടവിധം ക്രമപ്പെടുത്തുന്നതിനും തിരുത്തലുകൾ നൽകുന്നതിനും ജോസ് കിഴക്കേടത്തച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഒപ്പം ബഥനി ആശ്രമത്തിലെ എല്ലാ സന്ന്യാസ വൈദികരെയും അവരുടെ പ്രവർത്തനങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ കുഞ്ഞുനാൾ മുതൽ ഈ നിമിഷം വരെ വളർച്ചയുടെ ഓരോ ഘട്ടത്തിലും കൂടെ ഉണ്ടായിരുന്ന വൈദീകരെയും ആശ്രമാംഗങ്ങളെയും സിസ്റ്റേഴ്സിനെയും പ്രത്യേകം ഓർക്കുന്നു, നന്ദി പറയുന്നു. അതിനെല്ലാം ഉപരി സർവ്വശക്തനായ ദൈവത്തിന് ഒരു കോടി നന്ദി അർപ്പിക്കുന്നു.

www.malankaralibrary.com

# ഗോതമ്പു മണി നിലത്ത് വീണഴിയുന്നത്...

**ഫാ. അലക്സ് മൈക്കിൾ ഒ.ഐ.സി.**

ഗോതമ്പു മണി നിലത്ത് വീണഴിയുന്നത് മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കാനാണ്. നിലത്തുവീണഴിയുന്ന വേദനകളെയും പ്രയാസങ്ങളെയും അതിജീവിച്ച് ബലിപീഠത്തിനോട് ചേർന്നു നിൽക്കാൻ ഞാനിതാ എന്നെ പൂർണ്ണമായി നൽകുന്നു. നാഥാ, ബലിവേദിയിൽ ബലി അർപ്പിക്കുവാൻ അണയുമ്പോൾ കുശവന്റെ കൈയ്യിലെ കളിമണ്ണുപോലെ എന്നെയും രൂപപ്പെടുത്തി പൊന്നു തമ്പുരാനെ കൈകളിലേറ്റുവാൻ തന്ന ജീവിത നിയോഗത്തെ ഓർത്ത് നിന്റെ മുൻപിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ..........!

കർത്താവിന്റെ ബലിപീഠത്തിലെ ശുശ്രൂഷകനായി ഞാൻ ഉയർത്തപ്പെടുമ്പോൾ നിറഞ്ഞ മനസോടെ ജന്മം നൽകിയ മാതാപിതാക്കളെയും കൂടപ്പിറപ്പുകളെയും സ്നേഹത്തോടെ എന്നെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ബന്ധുജനങ്ങളെയും, പിരപ്പൻകോട് ഇടവകാംഗങ്ങളെയും സഹപാഠികളെയും സ്നേഹപൂർവ്വം ഇടപെടുന്ന ദേശവാസികളെയും പൊന്നു തമ്പുരാന്റെ ബലിപീഠത്തോട് ചേർത്തുവയ്ക്കുന്നു.

അറിവും ജ്ഞാനവും പകർന്നു നൽകിയ സൺഡേസ്കൂൾ അദ്ധ്യാപകരെയും, സെന്റ് തോമസ് സ്കൂളിലേയും, ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെയും വിവേകാനന്ദ കോളേജിലെയും, ബഥനി കോളേജിലെയും, ബാംഗ്ലൂർ ധർമ്മാരാം, പൂനാ JDV യിലെയും BVP യിലെയും ഗുരുക്കന്മാരെയും എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ക്രൈസ്തവമൂല്യവും ജീവിതവും വിശ്വാസ തീക്ഷ്ണതയും പകർന്നു നൽകിയ വികാരിയച്ചൻമാർ ജോസഫ് തടത്തിലച്ചനെയും, തോമസ് കുമ്പക്കാട് കോർ എപ്പിസ്കോപ്പോ അച്ചനെയും ജോസ് കിഴക്കേടത്തച്ചനെയും പ്രത്യേകം ഓർക്കുന്നു. അതോടൊപ്പം നന്മയുടെ പാത കാണിച്ചു തന്ന പിരപ്പൻകോട് ബഥനി മഠത്തിലേയും, ലിറ്റിൽ സിസ്റ്റേഴ്സിനെയും ബലിപീഠത്തോട് ചേർത്തുവയ്ക്കുന്നു.

ആദ്യദിനം മുതൽ ഈ ദിവസം വരെ ബഥാനിയൻ ചൈതന്യത്തിൽ ചേർത്തി നിർത്തിയത് ആശ്രമത്തിലെ സന്ന്യാസ വൈദികരും

www.malankaralibrary.com



സഹോദരങ്ങളും, ബാച്ചുകാരുമാണ് അവരെ പ്രത്യേകം ഓർക്കുന്നു. വിവിധ ആശ്രമങ്ങളിലായിരുന്നുകൊണ്ട് സന്ന്യാസപരിശീലനം എനിക്ക് നൽകിയ പോൾ മാത്യു അച്ചൻ, ഷാജൻ കുറ്റിയിൽ അച്ചൻ, നൈനാൻ ചെറുപുഴത്തോട്ടം അച്ചൻ, സാജൻ തോമസ് അച്ചൻ. മാത്യു മണലുവിള അച്ചൻ, ജോബി തുണ്ടിയത്ത് അച്ചൻ, വർഗ്ഗീസ് വിജയാനന്ദ് അച്ചൻ, ജസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചൻ, സിറിൽ ആനന്ദ് അച്ചൻ, ജോർജ്ജ് അയ്യനേത്ത് അച്ചൻ, മത്തായി കടവിൽ അച്ചൻ, തോമസ് റെജി അച്ചൻ എന്നീ അച്ചന്മാരുടെ സ്നേഹ സംരക്ഷണത്തിൽ ജീവിക്കുവാൻ ഇടയായി. ഇവരെയും ഇവരോടൊപ്പം എല്ലാ ആശ്രമശ്രേഷ്ഠരേയും സന്ന്യാസ സഹോദരങ്ങളെയും ആശ്രമങ്ങളെയും നന്ദിയോടെ ഓർക്കുന്നു, പ്രാർത്ഥിക്കുന്നു.

ഈ യാത്രയിൽ എന്നെ ശക്തിപ്പെടുത്തിയ എല്ലാവരെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. നിത്യ പുരോഹിതനായ ഈശോയേ അങ്ങേ ദാസരും പ്രതിപുരുഷന്മാരുമായ പുരോഹിതരെ നിരന്തരം കാത്ത് ശക്തിപ്പെടുത്തണമേ.!

---

**വാതിലുകൾ തുറന്നിട്ട്, ആളുകളെ സ്വീകരിച്ച് സ്വാഗതം ചെയ്യുന്ന സഭ മാത്രമാകാതെ പുതിയ വഴികൾ തേടുന്ന സഭയുമാകണം നാം. കുർബാനയിൽ സംബന്ധിക്കാതെ മാറി നില്ക്കുന്നവരിലേക്ക്, സഭ ഉപേക്ഷിച്ചവരിലേക്ക്, ഉദാസീന മനോഭാവത്തോടെ നില്ക്കുന്നവരിലേക്ക്, ചുവടു വയ്പ്പ് നടത്താൻ സഭയ്ക്ക് കഴിയണം. എന്തുകൊണ്ടാണ് ചിലർ സഭ ഉപേക്ഷിച്ചതെന്ന് മനസ്സിലാക്കാനോ, പരിഗണിക്കാനോ കഴിഞ്ഞാൽ അവരെ തിരിച്ചുകൊണ്ടുവരുവാൻ കഴിഞ്ഞെന്നിരിക്കും. അതിന് ധീരതയും ചങ്കൂറ്റവും വേണം.**

**– ഫ്രാൻസിസ് മാർപാപ്പാ**

www.malankaralibrary.com

# സ്നേഹത്തിന്റെ നിറവിൽ ഹെൻറി അച്ചൻ...

**ബ്ര. ജിതിൻ ജോർജ്ജ് ഒ.ഐ.സി.**



1992 ഫെബ്രുവരി മാസം 13-ാം തീയ്യതി ഏനാത്ത് കുരിശിങ്കൽ വീട്ടിൽ ശ്രീ സാംകുട്ടിയുടെയും, മോളിയുടെയും ആദ്യ മകനായി ബഹുമാനപ്പെട്ട ഹെൻറി സാം അച്ചൻ ജനിച്ചു. ചെറുപ്പം മുതലേ ദൈവീക കാര്യങ്ങളിൽ തൽപരനായിരുന്ന ഹെൻറി അച്ചൻ തന്റെ പത്താം ക്ലാസ് പഠനത്തിനു ശേഷം ദൈവം തനിക്ക് നൽകിയ വിളിയോട് പ്രത്യുത്തരിച്ചു. 2007 ജൂലൈ മാസം 15-ാം തീയ്യതി മലങ്കരയുടെ സൂര്യതേജസ്സ്, പുനരൈക്യശില്പി, ബഥനി ആശ്രമസ്ഥാപകൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ദിവസം ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു.

ബഥനി നവജീവൻ സ്കൂളിൽ 2008-10 കാലയളവിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ ആലുവ തപോവനം, നവശിഷ്യാശ്രമത്തിൽ നവസന്ന്യാസ പരിശീലനവും പൂർത്തിയാക്കി 2011 മെയ് മാസത്തിൽ തന്നെത്തന്നെ പൂർണ്ണമായി സന്ന്യാസ പ്രതിഷ്ഠയിലൂടെ ദൈവകരങ്ങളിൽ സമർപ്പിച്ചു. തുടർന്ന് തത്വശ്രാസ്ത്ര പഠനം ബാഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിലും, തന്റെ സാമൂഹ്യപ്രവർത്തന മികവിനെ വളർത്തുന്നതിനായി അസ്സാം ഡോൺ ബോസ്കോ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യ പ്രവർത്തനത്തിൽ ബിരുദാനന്തരം ബിരുദം പൂർത്തിയാക്കി, ഹൈദരാബാദ് ആശ്രമത്തിലും ബോയ്സ് ഹോമിലുമായി തന്റെ റീജൻസി കാലയളവ് പൂർത്തികരിച്ചു. പിന്നീട് സന്ന്യാസ വൈദിക പരിശീലനത്തിന്റെ ഭാഗമായി ദൈവശാസ്ത്രപഠനം പൂനാ ജ്ഞാനദീപ വിദ്യാപീഠത്തിലും, ബഥനി വേദവിജ്ഞാനപീഠത്തിലുമായി പൂർത്തിയാക്കി. ബഥനി ആശ്രമത്തിൽ അച്ചൻ അർത്ഥിയായി വന്ന നിമിഷം മുതൽ ഇന്ന് വരെ പരിശീനത്തിന്റെ അവസരങ്ങളിൽ ഒപ്പമായിരിക്കുവാൻ സതീർഥ്യനാകുവാൻ എനിക്ക് സാധിച്ചു. സന്ന്യാസ പരിശീലനത്തിന്റെ യാത്രയിൽ ഒരുമിച്ചായിരുന്നു ഞങ്ങൾ, സമൂഹത്തിന്റെ പ്രത്യേക താത്പര്യ പ്രകാരം ഉന്നത വിദ്യാഭ്യാസത്തിനായി അയച്ചപ്പോഴും ഞങ്ങളുടെ ഇടയിലെ

www.malankaralibrary.com



സഹോദരബന്ധത്തിനു ഒരു വിള്ളലും സംഭവിക്കാതിരിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു ബാച്ച് എന്ന നിലയിൽ പരസ്പരം ശക്തിപ്പെടുത്തുവാനും പ്രാർത്ഥനയിൽ ബലപ്പെടുത്തുവാനും സന്ന്യാസനിഷ്ഠകളെക്കുറിച്ച് പരസ്പരം ഓർമ്മപ്പെടുത്തുവാനും അച്ചൻ പ്രത്യേകം ശ്രദ്ധാലുവായിരുന്നു.

സദാ പ്രവർത്തന നിരതനായ യുവ സന്ന്യാസിയാണ് ബഹുമാനപ്പെട്ട അച്ചൻ. ഏൽപ്പിക്കുന്ന മേഖലകൾ എന്തുതന്നെ ആയാലും ഒരു മടിയും കൂടാതെ ചെയ്യുവാൻ കഴിയുന്നത് അച്ചന്റെ പ്രത്യേകതയാണ്. തന്റെ കഴിവുകളെ മറച്ചുവെക്കാതെ അവയെല്ലാം സമൂഹത്തിന് ഫലപ്രദമായി ഉപയോഗിക്കുവാനും സദാ പരിശ്രമിക്കുന്ന യാഥാർത്ഥ കഠിനാധ്വാനിയാണ് ഹെൻറി അച്ചൻ. എത്ര തിരക്കുകൾ ഉണ്ടെങ്കിലും തന്നിൽ ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളിൽ അൽപ്പം പോലും മടി കൂടാതെ കർമ്മ നിരതനാകുവാൻ കഠിനാധ്വനിയായ ഒരു വ്യക്തിക്കു മാത്രമേ സാധിക്കുകയുള്ളൂ എന്ന് അച്ചൻ തന്റെ ജീവിതത്തിലൂടെ സാക്ഷിക്കുന്നു. തന്റെ അടുത്ത് സഹായത്തിനായി വരുന്ന ആരെയും ഒരിക്കലും അച്ചൻ നിരുത്സാഹപ്പെടുത്താറില്ല, അത് എന്ത് തന്നെ ആയാലും തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്യുവാൻ എപ്പോഴും പരിശ്രമിക്കുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട അച്ചൻ. അദ്ദേഹത്തെ വ്യക്തിപരമായി അറിയാവുന്ന ആരും അദ്ദേഹത്തിന്റെ പുഞ്ചിരിനിറഞ്ഞ മുഖത്തെ മറക്കുകയില്ല. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീട് മറക്കുവാൻ സാധിക്കാത്ത വിധം തന്റെ നിറഞ്ഞ പുഞ്ചിരികൊണ്ടും, നർമ്മം നിറഞ്ഞ സംഭാഷണ ചാതുര്യം കൊണ്ടും ഹൃദയങ്ങളെ കീഴടക്കുവാൻ, ഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിക്കുവാൻ അച്ചന് ഒരു പ്രത്യേകമായ കഴിവുണ്ട്. താൻ മിഷൻ പ്രവർത്തനം നടത്തിയ പല സ്ഥലങ്ങളിൽ നിന്നും അച്ചന് ലഭിച്ച സ്വീകാര്യതയും, സ്നേഹവും ഇതിന് ഉത്തമ ഉദാഹരണമാണ്. ഭാഷയുടെ അതിർവരമ്പുകളെ ഭേദിച്ച് മറ്റുള്ളവരുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിക്കുവാൻ അച്ചന് കഴിഞ്ഞു എന്നുള്ളതിന്റെ തെളിവാണ് മറാഠി മിഷ്യനിലെ ജനത അച്ചനെ ഇന്നും പ്രത്യേകമാംവണ്ണം ഓർക്കുന്നു എന്നത്. സഹപാഠി എന്ന നിലയിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. പ്രിയ സുഹൃത്തേ, നിന്നിൽ ഏൽപ്പിക്കപ്പെട്ട താലന്തുകളെ ദൈവജനത്തിനായി പൂർണ്ണമായി വ്യയം ചെയ്യുക ഹൃദയം നിറഞ്ഞ പ്രാർത്ഥനയോടെ എല്ലാവിധമായ ആശംസകളും.

www.malankaralibrary.com

# ദൈവിക പദ്ധതിയിലാശ്രയിച്ച് അൾത്താരയിലേക്ക്

**സാംകുട്ടി വർഗ്ഗീസ്, മോളി സാം**
(ഫാ. ഹെൻറി സാമിന്റെ മാതാപിതാക്കൾ)

**ദൈവനാമത്തിനു മഹത്വം!**

"ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്നു. സകലവും നന്മയ്ക്കായി പരിണമിപ്പക്കും" (റോമാ 8:28).

മേൽ പറഞ്ഞ തിരുവെഴുത്തിൻ പ്രകാരം ഞങ്ങളുടെ മകനായ ബ്രദർ ഹെൻറി സാമിനെ ദൈവം ബഥനി സന്യാസസമൂഹത്തിൽ കർത്താവിന്റെ മുന്തിരിതോട്ടത്തിൽ വേലചെയ്യുവാൻ വിളിച്ചു വേർതിരിച്ചിരിക്കുന്നു.

ദൈവം തന്നിൽ നിക്ഷേപിച്ച അർപ്പണ ബോധവും വിശ്വാസവും ഭക്തിയും പൗരോഹിത്യ ശുശ്രൂഷയിലൂടെയും ദൈവത്തിനു തന്നെ സമർപ്പിക്കാൻ ഞങ്ങളുടെ മകനെ പ്രേരിപ്പിച്ചു. ഇതിന് ദൈവത്തിന് ഒരായിരം നന്ദി അർപ്പിക്കുന്നു.

കൊല്ലം ജില്ലയിലെ മെതുകുമ്മേൽ എന്ന കൊച്ചു ഗ്രാമത്തിൽ സാംകുട്ടി വർഗ്ഗീസിന്റേയും മോളി സാമിന്റേയും മൂത്ത മകനായി 1992 ഫെബ്രുവരി 13-ാം തിയതി ഹെൻറി സാം ജനിച്ചു. മെതുകൂമ്മേൽ സെന്റ് പോൾസിൽ പ്രാഥിക വിദ്യാഭ്യാസവും കുളക്കട ഗവൺമെന്റ് ഹൈസ്കൂളിൽ SSLC)യ്ക്ക് നല്ല മാർക്ക് നേടി പാസായി. കുഞ്ഞുന്നാൾ മുതൽ വളരെ ശാന്തനായി ദൈവഭക്തിയിലും ദൈവാനുസരണത്തിലും ജീവിച്ച കുട്ടിയായിരുന്നു. ഹെൻറി സാം എല്ലാം അൻപതു നോമ്പിനും ദിവസവും പള്ളിയിൽ പോയിട്ട് വന്നിട്ടാണ് സ്കൂളിൽ പോകുന്നത് അത് പോലെ സണ്ടേസ്കൂളിനു സജീവമായിപങ്കെടുക്കുന്ന കൂട്ടിയായീരുന്നു ഹെൻറിസാം.

തുടർവിദ്യാഭ്യാസത്തിനു അപേക്ഷ ഫോം പൂരിപ്പിച്ച് അയച്ചു അവൻ പഠിച്ച സ്കൂളിൽ തന്നെ കോമേഴ്സിനു കിട്ടി. അങ്ങനെ ഇരു

www.malankaralibrary.com



ന്നപ്പോൾ ആണ് ജസ്റ്റിൻ അച്ചനുമായി അവൻ സംസാരിക്കുവാൻ ഇടയായി അച്ചൻ നൽകിയ പ്രേരണ തന്റെ ദൈവവിളി തിരിച്ചറിയുവാൻ അവനെ സഹായിച്ചു. അങ്ങനെ അവൻ തീരുമാനിച്ചു. ബഥനി സന്യാസസമൂഹത്തിൽ വേല ചെയ്യുവാൻ വൈദികനാകുന്നു ആഗ്രഹത്തെ ഞങ്ങൾ എതിർത്തു എങ്കിലും ദൈവ പദ്ധതിയിൽ അവൻ ബഥനി സന്ന്യാസസമൂഹത്തിൽ അംഗമാകുവാനായി 2007 ൽ തിരുവനന്തപുരം ബഥനി ആശ്രമത്തിൽ ചേർന്നു. ഞങ്ങൾക്ക് രണ്ടു മക്കളെ ദൈവം ദാനം തന്നു അതിൽ മൂത്ത മകനെ ദൈവം തന്റെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ബഥനി ആശ്രമത്തിലേക്ക് ചേർത്തു നീണ്ട പതിനാല് വർഷത്തെ ഞങ്ങളുടെയും മറ്റുള്ളവരുടേയും പ്രാർത്ഥനയും ഉപവാസവും ഒന്നുകൊണ്ട് മാത്രമാണ് ഞങ്ങളുടെ മകനെ പൗരോഹിത്യ പദവിയിലേക്ക് എത്തി ചേരാൻ സാധിച്ചത്. അതിന് ദൈവത്തിന് ഒരായിരം നന്ദി അർപ്പിക്കുന്നു. ബഥനി സന്ന്യാസി സമൂഹത്തിലെ 14-കൊല്ലത്തെ പരിശീലനത്തിന്റെയും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഒരു വൈദീകനാകുന്നമെന്നുള്ള ഉറച്ച തീരുമാനത്തിന്റെയും ഫലമായി 2021 ജനുവരി 4-ന് വൈദികനായി അഭിഷിക്തനാകാൻ പോകുകയാണ്. ഈ ധന്യ നിമിഷത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത നല്ലവരായ പിതാക്കന്മാർ, വൈദികർ സിസ്റ്റേഴ്സ്, ബ്രദേഴ്സ് മറ്റെല്ലാവർക്കും ഹൃദയ നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

---

**സഭയുടെ ശുശ്രൂഷകർ കാരുണ്യമുള്ളവരായിരിക്കണം. ജനങ്ങളുടെ ഉത്തരവാദിത്വം അവർ ഏറ്റെടുക്കണം. നല്ല സമരിയാക്കാരനെപ്പോലെ അയൽക്കാരെ അനുയാത്ര ചെയ്യണം. അവരെ കുളിപ്പിച്ച് വൃത്തിയാക്കി എഴുന്നേല്പ്പിക്കണം. ഇതാണ് ശുദ്ധമായ സുവിശേഷം.**

**- ഫ്രാൻസിസ് മാർപാപ്പാ**

www.malankaralibrary.com

# എന്നെ യോഗ്യനാക്കിയ ദൈവത്തിന്റെ മുന്നിൽ കൂപ്പുകരങ്ങളോടെ

**ഫാ. ഹെൻറി സാം ഒ.ഐ.സി.**

"നീ കാഴ്ചകളെ സ്വീകരിക്കുന്നവനും പിതാവിനു സ്വയം കാഴ്ചയായി തീരുന്നവനുമാകുന്നു". എന്റെ ആയോഗ്യതയിൽ ദൈവം എന്നെ സ്വീകരിക്കുകയും അവന്റെ വിശുദ്ധ ബലിപീഠത്തേ സമീപ്പിക്കുവാൻ എന്നെ അർഹനാകുകയും ചെയ്തു. എന്നെ യോഗ്യനാക്കിയ ദൈവത്തിനു മുമ്പിൽ എനിക്ക് ഒരേ ഒരു പ്രാർത്ഥന മാത്രമേ ഉള്ളൂ. "അത്മീയ നയനങ്ങളാൽ നിന്നെ കാണുവാൻ എനിക്ക് കണ്ണുകൾ തരണമേ. ഞാൻ സ്വയം വിസ്മരിച്ച് നിന്നെ മാത്രം സ്മരിക്കുമാറാകണമേ". ദൈവ മുമ്പിൽ എപ്പോഴും ഒരുക്കത്തോടെ ആയിരിപ്പാൻ ഞാൻ എന്നെ തന്നെ സമർപ്പിക്കുന്നു.

ജന്മം നൽകിയ വളർത്തിയ മാതാപിതാക്കൾക്കും ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്ന ബന്ധു ജനങ്ങൾക്കും സാഹോദര്യം പഠിപ്പിക്കുകയും പകർന്നു നൽകുകയും ചെയ്ത കൂടപിറപ്പുകൾക്കും അതിർവരമ്പുകൾക്കപ്പുറം സൗഹൃദം നൽകിയ സുഹൃത്തുകൾക്കും പ്രാർത്ഥനയിൽ ശക്തിപെടുത്തിയ ഇടവക ജനങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബലിപീഠത്തിൽ എന്റെ പ്രാർത്ഥനകളിൽ നിങ്ങളുടെ പേരുകൾ ചേർക്കപ്പെടും എന്ന ഉറപ്പും നൽകുന്നു.

അക്ഷരത്താലും അറിവിനാലും പ്രബുദ്ധരാക്കിയ അദ്ധ്യാപകരെയും വിശ്വാസത്തിൽ പരിശീലിപ്പിച്ച സൺഡേ സ്കൂൾ അദ്ധ്യാപകരെയും, സ്കൂൾ, കോളേജ് ഫിലോസഫി, തിയോളജി കാലത്തെ ഗുരുക്കന്മാരെയും പ്രാർത്ഥനയോടെ ഓർക്കുന്നു. ജീവിതാനുഭവും പൗരോഹിത്യ തീക്ഷ്ണതയും കൊണ്ട് എന്നെ സ്വാധീനിച്ച എല്ലാ വികാരിമാരെയും ഓർത്ത് പ്രാർത്ഥിക്കുന്നു.

ഹൃദയത്തോട് ചേർത്ത് വയ്ക്കുന്ന ബഥനി ആശ്രമത്തിലെ അംഗങ്ങളെയും പ്രത്യേകിച്ച് എന്റെ വ്യക്തി വൈദിക സന്യാസ പരിശീലനത്തിൽ വഴിനടത്തിയ ഗുരുക്കന്മാർ ഗീവർഗ്ഗീസ് കുറ്റിയൽ അച്ചൻ, സാമു

www.malankaralibrary.com



വേൽ കിടങ്ങിൽ അച്ചൻ, ജോൺ ആലുവിള അച്ചൻ, നൈനാൻ അച്ചൻ, സാജൻ അച്ചൻ, തോമസ് ജോർജ്ജ് അച്ചൻ, ജോബി തുണ്ടിയത്ത് അച്ചൻ, സിറിൽ അച്ചൻ, ജോർജ്ജ് അയ്യനേത്ത് അച്ചൻ, മത്തായി കട വിൽ അച്ചൻ, തോമസ് റെജി അച്ചൻ, എന്നിവരെയും ആദ്ധ്യാത്മീക ഗുരുക്കന്മാരെയും എല്ലാ ആശ്രമസ്ഥരെയും പ്രാർത്ഥനയോടെ ഓർക്കു ന്നു.

പരിശീലനത്തിന്റെ ആദ്യം കാലം മുതൽക്കെ കൂടെ ആയിരുന്ന ജോബ് അച്ചൻ, ജിതിൻ ജോർജ്, പരേതനായ ജിതിൻ ജേക്കബ്, ഡാനി യേൽ എന്നിവരെയും പ്രത്യേകം ഓർക്കുന്നു.

---

എനിക്ക് ഒരു കാര്യം ബോധ്യമുണ്ട്. കേന്ദ്രത്തിൽ നിന്നല്ല, പ്രാന്തപ്രദേശത്ത് നിലയുറപ്പിച്ചുകൊണ്ട് യാഥാർത്ഥ്യത്തെ വീക്ഷിച്ചപ്പോഴാണ് ചരിത്രത്തിലെ മാറ്റങ്ങളൊക്കെ സാക്ഷാൽക്കരിക്കപ്പെട്ടത്. അതൊരു വ്യാഖ്യാന പ്രശ്നവുമാണ്. എല്ലാ സംഗതികളിൽ നിന്നും സമദൂരം പാലിച്ചുകൊണ്ടുള്ള വീക്ഷണത്തിലൂടെയുള്ള പുറമ്പോക്കിൽ നിന്ന് കാര്യങ്ങൾ വീക്ഷിക്കുമ്പോഴാണ് യാഥാർത്ഥ്യത്തെ ശരിയായി മനസ്സിലാക്കുന്നത്. ശാന്തതയുടെയും സമാധാനത്തിന്റെയും കേന്ദ്രീയ സ്ഥാനത്തു നിന്ന് നാം നീങ്ങുകയും അശാന്തിയുടെ പുറമ്പോക്കു മേഖലകളിലേക്ക് നമ്മെത്തന്നെ എത്തിക്കുകയും ചെയ്താൽ മാത്രമേ യാഥാർത്ഥ്യത്തെ ശരിയായ രീതിയിൽ മനസ്സിലാക്കാനാവൂ.

– ഫ്രാൻസിസ് മാർപാപ്പാ

www.malankaralibrary.com

# അഗ്നിപീഠമായ ബലിപീഠശുശ്രൂഷയിലേക്ക് ഡാനിയേലച്ചൻ....

ബ്ര. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി



അഗ്നിമയന്മാർ ശുശ്രൂഷിക്കുന്ന അഗ്നിയായവനെ, അഗ്നിമയമായ പരിശുദ്ധ മദ്ബഹായിൽ, പരിസേവിക്കുന്നവനാണ് പുരോഹിതൻ. ബലിപീഠത്തിലെ ശുശ്രൂഷ അഗ്നിശുശ്രൂഷയാണ്. ദൈവവചനമാകുന്ന അഗ്നിയും, തീക്കനലായ വി. കുർബാനയും അഗ്നിസ്തംഭമായ പരിശുദ്ധ ത്രോണോസിന്മേൽ സന്ധിക്കുന്നതിന് സാക്ഷിയാകുന്ന പുരോഹിതൻ "അസ്ഥികളിൽ അടയ്ക്കപ്പെട്ട' അഗ്നിയെ ആവാഹിക്കുന്നവനാണ്. ശ്രേഷ്ഠമായ ഈ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്ന ഡാനിയേൽ കല്ലിൽ അച്ചന് എല്ലാ വിധ പ്രാർത്ഥനാശംസകളും നേർന്നു കൊള്ളുന്നു.

പരിശീലനത്തിന്റെ നാളുകളിലൊക്കെയും ഏവർക്കും പ്രിയങ്കരവും സ്വീകാര്യവുമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡാനിയേൽ അച്ചൻ. താൻ ഇടപ്പെട്ട എല്ലാ കാര്യങ്ങളിലും തന്റെ സവിശേഷമായ ശൈലി പ്രകടിപ്പിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. സന്യാസജീവിതത്തെ കുറിച്ചുള്ള ആഴമായ ബോധ്യങ്ങളും, അതിൽ നിന്നുളവായ നിശ്ചയദാർഢ്യവും, പക്വതയാർന്ന വ്യക്തിത്വവും സഭയോടും, ബഥനിയോടും ഉള്ള അർപ്പണ മനോഭാവവും എടുത്തു പറയേണ്ടവയാണ്.

പഠനകാര്യത്തിൽ മിടുക്കനായിരുന്ന അച്ചൻ സഹപാഠികൾക്കും കുഞ്ഞനുജന്മാർക്കും സംശയം തീർക്കാനും ഒരുമിച്ച് ആലോചിച്ച് പഠിക്കുവാനും എപ്പോഴും സന്നദ്ധത കാട്ടിയിരുന്നു. ഉല്ലാസവേളകളിൽ ഒരുമിച്ചൊരിടത്തു കൂടി ഫലിതങ്ങൾ പങ്കുവെയ്ക്കുന്നതിനും, മറ്റുള്ളവരുടെ നർമ്മസംഭാഷണങ്ങൾ ആസ്വദിക്കുന്നതിനും, നർമ്മരൂപേണയും സഹോദരബുദ്ധിയോടെയും മറ്റുള്ളവരെ തിരുത്തുന്നതിനും അച്ചന് ഒരു പ്രത്യേക പാടവമുണ്ടായിരുന്നു.

www.malankaralibrary.com



ഉയർന്ന സാഹിത്യാഭിരുചി പുലർത്തിയിരുന്ന അച്ചൻ ഒത്തിരി പുസ്തകങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. "ചിരാത്" എന്ന തൂലികാനാമത്തിൽ കവിതയിലൂടെയും ലേഖനങ്ങളിലൂടെയും ഹാസ്യാത്മകമായും ധീരതയോടെയും തന്റെ ചിന്തകൾ അച്ചൻ പങ്കുവെച്ചിരുന്നു. താൻ ശുശ്രൂഷ ചെയ്ത ഇടവകദേവാലയങ്ങളിലെ ദൈവജനം ഈ നവാഭിഷിക്തന്റെ ധ്യാനചിന്തകളും പ്രസംഗങ്ങളും ക്ലാസുകളും നെഞ്ചേറ്റി ലാളിക്കുന്നതിന്റെ കാരണം അച്ചന്റെ ഭാഷാശുദ്ധിയും, അവതരണരീതിയും മാത്രമല്ല അവ പച്ചയായ മനുഷ്യന്റെ ജീവിതയാഥാർത്ഥ്യങ്ങളുടെ സ്പന്ദനവുമായിരുന്നു എന്നതാണ്.

ആധുനിക കാലം അഭിമുഖീകരിക്കുന്ന മഹാമാരിയുടെ പരിഭ്രാന്തിയിൽ ആദ്ധ്യാത്മിക വിശ്വാസജീവിതം ചോദ്യചിഹ്നമായിരിക്കുന്ന ആകുലതകളുടെ നടുവിൽ കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതുമായ ഒരു ലോക്ഡൗൺ കാലത്തിന്റെ പരിഭ്രാന്തിയിൽ, നിത്യപുരോഹിതനായ ഈശോ മിശിഹായുടെ പൗരോഹിത്യപദവിയിലേക്ക് അച്ചൻ ഉയർത്തപ്പെടുമ്പോൾ ദൈവജനവും, ബഥനി സന്യാസി സമൂഹവും, സഭയും ഏറെ പ്രതീക്ഷകളോടെയാണ് അച്ചനെ ഉറ്റു നോക്കുന്നത്. മാനുഷിക ബലഹീനതകളും കുറവുകളുമേറെയുണ്ടായേക്കാം. എന്നാൽ അതിനെ പരിഗണിക്കാതെ പൗരോഹിത്യം എന്ന മഹാദാനം നൽകി ഈശോ, അച്ചനെ അനുഗ്രഹിക്കുമ്പോൾ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവജനത്തെ സേവിക്കുവാനും ശുശ്രൂഷിക്കുവാനും വിശുദ്ധിയും വിജ്ഞാനവും വിനയവും അച്ചന് ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അഗ്നിപീഠമായ ബലിപീഠശുശ്രൂഷയുടെ നാൾവഴികൾ പ്രകാശപൂർണ്ണമാകട്ടെ!!!!

---

ഊഷ്മളതകൊണ്ടുവരുന്ന ഹൃദയത്തെ ഊഷ്മളമാക്കുന്ന ഒരു സഭ നമുക്ക് വേണം. ലോകത്തിന് ജീവൻ നല്കാൻ കഴിയുന്ന ഫലദായകമായ സഭയായിരിക്കുമത്.

– ഫ്രാൻസിസ് മാർപാപ്പാ

www.malankaralibrary.com

# എത്ര സമുന്നതം മകനേ നീ ഭരമേറ്റ വിശിഷ്ട സ്ഥാനം...

**തോമസ് ദാനിയേൽ കല്ലിൽ & മോനി തോമസ്**

ദാനിയേൽ കല്ലിൽ അച്ചന്റെ മാതാപിതാക്കൾ

ഞങ്ങളുടെ ആദ്യജാതനായ പ്രിയ പുത്രനെ തന്റെ പ്രിയ ജനത്തിന്റെ ഇടയനാക്കുവാൻ വിളിച്ച് വേർതിരിച്ച് കുടുംബത്തെയൊന്നാകെ അനുഗ്രഹിച്ച പൊന്നുതമ്പുരാന് സ്തുതി. ഞങ്ങളുടെ മകൻ ദാനിയേൽ കല്ലിൽ പൗരോഹിത്യത്തിന്റെ ശുശ്രൂഷയിലേക്കുയർത്തപ്പെടുന്ന ഈ വേളയിൽ സർവ്വശക്തനായ ദൈവത്തിന് നന്ദി കരേറ്റുന്നു.

പത്തനംതിട്ട ജില്ലയിൽ പ്രക്കാനം എന്ന കൊച്ചുഗ്രാമത്തിലെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയിലെ അംഗങ്ങളായ കല്ലിൽ വീട്ടിൽ തോമസ് ദാനിയേലിന്റെയും മോനി തോമസിന്റെയും മകനായി 1992 ജൂൺ 9-ന് ജനിച്ചു. ബഹുമാനപ്പെട്ട മാത്യു കാലായിൽ അച്ചന്റെ കരങ്ങളിൽ നിന്ന് മാമോദീസ കൈക്കൊള്ളുകയും ദാനിയേൽ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ചെറുപ്പം മുതൽ തന്നെ ഇടവകയോടു ചേർന്നുള്ള ജീവിതമായിരുന്നു മകന്റേത്.

പ്രക്കാനം ഗവൺമെന്റ് എൽ.പി.സ്കൂളിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസവും മുട്ടത്തുകോണം എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. വൈദികനാകണമെന്നുള്ള ആഗ്രഹം കുഞ്ഞുന്നാളിൽ തന്നെ പറയുമായിരുന്നെങ്കിലും അന്നത് കാര്യമായി എടുത്തില്ല. അവിചാരിതമായി ഒരു ദിവസത്തെ പി.ടി.എ. മീറ്റിംഗിൽ പങ്കെടുക്കുവാൻ സ്കൂളിലെത്തിയപ്പോൾ ക്ലാസ് ടീച്ചറായ സലിജ ടീച്ചറാണ് മകന്റെ ഈ ആഗ്രഹത്തിന്റെ വ്യാപ്തിയെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതന്നത്. ഭാവിയിൽ ആരാകണമെന്നുള്ള ടീച്ചറുടെ ചോദ്യത്തിന് വൈദികനാകണമെന്നതായിരുന്നു മകന്റെ ഉത്തരം.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇടവകയുടെ തന്നെ വൈദികനായ ബഹുമാനപ്പെട്ട ജോൺ തുണ്ടിയത്ത് ഒ.ഐ.സി (ജോബി

www.malankaralibrary.com



അച്ചൻ മകനെ TOC ക്യാമ്പിന് ക്ഷണിക്കുകയും തുടർന്ന് 2007 മെയ് മാസം മൈലപ്ര മൗണ്ട് ബഥനിയിൽ വച്ച് നടന്ന ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. ക്യാമ്പിനുശേഷം തിരികെ വന്ന് വൈദികനാകണമെന്ന ശക്തമായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. 2007 ജൂൺ 6-ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ പഠനത്തിനായി പോവുകയും ചെയ്തു. മകനെ പ്രാർത്ഥനയിൽ നിരന്തരം സമർപ്പിച്ച അന്നത്തെ വികാരിമാരായിരുന്ന ബഹുമാനപ്പെട്ട തോമസ് പൊറ്റപ്പുരയിടം അച്ചനെയും, ദൈവസന്നിധിയിലായിരിക്കുന്ന വന്ദ്യ ജോഷ്വാ പീടികയിൽ കോർ എപ്പിസ്കോപ്പായെയും പ്രത്യേകമായി ഓർക്കുന്നു.

വൈദികനാകണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ തന്നെ ഉപ്പാപ്പൻ അച്ചന്റെ (ആന്റണി കല്ലിൽ ഒ.ഐ.സി) നിരന്തരമായ ഉപദേശവും കരുതലും സന്യാസജീവിതത്തിന്റെ പാതയിൽ കൂടി ശക്തമായി മുന്നോട്ടു പോകാൻ സഹായിച്ചു. ഒപ്പം ഞങ്ങളുടെ പ്രിയ സഹോദരി, സിസ്റ്റർ പൂജ എസ്.ഐ.സി.യുടെ സ്നേഹവും വാത്സല്യവും പ്രാർത്ഥനയും മകന്റെ സന്യാസ ജീവിതത്തെ കൂടുതൽ ബലപ്പെടുത്തുകയും ചെയ്തു.

സെമിനാരി ജീവിതത്തിലെ നീണ്ട 13 വർഷത്തെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും അനുഭവസമ്പത്തിന്റെയും പൂർത്തീകരണമായി 2021 ജനുവരി 4-ാം തീയതി ഞങ്ങളുടെ മകൻ പുരോഹിതനായി അഭിഷിക്തനാകുന്നു. ഈ അവസരത്തിൽ ബഥനി സന്യാസ സമൂഹത്തിലെ എല്ലാ വൈദികരോടും, എല്ലാ അംഗങ്ങളോടും, പ്രത്യേകിച്ച് ഈ കാലയളവിൽ ഒപ്പമുണ്ടായിരുന്ന ഇടവകയിലെ വികാരിമാരോടും, ഇടവക ജനങ്ങളോടും, ബന്ധുമിത്രാദികളോടും, സ്നേഹിതന്മാരോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു.

www.malankaralibrary.com

# സ്വപ്നം സഫലവും... ആഗ്രഹം ജീവിതവുമാകുന്ന ധന്യമീ നിമിഷം

**ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

"ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു; ഒരു കാര്യം മാത്രം ഞാൻ തേടുന്നു; കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ (സങ്കീർത്തനങ്ങൾ 27:4).

പൗരോഹിത്യ അഭിഷേകം എന്റെ യാത്രക്ക് പുതിയ അർത്ഥം നൽകുന്നു. എന്റെ ദൈവാന്വേഷണ ത്തിനു കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നു. ഈ തിരിച്ചറിവിൽ ദൈവസമ്പാദനത്തിന്റെ വഴിത്താരകളിൽ ദൈവസേവനവും ശുശ്രൂഷാ പൗരോഹിത്യ ധർമവും ചേർത്തുവച്ച് നിങ്ങൾ ഏവരുടെയും അനു ഗ്രഹാശിസ്സുകളോടെ ഞാൻ എന്റെ യാത്ര തുടരുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ഹിതം ആരായാനും അവിടുത്തെ ആലയത്തിൽ വസിക്കാനും സോദരങ്ങളിലേക്ക് എത്തുവാനുമുള്ള യാത്ര...

ബാല്യത്തിലെങ്ങോ കേട്ട വിളി ഇന്ന് യാഥാർത്ഥ്യമാവുകയാണ്... ബാല്യത്തിലെങ്ങോ കണ്ട സ്വപ്നം ഇന്ന് സഫലമാവുകയാണ്... ബാല്യത്തിലെന്നോ ഉള്ളിൽ മുളച്ച ആഗ്രഹം ഇന്ന് ജീവിതം ആകുകയാണ്...

വിളിച്ചു വേർതിരിച്ചു ചേർത്ത് നിർത്തി സ്നേഹിക്കുന്ന പൊന്നു തമ്പുരാന്... ജന്മമേകി വിശ്വാസത്തിൽ വളർത്തി ജപമാലമണികളും, ഉപവാസവും, മിഴിനീരും, കോർത്തിണക്കിയ പ്രാർത്ഥനയിൽ ബലിവേദിയിലേക്കുള്ള യാത്രയിൽ അനുധാവനം ചെയ്തു ബലപ്പെടുത്തുന്ന മാതാപിതാക്കൾക്ക്... സാഹോദര്യവും സൗഹൃദവും പങ്കുവച്ച് താങ്ങായി, തണലായി ഒപ്പമുള്ള അനുജന്...

സന്ന്യാസ സമർപ്പണത്തിന്റെ പാതയിൽ ചരിക്കുവാൻ എന്നും പ്രചോദനമായി നിൽക്കുന്ന എന്റെ കുടുംബത്തിൽ നിന്നുള്ള സമർപ്പിതർ സി.സുരഭില എസ്.ഐ.സി, സി.പൂജ എസ്.ഐ.സി, ഫാ.ആന്റണി കല്ലിൽ ഒ.ഐ.സി., സി.ഗ്ലോറിയ ഒ.എസ്.റ്റി., ബ്രദർ

www.malankaralibrary.com



ജോൺ കമുകുംപള്ളി എന്നിവർക്ക്....

സ്നേഹവാത്സല്യങ്ങളുടെ നിറവിൽ എന്നും ശക്തിപ്പെടുത്തിയ ഉറ്റവർക്കും ഉടയവർക്കും... അറിവിന്റെ അക്ഷരമുറ്റത്തേക്ക് കൈപിടിച്ചു നടത്തിയ ഗുരുഭൂതർക്കും ആത്മീയ പിതാക്കന്മാർക്കും...

പരിശീലന കാലഘട്ടങ്ങളിലൂടെ എന്നെ ഞാനാക്കുവാൻ നിയോഗം പേറി അനുധാവനം ചെയ്ത പ്രിയപ്പെട്ട ഗുരു അച്ചന്മാർക്ക്...

സമർപ്പണ ജീവിതത്തിനു പ്രോത്സാഹനം നൽകുന്ന ഇടവകാംഗങ്ങളായ ജ്യേഷ്ഠസഹോദരൻ ഫാ.ജോൺ തുണ്ടിയത്ത് ഒ.ഐ.സി., ഫാ.മൈക്കിൾ ഇടത്തിൽ, സി.ജ്യോതി എസ്.ഐ.സി., സി. ജോസ്‌ലിൻ എസ്.ഐ.സി എന്നിവർക്ക്....

പ്രാർത്ഥനയിൽ ശക്തിപ്പെടുത്തി ആത്മബലം പകർന്നു കൂടെ നിൽക്കുന്ന ഇപ്പോഴത്തെ വികാരി അച്ചന്മാരായ ബഹു.വർഗീസ് കൂത്തിനെത്തച്ചനും, ബഹു.ജിതിൻ തടത്തിലച്ചനും, ഒപ്പം ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സി.ക്ലയറിനും, സി.അനീറ്റക്കും...

ആത്മീയ ശുശ്രൂഷകളിലൂടെയും ആത്മീയ ഉപദേശങ്ങളിലൂടെയും ശക്തി നൽകിയ എന്റെ എല്ലാ വികാരി അച്ചന്മാർക്കും ഇടവകയിൽ ശുശ്രൂഷ നൽകുന്ന സിസ്റ്റേഴ്സിനും...

അൾത്താരയിലേക്കുള്ള യാത്രയിൽ പ്രാർത്ഥനയുടെ പാഥേയവും വെളിച്ചവും ഒരുക്കുന്ന എന്റെ ഇടവക കുടുംബത്തിന്...

പ്രാർത്ഥനകൊണ്ടും, സഹായംകൊണ്ടും പരിശീലനഘട്ടങ്ങളിൽ തുണയായ അഭ്യുദയകാംക്ഷികൾക്ക്...

വിരിച്ച കരങ്ങളാൽ പ്രാർത്ഥനയുടെ കവചം തീർക്കുന്ന എല്ലാ പ്രിയപ്പെട്ടവർക്കും...

നന്ദി.... നിറഞ്ഞ മനസ്സോടെ... ഒരുപാടു നന്ദിയും, പ്രാർത്ഥനയും...

ഒരുമിച്ചു കണ്ട പൗരോഹിത്യം എന്ന സ്വപ്നം നേടിയെടുക്കും മുമ്പ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ പ്രിയ സഹോദരൻ ജിതിൻ ജേക്കബ് ബഥാന്യന്റെ ദീപ്തസ്മരണകളിൽ പ്രണാമം അർപ്പിക്കുന്നു...

കയ്യിലേന്തി മുറിക്കുന്ന അപ്പംപോലെ മുറിയപ്പെടുമ്പോൾ അവനിലേക്ക് ഉയർത്തുന്ന കാസയോടൊപ്പം ജീവനും ജീവിതവും അവനിലേക്കുയർത്തി ബലിയാകാനും ബലിയേകുവാനുമായി നിങ്ങൾ എനിക്കുവേണ്ടി തുടർന്നും കരങ്ങളുയർത്തണമേ...

www.malankaralibrary.com

# പൗരോഹിത്യ വഴിയേ... ജയ്സൺ അച്ചൻ

ബ്ര. ജോസഫ് ഷൈജു ഒ.ഐ.സി.



വായനകളിൽ എവിടെയൊ വച്ച് മനസ്സിൽ നിറഞ്ഞ ഒരു ആശയമുണ്ട്. ഹിൽസ എന്ന മത്സ്യത്തെക്കുറിച്ച്... ഹിൽസയെ സ്വാദുറ്റതാക്കുന്നത് അതിന്റെ യാത്രകളാണ്. മുട്ടയിടാൻ സമുദ്രത്തിൽ നിന്നും നദിയിലേയ്ക്കുള്ള യാത്ര... മുട്ടയിട്ടു കഴിഞ്ഞാൽ സമുദ്രത്തിലേക്ക് വീണ്ടും യാത്ര... മുട്ട വിരിഞ്ഞാലുടൻ കുഞ്ഞുങ്ങളും കടൽ തേടി യാത്രയാകും... യാത്ര ചെയ്യാനുള്ള വ്യഗ്രത നശിച്ചാൽ പിന്നെ ഹിൽസയില്ല അതിന്റെ സ്വാദില്ല... ക്രിസ്തു നൽകുന്ന പൗരോഹിത്യ ചിന്തയും ഒരു യാത്രയുടെ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. അന്തിക്കറുപ്പ് പടരുന്നതുവരെ ജനങ്ങളോടൊത്തായിരുന്നവൻ പിന്നീട് യാത്രയാരംഭിക്കുന്നു പിതാവിന്റെ പക്കലേയ്ക്ക്... ദൈവസാന്നിധ്യത്തിലേയ്ക്ക്... പിന്നെ ആകാശം വെളുക്കുന്നതിനു മുമ്പേ യാത്ര ആരംഭിക്കും ജന മദ്ധ്യത്തിലേയ്ക്ക്... പൗരോഹിത്യത്തിന്റെ മാറ്റു കൂട്ടുന്നത് ഈ യാത്രയാണ്... ദൈവത്തിലേയ്ക്കുള്ള യാത്ര വീണ്ടും അവിടെ നിന്ന് സഹോദരങ്ങളിലേയ്ക്കുള്ള യാത്ര. ഈ യാത്ര ചെയ്യാനുള്ള വ്യഗ്രത നശിച്ചാൽ പിന്നെ പൗരോഹിത്യമില്ല, പൗരോഹിത്യത്തിന്റെ സ്വാദില്ല.

ബാലചന്ദ്രൻ ചുള്ളിക്കാട് പറയുന്നതുപോലെ, 'ഒരാളെക്കുറിച്ച് ആലോചിക്കാൻ അയാളുടെ അനുവാദം ചോദിക്കേണ്ട അതാണ് ഭൂമിയിലെ ഏറ്റവും വലിയ അവകാശം.' ഇത്തരം ഒരു അവകാശത്തിന്റെ ഓരത്തു നിന്നുകൊണ്ട് ഞാനറിഞ്ഞ ജയ്സൺ അച്ചനെക്കുറിച്ച് പങ്കുവയ്ക്കട്ടെ... 2010 ജൂൺ മാസം 10-ാം തീയ്യതി അച്ചൻ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. തിരുവല്ലയിലെ ആദ്യവർഷ പരിശീലനത്തിനുശേഷം ആലുവ തപോവനം നോവിഷ്യറ്റ് ഹൗസിൽ നവശിഷ്യകാലഘട്ടം പൂർത്തിയാക്കി, ആലുവ മംഗലപ്പുഴ സെമിനാരിയിൽ

www.malankaralibrary.com



തത്വശാസ്ത്ര പഠനവും, പൂനെയിൽ ജെ.ഡി.വിയിൽ നിന്നും ബി.വി. പിയിൽ നിന്നും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി.

ആദ്യവർഷ ബാച്ചുകാർ എന്ന നിലയിൽ അച്ചനെ കൂടുതൽ അറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ആദ്യവർഷങ്ങളിലെ തമ്മിലുണ്ടായിരുന്ന സംവാദങ്ങളിൽ നിന്നും ഇടപെടലുകളിൽ നിന്നും സഭയെക്കുറിച്ചും, സഭാചരിത്രത്തെക്കുറിച്ചും അച്ചനുണ്ടായിരുന്ന അറിവുകൾ അസൂയാവഹമായിരുന്നു. അന്ത്യോക്യൻ പാരമ്പര്യം, പാത്രയർക്കീസ്, മെത്രാൻകക്ഷി, ബാവാകക്ഷി, അബ്ദേദ് മ്ശിഹാ പാത്രയർക്കീസ്, അബ്ദുള്ള പാത്രയർക്കീസ് തുടങ്ങിയ വാക്കുകൾ ജീവിതത്തിൽ ഒരിക്കൽ പോലും കേട്ടിട്ടില്ലാത്ത എനിക്ക് ഇതിനെക്കുറിച്ചെല്ലാം ലാഘവത്തോടെ സംസാരിക്കുകയും, ഫിലോക്കാലിയ പോലുള്ള പുസ്തകങ്ങൾ ആദ്യവർഷങ്ങളിൽ തന്നെ വായിക്കുകയും കുറിച്ചുവയ്ക്കുകയും ചെയ്യുന്ന ബ്രദറിനെക്കണ്ടപ്പോൾ 'ഈ ശിശു ആരായിത്തീരും' എന്നു യോഹന്നാനെക്കുറിച്ച് ചിന്തിച്ചവരെപ്പോലെ 'ഇവനാരടാ' എന്ന ചിന്തയാണ് തോന്നിയത്. പിന്നീട് അത് തീർത്താൽ തീരാത്ത ആദരവും ബഹുമാനവുമായി മാറി. ഉറുമ്പു കണക്കെ കർമ്മനിരതനായ വ്യക്തിയെയാണ് ജയ്സൺ അച്ചനിൽ പരിശീലനത്തിന്റെ ആദ്യവർഷം മുതൽ ഇന്നുവരെ എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളത്. ഏൽപ്പിക്കുന്ന ഏതു കാര്യത്തെയും, എത്ര വെല്ലുവിളി നിറഞ്ഞവയാണെങ്കിലും അവയെ സമയബന്ധിതമായും, ഉത്തരവാദിത്വപൂർവ്വവും ചെയ്തു തീർക്കാൻ അച്ചൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ആദ്യവർഷം മുതലെ പ്രശംസനീയമാണ്. താൻ ഏറ്റെടുക്കുന്ന എതൊരു സംരംഭവും വിജയപഥത്തിലെത്തിക്കാനുള്ള ജയ്സൺ അച്ചന്റെ കഴിവ് അനിതര സാധാരണമാണ്. വായനകളിലൂടെയും പഠനങ്ങളിലൂടെയും സമയത്തെ കൃത്യമായി വിനിയോഗിക്കുവാൻ അച്ചൻ നൽകിയിട്ടുള്ള ഉദാത്ത മാതൃകകൾ കുഞ്ഞനുജന്മാർക്ക് എന്നും അനുകരണീയമാണ്.

തത്വശാസ്ത്രപഠനാനന്തരം എല്ലാ കാര്യങ്ങളെയും താത്വികമായി അവലോകനം ചെയ്യുന്ന വ്യക്തിയെയാണ് അച്ചനിൽ എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളത്. അരിസ്റ്റോട്ടിലും, പ്ലേറ്റോയും, ഇമ്മാനുവൽ കാന്റും, കാറൽ മാർക്സുമെല്ലാം അച്ചന്റെ സംവാദങ്ങളിൽ എപ്പോഴും പ്രത്യക്ഷപ്പെടുമായിരുന്നു. ഇത് അച്ചൻ എത്ര മാത്രം തന്റെ തത്വശാസ്ത്ര പഠനകാലത്തെ പ്രയോജനപ്പെടുത്തി എന്നതിന്റെ നേർക്കാഴ്ച

www.malankaralibrary.com



തന്നെയാണ്. ഏതൊരു കാര്യത്തെക്കുറിച്ചും പഠിക്കുവാനും അത് മറ്റു ള്ളവർക്കു കൂടി പ്രയോജനപ്പെടണമെന്ന ചിന്തയോടെ അത് പങ്കുവ യ്ക്കുകയും ചെയ്യുന്ന അച്ചൻ എല്ലാവരുടെയും വളർച്ചയിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പൂനാ പഠന ഗൃഹത്തിൽ തന്റെ പരിശീലനകാലഘട്ടത്തിൽ എല്ലാ കാര്യങ്ങളിലും തനതായ വ്യക്തി മുദ്ര പഠിപ്പിക്കുവാനും, വസ്തുനിഷ്ഠമായും, ക്രിയാത്മകമായും എതൊരു കാര്യത്തെയും വിലയിരുത്തുവാനും അച്ചന് സാധിച്ചു. വാർജെ- മാൽവാഡി ഇടവകയിലെ അച്ചന്റെ മിഷൻ പ്രവർത്തനങ്ങൾ അച്ചന്റെ പ്രവർത്തന മികവിനും നേതൃത്വ വൈഭവത്തിനും ഉത്തമ ഉദാ ഹരണമാണ്. യുവജനങ്ങളെയും ഇടവകജനത്തിനെയും ഒരുമിച്ച് ചേർത്ത് അവർക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ക്ലാസ്സുകൾ സംഘ ടിപ്പിക്കുവാനും, ഇടവക തലത്തിലെ എല്ലാ പരിപാടികൾക്കും ഇടവ കയ്ക്കു നേതൃത്വം നൽകാനും അച്ചൻ നടത്തിയ പരിശ്രമങ്ങൾ മായാത്ത, നിറം മങ്ങാത്ത ഓർമ്മകളായി ഹൃദയങ്ങളിൽ ഇടംപിടിക്കു ന്നവയാണ്.

അച്ചന്റെ സൗഹൃദ സംഭാഷണങ്ങൾ ഏവർക്കും ആകർഷണീ യമാണ്. വ്യക്തിബന്ധങ്ങളെ ശക്തിപ്പെടുത്തുവാനും, ഊട്ടി ഉറപ്പിക്കു വാനും, ഒരു ചെറുപുഞ്ചിരിയോടെ എല്ലാവരെയും നേരിടാനുള്ള അച്ച ന്റെ സവിശേഷമായ കഴിവ് എന്നും അനുകരണീയമാണ്. വലിയവനെ ന്നോ, ചെറിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ഉള്ളുതുറന്നു സ്നേഹിക്കാനും വിഷമങ്ങളിൽ ആശ്വാസവും സ്വാന്ത നവുമായി കടന്നു ചെല്ലുവാനുമുള്ള മനസ്സ് അച്ചന്റെ വ്യക്തിത്വത്തിന്റെ ഭാഗമാണ്.

പേന മടക്കാൻ സമയമായി... എഴുതിയതിലും കൂടുതൽ എഴു തുവാൻ കഴിയാതെപോയ നിറമുള്ള ഓർമ്മകളാണ്... അതെ, അക്ഷര ങ്ങൾക്ക് പകരം വയ്ക്കാൻ കഴിയാത്ത ജീവിതാനുഭവങ്ങളുണ്ട്... ഇനിയും ചികഞ്ഞെടുക്കാത്ത ജീവിത സാക്ഷ്യങ്ങളുണ്ട്... ഞാനറി യാത്ത ജീവിതാനുഭവങ്ങളുള്ളവരുണ്ട്... എല്ലാം അക്ഷരങ്ങളാകാത്ത ഹൃദയത്താളുകളിലുണ്ടാകും... ജീവന്റെ ഘടികാരം നിലക്കുന്നതുവ രെ. പൗരോഹിത്യത്തിന്റെ പന്ഥാവിലേയ്ക്ക് പ്രവേശിക്കുമ്പോൾ കട ന്നുപോകുന്ന വഴിത്താരകളെ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു... ആശംസകൾ!

www.malankaralibrary.com

# പ്രത്യാശയോടെ...
# നാഥന്റെ അരുൾപ്പാടിനായി കാത്ത്...

**സൈമൺ തോമസ് & എലിസബത്ത് സൈമൺ**
(ഫാ. ജെയ്സൺ സൈമണിന്റെ, മാതാപിതാക്കൾ)

"കർത്താവിനെ സ്തുതിക്കുവിൻ. കർത്താവിനു നന്ദി പറയുവിൻ. അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു" (സങ്കീ 106:1).

ദൈവം തമ്പുരാന് നന്ദി...

ഞങ്ങളുടെ മകൻ ജെയ്സൺ ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുമ്പോൾ, ദൈവത്തിന് ഞങ്ങൾ ആയിരമായിരം നന്ദിയും കൃതജ്ഞതാസ്തോത്രവും അർപ്പിക്കുന്നു. ആലപ്പുഴ ജില്ലയിൽ പുലിയൂർ പഞ്ചായത്തിൽ കടാംപള്ളിൽ വീട്ടിൽ സൈമൺ തോമസിന്റെയും എലിസബത്ത് സൈമണിന്റെയും മകനായി 1993 ജൂലൈ 10-ാം തിയതി ജെയ്സൺ ജനിച്ചു. ബഹുമാനപ്പെട്ട പി.റ്റി ജോർജ് അച്ചന്റെ കൈകളാൽ ഇലഞ്ഞിമേൽ സെൻ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ നിന്ന് മാമോദീസാ സ്വീകരിക്കുകയും തോമസ് സൈമൺ എന്ന മാമോദീസാ നാമം സ്വീകരിക്കുകയും ചെയ്തു. വളരെ ചെറുപ്പത്തിൽ തന്നെ ഒരു വൈദീകനാകാനുള്ള ആഗ്രഹം ജെയ്സണിൽ പ്രകടമായിരുന്നു. ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഇടവകാംഗങ്ങൾക്കും ഇഷ്ടമായ രീതിയിൽ പള്ളിയിലെ എല്ലാ കാര്യങ്ങളിലും സംബന്ധിക്കുകയും, സൺഡേസ്കൂൾ, എം.സി.വൈ.എം എന്നിവയിൽ വ്യാപൃതനായി തനിക്കായിട്ടുള്ള ദൈവീക പദ്ധതിക്ക് ചെവികോർത്തിരുന്നു.

ഹയർസെക്കന്ററി കഴിഞ്ഞപ്പോൾ തനിക്ക് വൈദീകൻ ആകാൻ പോകണം എന്ന് പറഞ്ഞപ്പോൾ ഏറെ വേദനയോടെയാണ് ഞങ്ങൾ അതിനെ സ്വീകരിച്ചത്. കല്ലുങ്കൽ പള്ളിയിൽ വന്ന ബഥനി സന്ന്യാസ വൈദികരുടെ ജീവിതവും പ്രേരണയും റ്റി. ഒ. സി ക്യാമ്പിൽ പങ്കെടുത്തും ജെയ്സണിന് ബഥനിയിൽ ആയിരിക്കും തന്റെ ജീവിതം എന്ന് മനസ്സിലാക്കിയിരുന്നു. ഇലഞ്ഞിമേൽ ഇടവകയിൽ രൂപതാ വൈദീകർ ആയിരുന്നു വികാരിമാർ എന്നിട്ടും ഈ സന്യാസ ജീവിതത്തിലേക്ക് ആകൃഷ്ടനാകാൻ കാരണം ദൈവികപദ്ധതിയാണ് എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

www.malankaralibrary.com



2010 ജൂൺ 15-ാം തിയതി തിരുവല്ല ബഥനി ദയറാ ആശ്രമത്തിൽ പരിശീലനത്തിനായി പോയ ഞങ്ങളുടെ മകനെ ഏറെ സങ്കടത്തോടെയാണ് ഞങ്ങൾ യാത്രയാക്കിയത്. എന്നാൽ ഇന്ന് ഞങ്ങൾ ഏറെ സന്തുഷ്ടരാണ്. ബഹു. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ അച്ചനും, ജോസഫ് ഫിലിപ്പ് ആലുമൂട്ടിൽ അച്ചനുമാണ് ഞങ്ങളുടെ മകനെ ആശ്രമത്തിലേക്ക് നയിച്ചത്.

ഞങ്ങളുടെ മകന്റെ സന്യാസജീവിതം രൂപീകരണത്തിൽ ബഹുമാനപ്പെട്ട വൈദീകരും സിസ്റ്റേഴ്സും കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. വളരെ പ്രത്യേകമായി മുൻ വികാരിമായിരുന്ന സ്റ്റീഫൻ മാത്യു അച്ചൻ, ചെറിയാൻ മായിക്കൽ അച്ചൻ, ജോബ് കല്ലുവിളയിൽ അച്ചൻ, ഗീവർഗീസ് വൈദ്യൻ അച്ചനെയും ബഹുമാനപ്പെട്ട സിസ്റ്റർ അനിസെറ്റ്, സി. ഗ്ലോറിയ, സി. അഖില, സി. മരിയറ്റ്, സി. ലിസ്ബത്ത്, സി. നിലീന, സി. ക്ലമൻസ് എസ്.ഐ.സി. ജെയ്സണിന്റെ സന്യാസ വൈദീക സമർപ്പണ ജീവിതത്തെ സ്വീധീനിച്ചിട്ടുണ്ട് എന്നതിൽ സംശയം ഇല്ല. ബഹു. ഈ വൈദീകർക്കും സിസ്റ്റേഴ്സിനും ഈ സമയം ഞങ്ങൾ നന്ദിയർപ്പിക്കുന്നു.

നീണ്ട 10 വർഷത്തെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പരിശീലനത്തിന്റെയും ഫലമായി 2021 ജനുവരി 4-ാം തിയതി ഞങ്ങളുടെ മകൻ വൈദീകനായി അഭിഷിക്തനാകുന്നു. ഈ സന്യാസ വൈദീക പരിശീലന കാലഘട്ടത്തിൽ മകനെ സഹായിച്ച ബഥനി സന്യാസ സമൂഹത്തിലെ എല്ലാ അംഗങ്ങളോടും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.

ജെയ്സൺ എടുത്ത ഈ തീരുമാനത്തെ ദൈവത്തിന്റെ പാവനമായ കരങ്ങളിൽ സമർപ്പിക്കുന്നു. എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ തിരുവിഷ്ടത്തിന് വിട്ട്കൊണ്ട് ബഥനിയിൽ നിന്നും ആർജ്ജിച്ച ലാളിത്യവും സന്യാസ നിഷ്ഠകളും പ്രാർത്ഥനയും സമർപ്പണ മനോഭാവവും ഒരു സന്യാസ വൈദീകൻ എന്ന നിലയ്ക്ക് ദൈവമഹത്വത്തിനും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കും ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. കർത്താവിന്റെ ആലയത്തിൽ ആയിരുന്ന് ദൈവജനത്തെ ശുശ്രൂഷിപ്പാനുള്ള ആയുസ്സും ആരോഗ്യവും കഴിവും ദൈവികജ്ഞാനവും ആശ്വാസപ്രദനായ പരിശുദ്ധ റൂഹാ പ്രദാനം ചെയ്യട്ടെ എന്ന് ഈ നിമിഷം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# നാഥന്റെ ഇഷ്ടം നിറവേറ്റാൻ ദാസനിതാ...

**ഫാ. ജെയ്സൺ സൈമൻ കടംമ്പള്ളിൽ ഒ.ഐ.സി**

"അരുളിചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു"
(1 സാമു 3:10)

ഈ ഭൂമിയിൽ ജനിക്കുന്ന നിമിഷം മുതൽ അനേകം പേരുടെ വാത്സല്യവും പരിപാലനയും ശാസനയും തിരുത്തലുകളും നേടിയാണ് നാം ഓരോരുത്തരും വ്യക്തികളായി രൂപം കൊള്ളുന്നത്. ഇപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ സഹായിച്ച വ്യക്തികളെ, ഈ ബലി പീഠത്തോട് അടുക്കുമ്പോൾ നിറഞ്ഞ ഹൃദയത്തോടെ ആത്മാർത്ഥമായി നന്ദിയോടെ ഓർക്കുന്നു. സ്വന്തം കൈക്കുള്ളിൽ എന്നെ എഴുതി, എന്നെ സ്വന്തമാക്കി, എന്റെ കുറവുകളെ നിറവുകളാക്കി തീർത്ത ഉടയോൻ തമ്പുരാന് സ്തോത്രം.

ഈ ജീവിതാന്തസ് തിരഞ്ഞെടുക്കുവാൻ പ്രേരകമായ ബൈബിൾ വാക്യം ആണ് സാമുവേലിന്റെ വിളിയിൽ. തിരുവല്ല ആശ്രമ ചാപ്പലിന്റെ പുറകിൽ ബഞ്ചിൽ ഇരുന്ന് ഒരു ഉത്തരത്തിനായി പ്രാർത്ഥിച്ചപ്പോൾ ദൈവത്തിൽ നിന്നുള്ള ഒരു ഉത്തരമായി ഞാൻ ഈ വാക്യത്തെ സ്വീകരിച്ചു. ഇന്ന് തിരിച്ച് ചിന്തിക്കുമ്പോൾ ദൈവം ഒരുക്കിയ ഈ വിളിയിലേക്ക്, കൈപിടിച്ച് നടത്തിയ ഇടങ്ങളെ സംഭവങ്ങളെ സ്മരിക്കുന്നു. ഈ ബൈബിൾ വചനത്തിന്റെ അടിസ്ഥാനത്തിൽ എന്റെ ജീവിതത്തെ വിലയിരുത്തുമ്പോൾ കൂടുതൽ സമർപ്പണം എന്നിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നു. അത് നേടാനായി എനിക്ക് സാധിക്കുവാൻ എന്റെ പ്രിയമുള്ളവരെ പ്രർത്ഥിക്കണേ. സാമുവേലിനെപ്പോലെ ദൈവത്തിന്റെ സ്വരം തിരിച്ചറിഞ്ഞ് അതിന് പ്രത്യുത്തരം നൽകാൻ പ്രാപ്തരാക്കിയ അനേകം വ്യക്തികൾ ഉണ്ട്.

ജന്മം നൽകി വിശ്വസജീവിതത്തിന്റെ നേർസാക്ഷ്യം കാട്ടിതന്ന് വിശ്വാസത്തിൽ വളർത്തിയ സ്നേഹനിധികളായ മാതാപിതാക്കൾക്ക് വാക്കുകളുടെ കുറവും അർത്ഥപര്യാപ്തതയും തിരിച്ചറിഞ്ഞ് കൊണ്ട് തന്നെ നന്ദിയേകുന്നു. ഒന്നിച്ച് വളർന്നും പ്രാർത്ഥിച്ചും സ്നേഹം പങ്കുവച്ചും കലഹിച്ചും സ്നേഹത്തിലും സന്താപത്തിലും കൂടെ ഉണ്ടായിരുന്ന സഹോദരിക്ക് സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും പൂച്ചെ

www.malankaralibrary.com



ണ്ടുകൾ നേരുന്നു. ഇപ്രകാരം ഒരു കുടുംബം എനിക്ക് നൽകിയ, എന്നെ ഞാനാക്കിയ സർവ്വേശ്വരന്റെ പക്കൽ പ്രാർത്ഥനയോടും സന്തോഷത്തോടും ഒരായിരം നന്ദി. ജീവിതത്തിൽ എന്നും പ്രോത്സാഹനമായി നിലക്കൊള്ളുന്ന ബന്ധുമിത്രാദികൾ സുഹൃത്തുകൾ എന്നിവരെയും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു.

ആത്മീയമായി എന്നെ വളർത്തിയ ഇലഞ്ഞിമേൽ ദേവാലയത്തോടും ബലിപീഠത്തോടും എന്റെ ആത്മീയ വളർച്ചയിൽ സഹായിച്ച എന്റെ ഇടവകാംഗങ്ങളോടും നന്ദി നേരുന്നു. സന്യാസം ആകുന്ന ജീവിതത്തിലേക്ക് എന്നെ ആത്മീയമായി ഉദരത്തിൽ പേറിയ കല്ലുങ്കൽ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയോടും എന്റെ സന്യാസ പരിശീലനത്തിൽ എനിക്കായി പ്രാർത്ഥിക്കുന്ന ഈ ഇടവകയിലെ എല്ലാ അംഗങ്ങളോടും നന്ദിയേറുന്നു. സന്യാസ ജീവിതത്തിലേക്ക് എന്നെ ആനയിച്ച് എനിക്ക് ശക്തി നൽകിയ അപ്പച്ചനെയും മോനച്ചൻ ഷിബു എന്നീ അമ്മാച്ചൻമാരേയും എന്റെ ജേഷ്ഠനായ പിന്റോയേയും ഞാൻ സ്നേഹത്തോടെ ഓർക്കുന്നു. ഈ തീരുമാനം അറിഞ്ഞ് എന്നെ ആത്മീയമായി വളർത്തിയ ബഹുമാനപ്പെട്ട ജോർജ് തോമസ് കല്ലുങ്കൽ അച്ചനേയും, സി. തെരേസ് മാർഗരറ്റ് എസ്.ഐ.സി യേയും പ്രാർത്ഥനയിൽ ഓർക്കുന്നു, നന്ദി അറിയിക്കുന്നു. വൈദിക ജീവിതത്തിലേക്ക് എന്നെ നയിച്ച എല്ലാ വന്ദ്യ ഇടവക വൈദീകരേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. ആദ്യ കുർബാന സ്വീകരണത്തിന് എന്നെ ഒരുക്കിയ സി. ആൻസറ്റിനെയും നന്ദിയോടെ ഓർക്കുന്നു. എന്റെ വൈദീക ജേഷ്ഠ സഹോദരായ ജോസ് കല്ലറയ്ക്കൽ അച്ചൻ, തോമസ് മരോട്ടിമൂട്ടിൽ അച്ചൻ, ജോർജ് വർഗീസ് തെക്കേവട്ടത്ത് ഒ.ഐ.സി. അച്ചൻ, ജോസഫ് ഫിലിപ്പ് ആലുമൂട്ടിൽ ഒ.ഐ.സി. അച്ചൻ, തോമസ് മാത്യൂ കൊച്ചുവടക്കേത്തിൽ അച്ചൻ, തോമസ് ജോർജ് കൊച്ചുവടക്കേൽ ഒ.ഐ.സി. അച്ചൻ ഗീവർഗീസ് ചാക്കപ്പൂട്ടിൽ അച്ചനേയും ഈ സമയം നന്ദിയോടെ ഓർക്കുന്നു. സന്യാസ വൈദീക പരിശീലന കാലത്ത് ആത്മീയമായ കരുതലും പ്രാർത്ഥനയും സ്നേഹവും നൽകിയ സിസ്റ്റർ സ്മിത എസ്.ഐ.സി, സി. മറിയം എസ്.ഐ.സി, സി. അനിമ എസ്.ഐ.സി, സി. സാന്ദ്ര എസ്.ഐ.സി, സി. വന്ദിത എസ്.ഐ.സി, സി. പാവന എസ്.ഐ.സി. ഒത്തിരി സ്നേഹത്തോടെ ഓർക്കുന്നു.

www.malankaralibrary.com



സമൂഹജീവിതത്തിൽ ഉത്തമ നിർദ്ദേശം നൽകി കൊണ്ട് നയിക്കുന്ന പെരിയ ബഹു. ജനറാളച്ചനേയും മറ്റ് കൗൺസിൽ അംഗങ്ങളെയും അതുപോലെ പ്രോവിൻഷ്യാളച്ചനേയും മറ്റ് കൗൺസിൽ അംഗങ്ങളെയും ഓർക്കുന്നു. പരീശീലന കാലഘട്ടത്തിൽ ഡയക്കണേറ്റ് മിനിസ്റ്ററിയുടെ സമയത്ത് മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകുന്ന പെരിയ ബഹു. മാത്യൂ ജേക്കബ് തിരുവാലിൽ അച്ചനെ ഓർക്കുന്നു.

എന്റെ പരിശീലനത്തിൽ റെക്ടർമാരായിരുന്നു ജോസഫ് ഫിലിപ്പ് അച്ചൻ, നവശിഷ്യ ഗുരുവായിരുന്ന തോമസ് പ്രശാന്ത് അച്ചൻ, മാത്യു സി അഗസ്റ്റിൻ അച്ചൻ, സിറിൽ ആനന്ദ് അച്ചൻ, ജോർജ് അയ്യനേത്ത് അച്ചൻ, ജോൺ ബ്രിട്ടോ അച്ചൻ, തോമസ് റെജി അച്ചൻ, മത്തായി കടവിൽ അച്ചൻ എന്നിവരെ ഓർക്കുന്നു. എന്റെ ആത്മീയ പിതാക്കന്മാരായിരുന്ന ബഹു. ലാസറസ് അച്ചൻ, ബോസ്കോ അച്ചൻ, തോമസ് പ്രശാന്ത് അച്ചൻ, വിനു RCJ, ഫിലിപ്പ് വൈശ്യനേത്ത് അച്ചൻ, തോമസ് കട്ടത്തറ SJ അച്ചൻ, ജോസഫ് മേനാക്കളിക്കൽ അച്ചൻ, ഷാജൻ കുറ്റിയിൽ അച്ചൻ, ജേക്കബ് ദയാനന്ദ് അച്ചൻ, മെൽവിൻ മാത്യു അച്ചന്മാരേയും ഞാൻ ഏറെ സ്നേഹത്തോടെ ഓർക്കുന്നു.

റീജൻസി കാലഘട്ടത്തിൽ മാർഗനിർദേശം നൽകിയ അനി അച്ചനോടും വർഗീസ് തോപ്പിൽ അച്ചനോടും സത്യൻ അച്ചനോടും തിരുവല്ലയിലും ഹെബ്രിയിലും നെല്ലിയാടിയിലും ഉണ്ടായിരുന്ന മറ്റ് സഹോദരങ്ങളോടും നന്ദിയും സ്നേഹവും അറിയിക്കുന്നു. എനിക്കായി പ്രാർത്ഥിക്കുകയും എനിക്കായി നിലകൊള്ളുകയും ചെയ്യുന്ന എന്റെ ബഥാന്യർക്ക് പ്രത്യേകിച്ച് പൂന ബഥനി ആശ്രമത്തിലെ വൈദികർക്കും സഹോദരങ്ങൾക്കും നന്ദി. തിയോളജി പഠന കാലത്തിലെ ബി.വി.പിയിലെയും, ജെ.ഡി.വി.യിലെയും അദ്ധ്യാപകരേയും ഏറെ നന്ദിയോടെ ഓർക്കുന്നു.

സന്യാസ വൈദീക പരിശീലന കാലഘട്ടത്തിൽ ഇടവക കൂട്ടായ്മയെ ശുശ്രൂഷിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഈ സന്ദർഭങ്ങൾ വ്യക്തികൾ എന്നിവ എല്ലാം തന്നെ എന്നെ ആത്മീയമായി വളർത്തുന്നതിലും നിത്യ പുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്ക് ആ അരൂപിയിലേക്ക് എന്നെ വളർത്തുവാൻ ഇടയാ

www.malankaralibrary.com



ക്കിയിട്ടുണ്ട്. കളമശ്ശേരി, ആലുവ, കല്ലുങ്കൽ, നെല്ലിയാടി, ചിഞ്ചുവാട്, വിശ്രാന്തവാടി, വാർജെ എന്നീ ഇടവകയിലെ അംഗങ്ങളെയും വികാരിമാരായിരുന്ന വൈദീകരേയും ഏറേ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു.

കോവിഡിന്റെ കാലഘട്ടത്തിൽ ഡയക്കനേറ്റ് മിനിസ്റ്റിക്ക് നേതൃത്വം നൽകിയ ബഹു. റെജി അച്ചനേയും തിരുവനന്തപുരം ബഥനി പ്രൊവിൻഷ്യലേറ്റിലെ എല്ലാ സിസ്റ്റേഴ്സിനെയും, മറ്റ് ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സിസ്റ്റേഴ്സിനേയും നാലാഞ്ചിറ വലിയ പള്ളി വികാരി ബഹു. മാത്യൂ പാറയ്ക്കൽ, അസി. വികാരി സാമുവൽ പനച്ചിവിള അച്ചനേയും ഇടവക ജനത്തെയും സ്നേഹത്തോടെ ഓർക്കുന്നു. ഒപ്പം ഞാൻ ആയിരുന്ന നാലാഞ്ചിറ ദയറാ ആശ്രമത്തിലും പ്രോവിഷ്യൻ ആശ്രമത്തിലെ എന്റെ മുതിർന്ന സഹോദരരേയും ഇളയ അനുജൻമാരേയും ഓർക്കുന്നു.

എന്റെ ഇടവക വികാരിയായിരിക്കുന്ന ഡയനിഷ്യസ് ലൂർദ് ഭവൻ അച്ചനേയും, അച്ചനോട് ചേർന്ന് പ്രവർത്തിക്കുന്ന ഇടവക കമ്മറ്റി അംഗങ്ങളെയും ഓർക്കുന്നു. ദൈവത്തിന്റെ അനന്തമായ കാരുണ്യത്താൽ ഞാൻ ഈ ബലിവേദിയിലേക്ക് അടുക്കുമ്പോൾ ദൈവീക സ്നേഹം അനേകരിലേക്ക് പങ്കുവയ്ക്കാൻ ദൈവം എന്നെ ശക്തമാക്കട്ടെ. എന്റെ ബലഹീനതയുടെ നടുവിൽ ദൈവത്തിന്റെ ശക്തി വെളിപ്പെടുവാൻ വേണ്ടി നിങ്ങൾ എനിക്കു വേണ്ടി തുടർന്നും പ്രാർത്ഥിക്കുക.

---

**എല്ലാ തെരുവുകളിലും നാം സുവിശേഷം പ്രസംഗിക്കേണ്ടതുണ്ട്. ദൈവരാജ്യത്തിന്റെ സദ്വാർത്ത, സൗഖ്യത്തിന്റെ വാർത്ത നാം പ്രഘോഷിക്കേണ്ടതുണ്ട്. നമ്മുടെ പ്രഘോഷണത്തോടെ എല്ലാ രോഗവും മുറിവുകളും സൗഖ്യമാക്കേണ്ടതുണ്ട്.**

**– ഫ്രാൻസിസ് മാർപാപ്പാ**


www.malankaralibrary.com

# കർമ്മധീരരായ ജൂബിലേറിയന്മാർ

**ഫാ.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**

ഈ വർഷം വ്രതവാഗ്ദാനത്തിന്റെ ജൂബിലി പൂർത്തിയാക്കുന്ന നമ്മുടെ സമൂഹത്തിലെ നാല് വൈദികരെയും ജൂബിലിയുടെ ആശംസകൾ സമൂഹത്തിന്റെ പേരിൽ അറിയിക്കുന്നു. അവർ നാലു പേരും നലം തികഞ്ഞ ശുശ്രൂഷയുടെയും സേവനത്തിന്റെയും നാലു മാതൃകകളാണ്. ഓരോരുത്തരുടെയും ജീവിതം സമൂഹത്തിന് നൽകുന്ന കർമ്മപർവ്വതരുടെ വ്യതിരേകമോർത്ത് ദൈവത്തെ സ്തുതിക്കുന്നു. എന്നെ ശക്തനാക്കുന്നവനിൽ എനിക്ക് എല്ലാം സാദ്ധ്യമാണ് എന്ന് വി.പൗലോസിനെപ്പോലെ പ്രഖ്യാപിക്കുന്നതാണ് ഓരോരുത്തരുടെയും ജീവിതം. ഓരോരുത്തരെയും അഭിനന്ദിക്കുകയും അഭിമാനത്തോടെ അവർക്ക് ആശംസകൾ അപ്പിക്കുകയും ചെയ്യുന്നു (സങ്കീർത്തനം 35:2).

**റവ.ഫാ.കുര്യാക്കോസ് കുളപ്പുറത്ത് ഒ.ഐ.സി.**



കല്ലാറിൽ കുളപ്പുറത്ത് എബ്രഹാമിന്റെയും സാറാമ്മയുടെയും മകനായി 1974-ൽ ഫാ.കുര്യാക്കോസ് ജനിച്ചു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കി 1990-ൽ കോട്ടയം ആശ്രമത്തിൽ ചേർന്നു. തിരുവല്ലായിൽ ഒന്നാംവർഷ പഠനം പൂർത്തിയാക്കി നാലാഞ്ചിറ ബഥനി കോളേജിൽ പഠിച്ച് പി.ഡി.സി. പൂർത്തിയാക്കി ആലുവായിൽ 1993-'95 പ്രീനോവിഷ്യേറ്റും നോവിഷ്യേറ്റും പൂർത്തിയാക്കി. 1995 മെയ് 6-ന് പ്രഥ വ്രതവാഗ്ദാനം നടത്തി. തുടർന്ന് ബഥനി കോളേജിൽ 1995-'98 കാലത്ത് ബിരുദപഠനം പൂർത്തിയാക്കി. തുടർന്ന് പൂനായിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 24-112004-ൽ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് തിരുമനസ്സിൽ നിന്ന് വൈദികാ ഭിഷേകം പ്രാപിച്ചു. വൈദികനായ ശേഷം ദേശം ആശ്രമത്തിൽ അർത്ഥികളുടെ അസിസ്റ്റന്റ് മാസ്റ്ററായും തിരുവല്ലാ ആശ്രമത്തിൽ അർത്ഥികളുടെ മാസ്റ്ററായും ശുശ്രൂഷ ചെയ്തു. അപ്പോൾ മേപ്രാൽ പള്ളിയുടെ വികാരിയായും, ആശ്രമ പ്രൊക്യുറേറ്ററായും തിരുവല്ലായിലെ മാതൃസമാജത്തിന്റെ ഡയറക്ടറായും നേതൃത്വം നൽകി.

2. 2007-2010 ഗിരിദീപത്തിൽ ഹൈസ്കൂളിന്റെ ചുമതലയായും ബഥനി വിദ്യാർത്ഥികളുടെ റെക്ടറായും ബർസാറായും സേവനം

www.malankaralibrary.com



ചെയ്തു. 2010 മാർച്ചിൽ ജർമ്മൻ പഠനത്തിനായി പൂനായിൽ അയയ്ക്കപ്പെട്ടു. തുടർന്ന് ജർമ്മനിയിലെ കൊളോൺ രൂപതയിൽ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നു (2015-2021). കഠിനാദ്ധ്വാനത്തിന്റെയും മാതൃകാപരമായ സന്ന്യാസ വൈദിക ജീവിതത്തിന്റെയും ഉടമയായ ബഹു.അച്ചൻ എല്ലാവരോടും നല്ലബന്ധം നിലനിർത്തുന്നതിന് ഏറെ ശ്രദ്ധാലുവമാണ്. ബഹു.അച്ചന് ജൂബിലിയുടെ എല്ലാ ആശംസകളും പ്രാർത്ഥനാപൂർവ്വം അർപ്പിക്കുന്നു.

**റവ.ഫാ.ജേക്കബ് ദയാനന്ദ് ഒ.ഐ.സി.**



കോന്നി, വാകയാർ കാനൻഗിരിയിൽ ശ്രീ. വറുഗീസിന്റെയും മറിയാമ്മയുടെയും മകനായി 1975 മെയ് മാസം 25-ാം തീയതി ഫാ.ജേക്കബ് ദയാനന്ദ് ജനിച്ചു. വകയാറും ഊട്ടുപാറയുമായി ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. 1990-ൽ കോട്ടയം ആശ്രമത്തിൽ പ്രവേശനം നേടുകയും തിരുവല്ലാ ആശ്രമത്തിൽ ഒന്നാംവർഷ പഠനം പൂർത്തിയാക്കുകയും ചെയ്തു. 1991-'93-ൽ ബഥനി കോളേജിൽ (തിരുവനന്തപുരം) പി.ഡി.സി. പൂർത്തിയാക്കി. 1993-1995 വർഷങ്ങളിൽ ആലുവായിൽ പ്രി-നോവിഷ്യേറ്റും നോവിഷ്യേറ്റും പൂർത്തിയാക്കി 1995 മെയ് 6-ന് പ്രഥമവ്രതവാഗ്ദാനം നടത്തി. 1995 -'98-ൽ ബഥനി കോളേജിൽ ഡിഗ്രി പഠനവും പൂർത്തിയാക്കി. 24-11-2004-ൽ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് പിതാവിൽനിന്ന് വൈദികാഭിഷേകം പ്രാപിച്ച അച്ചൻ എം.എ.യും, എം.എഡ്.ഉം പ്രത്യേകം പഠിച്ച് തന്റെ ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കി.

ആശ്രമത്തിലെ വിവിധ ശുശ്രൂഷകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു. 2005-2006-ൽ നാലാഞ്ചിറ ആശ്രമത്തിലെ പ്രൊക്യുറേറ്ററും വൊക്കേഷൻ പ്രൊമോട്ടറുമായി പ്രവർത്തിച്ചു. 2006-2008-ൽ കൽക്കട്ടായിൽ വികാരിയായും, സുപ്പീരിയറായും, സി.എം.ഐ. സമൂഹത്തിന്റെ വൈസ് പ്രിൻസിപ്പലുമായി അദ്ധ്യാപനം നടത്തി.

2008-2010-ൽ പിൻകുളം ആശ്രമങ്ങളുടെ സുപ്പീര്യറും പിൻകുളം, പഴയ ഉച്ചക്കട, കുഴിഞ്ഞാംവിള പള്ളികളുടെ വികാരിയുമായി നേതൃത്വം കൊടുത്തു. 2010-ൽ കലയപുരം സ്കൂളിന്റെ ബർസാറായും കുളക്കട, മൈലം പള്ളികളുടെയും വികാരിയായും നേതൃത്വം നൽകി.

www.malankaralibrary.com



2010-2012-ൽ വേങ്കോട് സ്ഥാപനങ്ങളുടെ പ്രിൻസിപ്പലും, ഡയറക്ടറുമായി നേതൃത്വം കൊടുത്തു.

2010-ൽ കലയപുരം സ്കൂളിന്റെ ബർസാറായും കുളക്കട, മൈലംപള്ളികളുടെയും വികാരിയായും നേതൃത്വം നൽകി. 2010-2012-ൽ വേങ്കോട് സ്ഥാപനങ്ങളുടെ പ്രിൻസിപ്പലും ഡയറക്ടറുമായി നേതൃത്വം കൊടുത്തു. ചെക്കുട്ടുവിളയിലെ വികാരിയായും പ്രവർത്തിച്ചു. 2012-2015-ൽ കലയപുരം സ്കൂളിന്റെ പ്രിൻസിപ്പലായും മൈലം ഈസ്റ്റ്, താമരക്കുടി ഇടവകകളുടെ വികാരിയായും നേതൃത്വശുശ്രൂഷ നടത്തി. 2015 മുതൽ നവജീവൻ പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായും ജയമാതായിലെ ചാപ്ലയിനായും ശുശ്രൂഷ ചെയ്യുന്നു. ഓരോ മേഖലയിലും തന്റെ പദവികളോട് വ്യക്തിത്വം കൂട്ടിച്ചേർക്കാൻ കഴിഞ്ഞ ബഹു.അച്ചന് ജൂബിലിയുടെ ആശംസകൾ സമൂഹം മുഴുവന്റെയും പേരിൽ പ്രാർത്ഥനാപൂർവ്വം അർപ്പിക്കുന്നു.

**റവ.ഫാ.പോൾ വിനീത് കൂടപ്പാട്ട് ഒ.ഐ.സി.**



മുറിഞ്ഞപുഴ കൂടപ്പാട്ട് ജോസഫിന്റെയും മേരിയുടെയും മകനായി ഫാ.പോൾ വിനീത് 1974 ജൂലൈ 11-ന് ജാതനായി. എരുമേലി, കാഞ്ഞിരപ്പള്ളി സ്കൂളുകളിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി 10-06-1990-ൽ കോട്ടയത്ത് ആശ്രമത്തിൽ ചേർന്നു. ഒന്നാം വർഷ പരിശീലനം 1990-'91-ൽ തിരുവല്ലാ ആശ്രമത്തിൽ നടത്തപ്പെട്ടു. 1991-'93-ൽ മാർ ഈവാനിയോസ് കോളേജിൽ പി.ഡി.സി. പഠനം പൂർത്തിയാക്കി. 1993-1994 ആലുവാ ആശ്രമത്തിൽ പ്രീ-നോവിഷ്യേറ്റ്, നൊവിഷ്യേറ്റ് പഠനം പൂർത്തിയാക്കി 1995 മെയ് 6-ന് പ്രഥമ വ്രത വാഗ്ദാനം നടത്തി. മാർ ഈവാനിയോസ് കോളേജിൽ ഡിഗ്രി പഠനം പൂർത്തിയാക്കി. 1998-2004-ൽ പൂനാ ജെ.ഡി.വി.-യിൽ ഫിലോസഫിയും തിയോളജിയും പഠിച്ചു. 2004-ൽ നവംബർ 24-ന് അഭിവന്ദ്യ ഐസക് മാർ ക്ലീമീസിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കോട്ടയം ഗിരിദീപത്തിലായിരുന്നു വൈദികാഭിഷേകം.

2004-2005 -ൽ തിരുവല്ലാ ആശ്രമത്തിൽ പ്രൊക്യുറേറ്ററായും ഹോസ്റ്റൽ വാർഡനായും അസിസ്റ്റന്റ് റെക്ടറായും പ്രവർത്തിച്ചു. 2005-2006-ൽ താനെ കേന്ദ്രീകരിച്ച് മുംബൈയിലും നാസിക്കിലും വികാരിയായി നേതൃത്വം കൊടുത്തു. കാറ്റക്കിസം ഡയറക്ടറായും പ്രവർത്തിച്ചു.

www.malankaralibrary.com



2008-2009-ൽ കഡബാ ആശ്രമത്തിൽ പ്രൊക്യുറേറ്ററായും മർദ്ദാള സ്പെഷ്യൽ സ്കൂളിന്റെ ഡയറക്ടറായും ബഥനി പി.യു.കോളേജിൽ അദ്ധ്യാപകനായും നൂജിബാൽത്തില, നെല്ലിയാടി സ്കൂൾ ഇവിടങ്ങളിൽ പ്രൊഫസറായി പ്രവർത്തിച്ചു. എം.സി.വൈ.എം. ഡയറക്ടറായും, ജോസ്ഗിരി കൊടിംബാള, മംഗളൂർ ഇവിടങ്ങളിൽ വികാരിയുമായി ശുശ്രൂഷ ചെയ്തു.

2009-2011 നിലമ്പൂരിൽ സുപ്പീരിയറായും ഇടക്കര, മുട്ടിക്കടവ്, വാലാങ്കര എന്നിവിടങ്ങളിൽ കാറ്റക്കിസം ഡയറക്ടറായും പ്രവർത്തിച്ചു. 2011-2014-ൽ ചിറയ്ക്കൽ താമസിച്ച് പഠനം തുടർന്നു. 2011-2012-ൽ സമൂഹത്തിന്റെ സെക്രട്ടറി ജനറലായി നിയമിക്കപ്പെട്ടു. 2013-2014-ൽ കല്ലാറിൽ താമസിച്ച് പഠനം തുടർന്നു. 2014-ൽ കോട്ടൂർ Old Age Home-ൽ ഡയറക്ടറായും പ്രൊക്യുറേറ്ററുമായും സേവനം ചെയ്തു. കല്ലുങ്കൽ ഇടവകയുടെ വികാരിയും ആയിരുന്നു. 2017-2019 മംഗളൂർ ആശ്രമത്തിന്റെ സുപ്പീരിയറായി നിയമിക്കപ്പെട്ടു. 2019-2020-ൽ ചിറയ്ക്കൽ ആശ്രമത്തിലേക്ക് നിയമിക്കപ്പെട്ടു. 2020-ൽ ഉപരിപഠനത്തിനായി ഫിലിപ്പൈൻസിലെ മാനിലയിലേക്ക് അയയ്ക്കപ്പെട്ടിരിക്കയാണ്. സൂക്ഷ്മതയോടെ സമൂഹത്തിലെ സംഭവങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുകയും വൈജ്ഞാനിക മേഖലയിൽ ഉയർന്നു വരാൻ ശ്രമിക്കുകയും ചെയ്യുന്ന ബഹു.അച്ചന് സമൂഹം മുഴുവന്റെയും ജൂബിലി ആശംസകൾ പ്രാർത്ഥനാപൂർവ്വം അർപ്പിക്കുന്നു.

**റവ. ഫാ. ജോൺ ഫെലിക്സ് തോണ്ടലിൽ ഒ.ഐ.സി.**



കലയപുരത്ത് തോണ്ടലിൽ ശ്രീ.തോമസിന്റെയും ശ്രീമതി കുട്ടിയമ്മയുടെയും മകനായി ഫാ.ഫെലിക്സ് ജാതനായി. കലയപുരം, കിഴക്കേത്തെരുവ് സ്കൂളുകളൽ പഠിച്ച് ഹൈസ്കൂൾ പഠനശേഷം 1990-ൽ തിരുവല്ലാ ആശ്രമത്തിൽ ചേർന്ന് സന്ന്യാസപരിശീലനം ആരംഭിച്ചു. നാലാഞ്ചിറയിലായിരുന്നു ഒന്നാംവർഷ പരിശീലനം. 1991-1993-ൽ ബഥനി കോളേജിൽ പി.ഡി.സി. പൂർത്തിയാക്കി 1993-1995-ൽ ആലുവാ അശോകപുരം ആശ്രമ ത്തിൽ പ്രീനോവിഷ്യേറ്റും നോവിഷ്യേറ്റും നടത്തി. 1995-1998 ബഥനി കോളേജിൽ ബി.കോം പഠനം നടത്തി.

www.malankaralibrary.com



1998-2005 പൂനാ ജെ.ഡി.വി. യിലും ബി.വി.പി.യിലുമായി തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1995-ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി. 2005 നവംബർ 21-ാം തീയതി ഗീവറുഗീസ് മാർ ദിവന്നാസിയോസിൽ നിന്ന് വൈദികപട്ടം പ്രാപിച്ചു.

2005-2009-ൽ കാഞ്ഞിരംകുളം ആശ്രമത്തിൽ പ്രൊക്യുറേറ്ററും 2007-2009-ൽ സുപ്പീര്യറായും നേതൃത്വം നൽകി. കാഞ്ഞിരംകുളം, പാമ്പുകാലാ, പൂവാർ, ചെക്കടി, മാർ അപ്രേം നഗർ ഇടവകകളിൽ വികാരിയായും നേതൃത്വം കൊടുത്തു.

2009-2010 ആലുവാ ആശ്രമത്തിൽ പ്രൊക്യുറേറ്ററായി പ്രവർത്തിച്ചു. 2010-2016 കാലഘട്ടത്തിൽ സെക്കന്ദരാബാദിൽ വികാരിയായും കരുണാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായും 2014-2016-ൽ ഡയറക്ടറായും നേതൃത്വം നൽകി. 2016-ൽ ഡൽഹി, ഗുഡ്ഗാവ് രൂപതകളിൽ ചാൻസലറായും ഡൽഹി, ഗാസിയാബാദ് ആശ്രമ സുപ്പീര്യറായും സേവനം ആരംഭിച്ചു. 2016-2018 രൂപതയുടെ PRO ആയി പ്രവർത്തിച്ചു. 2020-ൽ ഡയോസിസൻ മിഷൻ കോ-ഓർഡിനേറ്ററായും ഡൽഹി മൈനർ സെമിനാരി ലെക്ചറായും മയൂർ വിഹാർ (2016-2019), ഗാസിയാബാദ് (2016, 2017, 2019), ഫരീദാബാദ് 2017-2018 വികാരിയായും സേവനം ചെയ്തു. 2020-ൽ ഡയോസിസൻ സോഷ്യൽ സർവ്വീസ് ഡയറക്ടറായി നേതൃത്വം നൽകുന്നു. കഠിനാദ്ധ്വാനത്തിന്റെയും പ്രതികരണശേഷിയുടെയും അഭിമാനത്തിന്റെയും നലംതികഞ്ഞ മാതൃകയാണ് ബഹു.അച്ചൻ.

ബഥനി സമൂഹം മുഴുവന്റെയും പേരിൽ എന്റെ വ്യക്തിപരമായ പേരിലും ബഹു.അച്ചന് ജൂബിലിയുടെ ആശംസകൾ പ്രാർത്ഥനാ പൂർവ്വം അർപ്പിക്കുന്നു. എല്ലാ വിജയങ്ങളും ആശംസിക്കുന്നു. അഭിവന്ദ്യ മാർ ബർണബാസ് പിതാവിന് എല്ലാവിധ പിന്തുണയും നൽകുന്നു. ബഹു.അച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു.

ബഹു.അച്ചന്മാരുടെ ജൂബിലി ഉചിതമായ വിധം ആഘോഷിക്കുന്നതിന് കോവിഡ്-19 തടസ്സമായി എങ്കിലും സാഹചര്യം അനുവദിക്കുന്ന വിധത്തിൽ ആഘോഷിക്കുന്നതാണെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു, ആശംസകൾ, ആദരവുകൾ!

www.malankaralibrary.com

# സന്ന്യാസ പൗരോഹിത്യത്തിന്റെ വേറിട്ട നിയോഗങ്ങൾ

**ഫാ. ഡോ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി**
ഡയറക്ടർ, BVP

ദൈവം സഭയ്ക്കും ലോകത്തിനും നൽകിയ വലിയ സമ്മാന മാണ് സന്ന്യാസം. ക്രിസ്തീയ സന്ന്യാസത്തിന് മാർ ഈവാനി യോസ് പിതാവ് നൽകുന്ന നിർവ്വചനം ഇപ്രകാരമാണ്: “യേശു മിശിഹായെ അനുകരിച്ചുകൊണ്ടും വ്രതങ്ങൾ അനുഷ്ഠിച്ചു കൊണ്ടും ദൈവസ്നേഹത്തിൽ പുണ്യപൂർണ്ണത സമ്പാദിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നത് ക്രിസ്തീയ സന്ന്യാസമാകുന്നു. ഈ ജീവിതം പുണ്യപൂർണ്ണതയിൽ നയിക്കുന്നതിന് സന്ന്യാസസമൂഹം ആവശ്യ മാകുന്നു” (മാർ ഈവാനിയോസ്, സന്ന്യാസജീവിത സഹായി).

### സന്ന്യാസം സഭയുടെ ആത്മീയ അലങ്കാരം

സഭയുടെ ആരംഭം മുതൽ തന്നെ സന്ന്യാസം സഭയിൽ വ്യത്യ സ്തങ്ങളായ രൂപത്തിലും ഭാവത്തിലും ആവിർഭവിക്കുകയുണ്ടായി. അതുകൊണ്ടുതന്നെയാണ് പരിശുദ്ധാത്മ പ്രചോദിതരായ സഭാ പിതാക്കന്മാരിലൂടെ വിവിധങ്ങളായ സന്ന്യാസസമൂഹങ്ങൾ ആരംഭിക്കു വാൻ കാരണമായത്. ഓരോ സന്ന്യാസ സമൂഹത്തിന്റെയും സിദ്ധി (charism) വേറിട്ടതാണ്. ഓരോ കാലഘട്ടത്തിൽ സഭയുടെ ആവശ്യങ്ങ ളോടു ചേർന്ന് ദൈവാത്മാവിന്റെ പ്രേരണയാൽ വിവിധങ്ങളായ സന്ന്യാസ സമൂഹങ്ങൾ രൂപം പ്രാപിച്ചു. കത്തോലിക്കാ സഭ, സന്ന്യാസ സമൂഹങ്ങൾകൊണ്ട് പ്രത്യേകമായും ആത്മീയമായും അലങ്കരിക്കപ്പെട്ട സഭയാണ്. അതുകൊണ്ടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പറയുന്നത്; “സന്ന്യാസമില്ലാത്ത ഒരു സഭയെക്കുറിച്ച് ചിന്തിക്കുവാനേ സാധിക്കുന്നില്ല (what would happen if there were no religious......... one can’t imagine it)’’.

ആഗോളകത്തോലിക്കാ സഭയിൽ ഓരോ വ്യക്തിഗത സഭയോടു (Individual Church) ചേർന്നാണ് സന്ന്യാസ സമൂഹങ്ങൾ രൂപപ്പെട്ടിട്ടു ള്ളത്. സന്ന്യാസത്തിന്റെ ഈറ്റില്ലം (Cradle of Monasticism) പൗരസ്ത്യ സഭകളിലാണെന്നുള്ളത് അഭിമാനത്തോടെ നമ്മൾ ഓർക്കുമ്പോൾ തന്നെ, പാശ്ചാത്യസഭയിലും സന്ന്യാസത്തിന്റെ ശക്തമായ വേരോട്ടം

www.malankaralibrary.com



നമുക്ക് കാണുവാൻ സാധിക്കും. "പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ഉറവിടവും അടിസ്ഥാനവും താപസ സന്ന്യാസ ആശ്രമങ്ങളാണ്. ആദ്ധ്യാത്മികതയുടെ പ്രഭവകേന്ദ്രങ്ങളും പ്രസരണികളുമായി അവ നിലകൊള്ളുന്നു." ആദ്യ നൂറ്റാണ്ടുകളുടെ ആരംഭത്തിൽ സന്ന്യാസവും പൗരോഹിത്യവും വ്യത്യസ്തമായ പന്ഥാവിലൂടെ ആയിരുന്നത് പിന്നീട് പൗരോഹിത്യത്തെ സന്ന്യാസത്തോട് ചേർത്ത് വയ്ക്കുന്നതും സന്ന്യാസികളെ നിർബന്ധിച്ച് പുരോഹിതരും, മെത്രാൻമാരുമായി നിയമിക്കുന്നതും സഭാചരിത്രത്തിൽ നിന്നും നമ്മൾ മനസ്സിലാക്കുന്നു. എന്നാൽ അതേ സമയം തന്നെ പൗരോഹിത്യത്തിൽ നിന്നും, മെത്രാൻ പദവിയിൽ നിന്നുമെല്ലാം ഒഴിഞ്ഞു മാറി നിന്നുകൊണ്ട് സന്ന്യാസ ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം നൽകിയവരുടെ ജീവിത കഥകളും സഭാ ചരിത്രത്തിൽ നമുക്ക് ഏറെ സുപരിചിതമാണ്. ഏകാന്ത സന്ന്യാസ ജീവിതത്തിലൂടെയും (Solitary life), തുടർന്ന് കൂട്ടായ്മയുടെ ജീവിത്തിലൂടെയും (Cenobitic / Community life) സന്ന്യാസികൾ സഭയെ ശക്തിപ്പെടുത്തി. സഭയിൽ പ്രതിസന്ധികളുടെയും, അപചയങ്ങളുടെയു മൊക്കെ അവസരത്തിൽ ദൈവം പ്രത്യേകം നിയോഗം നൽകി ഉയർത്തിയ സന്ന്യാസ പ്രസ്ഥാനങ്ങളിലൂടെയാണ് സഭ നവീകരിക്ക പ്പെട്ടതും, ശാക്തീകരിക്കപ്പെട്ടതും. ഉദാഹരണത്തിന്, ആഡംബരങ്ങളു ടെയും, സുഖസുഷുപ്തിയുടെയും നീരാളി പിടുത്തത്തിൽ സഭ ആണ്ടുപോയപ്പോൾ, ദാരിദ്ര്യവ്രതം ജീവിതവ്രതമാക്കി മദ്ധ്യകാലഘട്ട ത്തിലൂടെ നടന്നുനീങ്ങിയ വി.ഫ്രാൻസിസ് അസ്സീസിയും മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിലൂടെ പിന്നീട് സഭയിൽ കലഹമുണ്ടാക്കി സഭയെ വിഭജിക്കുവാനുള്ള ശ്രമമുണ്ടായ പ്പോൾ, അനുസരണം ജീവിത വ്രതമായെടുത്ത് സഭയോടു ചേർന്നു നിന്ന് സഭയെ നവീകരിക്കുവാൻ തയ്യാറായ ഈശോ സഭാ സമൂഹ സ്ഥാപകനായ ഇഗ്നേഷ്യസ് ലയോളയും സന്ന്യാസത്തിന്റെ വേറിട്ട നിയോഗങ്ങളിലൂടെ സഭയെ പണിതുയർത്തുകയും ദൈവിക പദ്ധതി പൂർത്തീകരിക്കുകയും ചെയ്തവരാണ്.

**സന്ന്യാസം മലങ്കരസഭയിൽ**

മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകം സ്വായത്തമാക്കിയ മലങ്കര സഭയിൽ സന്ന്യാസം ജന്മമെടുക്കുവാൻ കാലതാമസം ഉണ്ടായോ എന്നുള്ളത് സംശയിക്കേണ്ടിയിരിക്കുന്നു. 1653-ലെ കൂനൻ കുരിശു സത്യവും അതിനെ തുടർന്ന് സഭയിൽ ഉണ്ടായ പിളർപ്പും പിന്നീട് നാം കാണുന്നതായ കോടതി വ്യവഹാരങ്ങളുമെല്ലാം

www.malankaralibrary.com



മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ താളം തെറ്റിച്ചു. ഇപ്രകാരമുള്ളൊരു പശ്ചാത്തലത്തിലാണ് പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി മാർ ഈവാനിയോസ് പിതാവ് മലങ്കര സഭയിൽ ഒരു സന്ന്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. മലങ്കര സഭയുടെ അന്നത്തെ അവസ്ഥ കണ്ട് മനസ്സു വേദനിച്ച ഫാ.പി.റ്റി.ഗീവർഗീസ് (മാർ ഈവാനിയോസ്) പ്രാർത്ഥനയ്ക്കും പരിത്യാഗത്തിനും ഊന്നൽ നൽകിക്കൊണ്ട് സഭയുടെ ആദ്ധ്യാത്മിക നവീകരണം സാധിതമാക്കുവാൻ 1919 ആഗസ്റ്റ് 15-ന് ബഥനി ആശ്രമവും 1925-ൽ ബഥനി മഠവും സ്ഥാപിച്ചു. മാത്രമല്ല, സന്ന്യാസത്തിന്റെ ഈ ആദ്ധ്യാത്മികതയെ മലങ്കര സഭയ്ക്ക് മുഴുവൻ പ്രദാനം ചെയ്യുന്നതിന് ബഥനി മൂന്നാം സഭയും സ്ഥാപിക്കപ്പെട്ടു. അതിലൂടെ സന്ന്യാസത്തിലധിഷ്ഠിതമായ ബഥാന്യൻ ആദ്ധ്യാത്മികതയെ മലങ്കര സഭയ്ക്കും, ലോകം മുഴുവനും പകർന്നു നൽകുവാൻ മാർ ഈവാനിയോസ് പിതാവ് ആഗ്രഹിച്ചു.

ബഥനി ആശ്രമത്തിലൂടെയും ബഥനി മഠത്തിലൂടെയും, ബഥനി മൂന്നാം സഭയിലൂടെയും ഒഴുകിയെത്തിയ ബഥാന്യൻ ആദ്ധ്യാത്മികത മലങ്കര സഭയുടെ ആദ്ധ്യാത്മികതയായി വഴിമാറുന്നതിനും അതുവഴി മലങ്കര സഭ നവീകരിക്കപ്പെടുന്നതിനും കാരണമായി. അപ്രകാരം ബഥനിയുടെ പര്യായമായി മലങ്കരസഭയും മലങ്കരസഭയുടെ പര്യായമായി ബഥനിയും മാറുകയായിരുന്നു. സന്ന്യാസം സഭയിലാണെന്നുള്ള കാഴ്ചപ്പാടിൽ നിന്നും മലങ്കര സഭ മുഴുവനായും ഒരു സന്ന്യാസ സഭയായി മാറുന്ന അത്യപൂർവ്വമായ കാഴ്ചയാണ് (Malankara Catholic Church as a Monastic Church) നമുക്ക് കാണുവാൻ സാധിക്കുന്നത്.

**ബഥനിയുടെ വേറിട്ട നിയോഗവും സിദ്ധിയും**

ബഥനി ആശ്രമ സ്ഥാപനത്തിന്റെ അടിസ്ഥാനതത്വം ഓരോ ബഥാന്യനും മനഃപാഠമാക്കിവച്ചിരിക്കുന്ന “ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം” എന്നുള്ള മാർ ഈവാനിയോസ് പിതാവിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ ബഥനിയുടെ സിദ്ധിയാണ്. ലോകമാസകലം പ്രത്യേകിച്ച് ഭാരതത്തിൽ പൗരസ്ത്യതയും ഭാരതീയതയും സമന്വയിപ്പിച്ചുകൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന വലിയ ദൗത്യം ബഥനിയുടെ സിദ്ധിയിൽ അന്തർലീനമായിരിക്കുന്നു. ഈ പ്രഘോഷണം വാക്കുകൾക്കപ്പുറത്ത് ഓരോ ബഥാന്യന്റെയും അനുദിന ജീവിതത്തിലൂടെ പ്രകടമാക്കപ്പെടേണ്ട ജീവിതസാക്ഷ്യമാണെന്നുള്ള ഓർമ്മപ്പെടുത്തൽ ശതാബ്ദിയും പിന്നിട്ട് അടുത്ത നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ ബഥനിക്ക് വെല്ലുവിളി

www.malankaralibrary.com



യേകുന്നു. അപ്രകാരം മലങ്കര സഭ മുഴുവൻ ഈ ബഥാന്യൻ ആദ്ധ്യാത്മികതകൊണ്ട് നിറയുവാനും അതുവഴി സഭ നവീകരിക്കപ്പെടുവാനും ഇടയാകണം.

ബഥനിയിൽ അംഗമായി ചേരുന്ന ഒരാൾക്ക് സന്ന്യാസ പൗരോഹിത്യ പരിശീലനത്തിൽ കടന്നുപോകേണ്ട തലങ്ങൾ അനവധിയാണ്. യോഗാർത്ഥിപദത്തിലൂടെയും, ധർമ്മശിഷ്യ പദത്തിലൂടെയും, പ്രഥമ വ്രതവാഗ്ദാനത്തിലൂടെയും, വ്രതനവീകരണത്തിലൂടെയും, നിത്യവ്രത വാഗ്ദാനത്തിലൂടെയും, പട്ടത്വ സ്വീകരണത്തിലൂടെയും ഓരോ അംഗവും ബഥനിയുടെ സിദ്ധിയോട് ചേർന്ന് പരിശീലിപ്പിക്കപ്പെടുന്നു. യോഗാർത്ഥിപദം മുതൽ നിത്യവ്രതവാഗ്ദാനം വരെയുള്ള സന്ന്യാസ പ്രതിഷ്ഠയുടെ അവസരങ്ങളിലും ചെറുപട്ടങ്ങളായ മ്സമ്റോനോ - കോറൂയോ, ഹെവ്പ്പദിയാക്ക്നോ തുടങ്ങി മ്ശമ്ശോനോ - കാശീശോ പട്ടങ്ങളുടെ അവസരങ്ങളിലും കൈവയ്പ്പും അതിനോടു ചേർന്ന് വിശുദ്ധ ബൈബിളും കത്തിച്ച തിരിയും നൽകപ്പെടുന്നുണ്ട്. പരിശുദ്ധാത്മാഭിഷേകത്തിലൂടെ ദൈവവചനം വായിക്കുവാനും ധ്യാനിക്കുവാനും, ജീവിക്കുവാനും, പങ്കുവയ്ക്കുവാനും ഓരോരുത്തരുടെയും ജീവിത സാക്ഷ്യത്തിലൂടെ ലോകത്തിന്റെ പ്രകാശമായി തീരുവാനുമുള്ള വിളിയും വേറിട്ട നിയോഗവുമാണ് ഈ തിരുകർമ്മങ്ങളിലൂടെ ഓരോ ബഥാന്യനും ലഭിക്കുന്നത്.

### സന്ന്യാസപൗരോഹിത്യം പകരം വയ്ക്കുവാനുള്ളതല്ല (A religious Priest not merely a substitute)

പുനരൈക്യപ്രസ്ഥാനത്തിനും അതുവഴി മലങ്കര കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപനത്തിനും ദൈവം ബഥനിയെ ഒരു ഉപകരണമാക്കി തീർത്തു. സന്ന്യാസ സമർപ്പണത്തിലൂടെ മാർ ഈവാനിയോസ് പിതാവ് ആവാഹിച്ചെടുത്ത സത്യാന്വേഷണ ദർശനങ്ങൾ സാർവ്വത്രിക സഭാ കൂട്ടായ്മയുടെ സംസർഗ്ഗത്തിൽ എത്തിച്ചേരുവാൻ മലങ്കരസഭയെ സഹായിച്ചു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് 'സഭകളുടെ കൂട്ടായ്മകളെ' (Church as communion of Churches) കുറിച്ച് നടത്തിയ ചർച്ചകളും പരിചിന്തനങ്ങളും ക്രാന്ത ദർശിയായ സന്ന്യാസ ശ്രേഷ്ഠൻ മാർ ഈവാനിയോസ് പിതാവ് പതിറ്റാണ്ടുകൾക്കുമുമ്പേ പ്രായോഗിക തലത്തിലെത്തിച്ചു. മാർ ഈവാനിയോസ് പിതാവിനോടും മാർ തെയോഫിലോസ് പിതാവിനോടുമൊപ്പം മുണ്ടൻമല വിട്ടിറങ്ങി വന്ന ബഥനി സന്ന്യാസികൾ മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ

www.malankaralibrary.com



മുന്നണിപ്പോരാളികളായി മാറി. സന്ന്യാസമാകുന്ന പാറമേൽ മലങ്കര കത്തോലിക്കാ സഭയെ സ്ഥിരീകരിച്ച് ഉറപ്പിക്കുവാൻ ഇത് മുഖാന്തര മായി. ആശ്രമം വിട്ടിറങ്ങി പുനരൈക്യത്തിനുവേണ്ടി പരിശ്രമിച്ച ബഥനി സന്ന്യാസ വൈദികരുടെ ജീവിതശൈലിയിൽ ആകൃഷ്ടരായവർ മലങ്കര കത്തോലിക്കാ സഭയുടെ കൂട്ടായ്മകളോടു ചേർന്നു. അവർ രൂപം കൊടുത്ത ഇടവകകളിൽ സന്ന്യാസത്തിന്റെ ആത്മാവിനെ അവർ പകർന്നു നൽകി. അതുവഴി മലങ്കര കത്തോലിക്കാ സഭ കൂടുതൽ സന്ന്യാസോന്മുഖമായി വളർന്നു വന്നു.

കഴിഞ്ഞ ഒരു ശതാബ്ദക്കാലമായി ദൈവം ബഥനിയെ അത്ഭുത കരമായി വഴി നടത്തിയതിന്റെ ചരിത്രമാണ് ബഥനിക്ക് പറയുവാനു ള്ളത്. സ്വയം വിമർശനവും അവലോകനവുമൊക്കെ നടത്തി അടുത്ത നൂറ്റാണ്ടിലേക്കുള്ള പുറപ്പാടിലേക്ക് ബഥനി പദമൂന്നിയിരിക്കുന്നു. സന്ന്യാസപൗരോഹിത്യത്തോടു (Religious Priesthood) ചേർന്നുള്ള ദൈവവിളിയാണ് ബഥനിയിൽ ഇന്നു കൂടുതലായും ഉണ്ടാകുന്നത്. സന്ന്യാസസഹോദരങ്ങളാകുവാൻ (Religious Brotherhood) ആരുംതന്നെ മുന്നോട്ടുവരുന്നില്ലാ എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിലുണ്ട്. ബഥനിയുടെ ശുശ്രൂഷാമേഖലകൾ ഏറെ വളർന്നു കഴിഞ്ഞു. കേരളത്തിനു പുറത്ത് വടക്കേ ഇൻഡ്യയിൽ പുതുതായി ആരംഭിച്ചിട്ടുള്ള മിഷൻ മേഖലകളും ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ എത്യോപ്യയോടു ചേർന്ന് ബഥനി സമാരംഭിച്ച പ്രവർത്തനങ്ങളും ബഥനിയുടെ വിജാതീയ മിഷനുകളുടെ തുടർക്കഥകളും വിജയ ഗാഥയുമായി മുന്നേറുകയാണ്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്യുന്നതുപോലെ “അടച്ചിട്ട മുറിയിൽ സുഖസുഷുപ്തി യിൽ ജീവിക്കുന്ന സഭാ സമൂഹത്തെയല്ല മറിച്ച്, മുറിവേറ്റ സഭയെയാണ് ഇന്ന് ആവശ്യം”. പൂജാ കർമ്മങ്ങൾ മാത്രം നടത്തിപ്പോകുന്ന പുരോഹി തരെയല്ല മറിച്ച്, സന്ന്യാസത്തിന്റെ നിർമ്മലമായ സാക്ഷ്യം പങ്കുവച്ചു കൊണ്ട് വി.ഫ്രാൻസിസ് അസ്സീസിയെപ്പോലെ സഭയെ താങ്ങി നിർത്തുന്നവരുടെ സാന്നിദ്ധ്യമാണ് ഇന്നിന്റെ ആവശ്യം. ഈ സന്ന്യാസ സാന്നിദ്ധ്യം പകരം വയ്ക്കാവുന്നതല്ല.

ഒരുപക്ഷേ സന്ന്യാസികൾ അവരുടെ സന്ന്യാസ നിഷ്ഠയിൽ ജീവിക്കുവാൻ പരാജയപ്പെട്ടിട്ടുണ്ടാകാം, അഥവാ പരാജയപ്പെടു ന്നുണ്ടാകാം. അതുകൊണ്ട് സന്ന്യാസജീവിതത്തിന്റെ അർത്ഥവും മാറ്റും കുറഞ്ഞുപോകുന്നില്ല. സന്ന്യാസ വൈദികർ അവർ ഏറ്റെടുക്കുന്ന ഏതു ശുശ്രൂഷയിലും സന്ന്യാസത്തിന്റെ കയ്യൊപ്പ് ചാർത്തേണ്ടവരാണ്.

www.malankaralibrary.com



എല്ലാവരും ചെയ്യുന്നതുപോലെ ചെയ്തു തീർക്കുവാനുള്ള വിളിയല്ല സന്ന്യാസം. അതല്ലെങ്കിൽ രൂപതാ വൈദികരുടെയോ, അത്മായ സഹോദരങ്ങളുടെയോ പകരക്കാരനായി (substitute) നിയമിക്കപ്പെടുവാനുമല്ല, മറിച്ച് സന്ന്യാസത്തിന്റെ തിരിച്ചറിയൽ മുദ്രകൾ (Identification marks) നഷ്ടപ്പെടുത്താതെ നിർഭയരായി ഏതു സാഹചര്യത്തോടു ചേർന്നും യേശുവിന് സാക്ഷ്യം നൽകേണ്ടവരാണ് സന്ന്യാസ വൈദികർ. ഇടവകകൾ കിട്ടുന്നില്ലായെന്നും, ഇടവകകൾ തിരിച്ചെടുക്കുന്നു എന്നൊക്കെയുള്ള പരാതികൾ സന്ന്യാസികളെ സംബന്ധിച്ച് അപ്രസക്തമാണ്. ബഥനിക്കുവേണ്ടി തുറന്നു കിടക്കുന്ന വാതിലുകൾ അനവധിയാണ്. എവിടെയെങ്കിലും ആരെങ്കിലും വാതിലുകൾ കൊട്ടിയടയ്ക്കുന്നു എന്ന് കരുതി നിസ്സംഗരായി മാറേണ്ടവരല്ല ബഥാന്യർ. നമുക്ക് നല്കപ്പെട്ടിരിക്കുന്ന പൊന്തിഫിക്കൽ പദവിയും, ഭരണഘടനാ സ്വാതന്ത്ര്യവും, വിശാലമായ മിഷൻ പ്രദേശങ്ങളും മുൻനിർത്തി ഇറങ്ങിപ്പുറപ്പെടേണ്ടവരാണ് ബഥനി സന്ന്യാസികൾ. ഇനിയും പരാതിപ്പെട്ടിരുന്നുകൊണ്ട് സമയം കളയാതെ ദൈവം നമുക്കായി തുറന്നിട്ടിരിക്കുന്ന വിജാതീയ മിഷനുകളുടെ അനന്തമായ സാധ്യതകളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമുക്ക് സാധിക്കണം. അതുകൊണ്ടാണ് മാർ ഈവാനിയോസ് പിതാവ് ഉദ്ബോധിപ്പിക്കുന്നത്: "മലങ്കരയിൽ നിന്നും പുറത്തേക്കു പോയി സുവിശേഷം അറിയിക്കാം എന്നുള്ളവർ അങ്ങനെയും, സഭയ്ക്കുള്ളിൽ വേല ചെയ്യാനൊരുക്കമുള്ളവർ അങ്ങനെയും, വിദ്യാഭ്യാസ വിഷയത്തിൽ ശ്രമിക്കാവുന്നവർ അങ്ങനെയും ഇറങ്ങട്ടെ." നമ്മുടെ സന്ന്യാസജീവിതം മുഴുവനും പ്രേഷിത ചൈതന്യത്താലും, നമ്മുടെ പ്രേഷിതജീവിതം മുഴുവൻ സന്ന്യാസ ജീവിത ചൈതന്യത്താലും നിറഞ്ഞിരിക്കുമ്പോൾ നമുക്ക് മുമ്പിൽ സാധ്യതകളുടെ വലിയ കലവറ നമുക്ക് കാണുവാൻ സാധിക്കും. സന്ന്യാസത്തിന്റെ വേറിട്ട നിയോഗത്തിലൂടെ സന്ന്യാസ സമൂഹങ്ങൾ സഭയ്ക്ക് ശക്തമായ താങ്ങും തണലുമായിരുന്നതുപോലെ തുടർന്നും ബഥനിയുടെ വേറിട്ട നിയോഗത്തിലൂടെയും സന്ന്യാസ പൗരോഹിത്യ സമർപ്പണത്തിലൂടെയും മലങ്കര കത്തോലിക്കാ സഭയ്ക്കും ആഗോള സഭയ്ക്കും ബലമേകുവാനും സാക്ഷ്യമേകുവാനും സഭയെ പടുത്തുയർത്തുവാനും ബഥനിക്ക് സാധിക്കും. സന്ന്യാസ പൗരോഹിത്യത്തിലേക്ക് പദമൂന്നുന്ന നവവൈദികർക്ക് ബഥനിയുടെ വേറിട്ട ഈ നിയോഗം പൂർത്തിയാക്കുവാൻ ദൈവം കൃപചൊരിയട്ടെ എന്നു പ്രാർത്ഥിക്കുകയും സന്ന്യാസ സമർപ്പണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന സഹോദരങ്ങൾക്ക് പ്രാർത്ഥനാ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com

# വൈദികരെക്കുറിച്ചുള്ള അല്മായ പ്രതീക്ഷകൾ

**ഡോ.വി.ജെ. ജേക്കബ് & പുഷ്പ അഗസ്റ്റിൻ**

നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടരാണ് (എഫേ 2:10).

ആത്മനാഥനോടൊത്തുള്ള ഞങ്ങളുടെ സഭാത്മകര കുടുംബ പരമായ ജീവിതം, ഔദ്യോഗികവും സമൂഹപരവുമായ ഇടപെടലുകൾ ഇവയിൽ നിന്ന് ഉരുത്തിരിഞ്ഞ ചിന്തകൾ വൈദികാഭിഷേകം സ്വീകരിക്കുവാൻ തയ്യാറെടുക്കുന്ന ഡീക്കന്മാർക്ക് മാർഗ്ഗദീപമാകട്ടെ.

വൈദികന്റെ ദൗത്യം: ദൈവത്തിന്റെ പ്രതിപുരുഷന്മാരാണ് വൈദികർ. യേശുവിനെ ലോകത്തിന് കാണച്ചുകൊടുക്കുവാൻവേണ്ടി നാഥന്റെ പ്രവാചകരാജകീയ, പുരോഹിത ദൗത്യത്തിൽ പ്രത്യേകം പങ്കുപറ്റുന്നവരാണ് വൈദികർ. പഠിപ്പിക്കാനും, വിശുദ്ധീകരിക്കാനും നയിക്കാനുമുള്ള പുരോഹിതന്റെ തീക്ഷ്ണതയും ശ്രദ്ധയും ദൈവജനം എപ്പോഴും ഉറ്റുനോക്കും.

**വൈദികൻ ദൈവവചനത്തിന്റെ പ്രബോധകൻ**

പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനം വ്യാഖ്യാനിക്കുകയും, അത് പിൻതുടരാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയും, തുടർച്ചയായ ഒരു മാനസാന്തരപ്രക്രിയയിൽ അവരെ ഉൾച്ചേർക്കുകയും, ചെയ്തെങ്കിൽ മാത്രമേ അവർ ഭൂമിയുടെ ഉപ്പായി മാറുകയുള്ളു. ഇടവകയുടെയും സഭയുടെയും സമൂഹത്തിന്റെയും കെടാവിളക്കായി പ്രശോഭിക്കുകയുള്ളു.

വചനത്തെ ഉപേക്ഷിച്ച യൂറോപ്പിന് സംഭവിച്ചത് ചരിത്രം നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. കലർപ്പില്ലാതെ വചനം കൈമാറ്റം ചെയ്താൽ അത്ഭുതങ്ങൾ നാം ദർശിക്കും. ദൈവജനം മുഴുവൻ ദൈവത്തിന്റെ കൈയ്യിലെ വഴക്കമുള്ള ഉപകരണങ്ങളായി മാറും.

www.malankaralibrary.com



**വൈദികൻ കൂദാശകൾ പരികർമ്മം ചെയ്യുന്നവനാണ്**

അദൃശ്യനായ ദൈവത്തെയും അവിടുത്തെ രക്ഷാകര ഇടപെടലുകളെയും വിശ്വാസികൾക്ക് സംലഭ്യമാകുന്ന പ്രതീകങ്ങളാണ് കൂദാശകൾ. കൂദാശകൾ ദിവ്യരഹസ്യങ്ങളാകയാൽ അവ ബുദ്ധികൊണ്ട് വിശകലനം ചെയ്ത് മനസ്സിലാക്കേണ്ട ആശയമല്ല, പിന്നെയോ ആഘോഷത്തിലൂടെ അനുഭവിച്ചറിയാനുള്ള ദിവ്യരഹസ്യങ്ങളാണ്. കൂദാശകൾ വഴിയായി നാം ദൈവീക കൂട്ടായ്മയിലെ പങ്കാളികളായിത്തീരുന്നതിനാൽ, ദിവ്യരഹസ്യങ്ങൾ നമുക്ക് അനുഭവവേദ്യമാകുന്നു. പുരോഹിതന് താൻ പരികർമ്മം ചെയ്യുന്ന ദിവ്യരഹസ്യങ്ങളെക്കുറിച്ച് ആഴമായ ബോധ്യവും ദൈവാനുഭവവും ഉണ്ടെങ്കിൽ മാത്രമേ ദൈവജനത്തെ ഈ തലത്തിലേക്ക് നയിക്കാനാവൂ. നിരന്തരമായ പ്രാർത്ഥനയും ദൈവതിരുമുമ്പിലുള്ള എളിമപ്പെടലുംകൊണ്ടു മാത്രമേ ദൗത്യം നിർവ്വഹിക്കാൻ സാധിക്കൂ.

പ്രാർത്ഥിക്കുന്ന വൈദികനേ പ്രാർത്ഥിക്കണമെന്ന് പറയാൻ സാധിക്കൂ. വൈദികൻ പ്രാർത്ഥിച്ച് ഒരുങ്ങി വിശുദ്ധ കുർബാന അർപ്പിക്കുന്നതും ഒരുങ്ങാതെ ഒരു ചടങ്ങുപോലെ നിർവ്വഹിക്കുന്നതും വ്യത്യസ്തമായിരിക്കും. വിശുദ്ധ കുർബാനയിലെ രണ്ടു പ്രധാന ഭാഗങ്ങളാണ് വചനത്തിന്റെ മേശയും അപ്പത്തിന്റെ മേശയും. വി.കുർബാനയിലെ വചനപ്രഘോഷണം വൈദികർക്കും ഡീക്കന്മാർക്കുമായി പ്രത്യേകം നീക്കിവച്ചിരിക്കുന്നു. ഒരാഴ്ചത്തേയ്ക്കുള്ള ആത്മീയ ആഹാരം നിറച്ച് അളന്ന് കൊടുക്കാനുള്ള വലിയ അവസരമാണ് വൈദികന് ലഭിച്ചിരിക്കുന്നത്. ഈ കർത്തവ്യം ശുഷ്കാന്തിയോടെ നിർവ്വഹിക്കുന്നില്ലെങ്കിൽ, യേശുവുമായുള്ള ബന്ധത്തിൽ ഉയരാത്ത ദൈവജനം വി.കുർബാനയുടെ ആത്മീയാനുഭവത്തിലേക്ക് പ്രവേശിക്കുകയില്ല.

യേശുതമ്പുരാൻ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് വചനം കൊടുത്ത് അവരെ പൂരിതരാക്കി. തുടർന്ന് അപ്പം പങ്കുവച്ചപ്പോൾ അവരുടെ ആത്മീയ നേത്രങ്ങൾ തുറന്ന് കൂടെ നടക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞു. മാത്രമല്ല വചനം പങ്കുവച്ചപ്പോൾ തങ്ങളുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ" എന്ന് ആത്മഗതം ചെയ്യുന്നു. തുടർന്ന് ജറുസലേമിലേക്ക് അതിവേഗം സുവിശേഷം അറിയിക്കാൻ കടന്നുപോകുന്നു. ഈ ആത്മീയാനുഭവം ലഭിക്കുന്നില്ലായെങ്കിൽ ധ്യാനകേന്ദ്രങ്ങളിലേക്ക് വി.കുർബാനയ്ക്കും ശേഷം ജനം കടന്നുപോകും.

www.malankaralibrary.com



**പുരോഹിതന്റെ പ്രവാചകദൗത്യം**

തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിന് ഒട്ടും മടിക്കേണ്ടതില്ല. ക്രിസ്തു പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്തു. ഈ മനോഭാവത്തോടെ മാത്രമെ ഈ ദൗത്യം നിറവേറ്റാൻ സാധിക്കു. 'വെട്ട് ഒന്ന് മുറി രണ്ട്' എന്ന ശൈലി ഒട്ടും അഭിലഷണീയ മല്ല. സ്നേഹത്തിന്റെയും ക്ഷമയുടെയും അതേസമയം തെറ്റു ചെയ്തവനോട് വിട്ടുവീഴ്ചയോടും അനുകമ്പയോടും പെരുമാറണം. അനുതാപത്തിലേക്കു നയക്കുന്ന സ്നേഹവും ഉപദേശവും പ്രാർത്ഥന യുടെ പിൻബലത്തോടെ വൈദികൻ നൽകുമ്പോൾ വ്യക്തികൾ രൂപാന്തരപ്പെടും. ക്രിസ്തുവിനോട് ചേർന്നുനിന്നുകൊണ്ട് മത്രമെ മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്താൻ കഴിയൂ.

**വൈദികൻ എല്ലാവർക്കും സംലഭ്യനായിരിക്കണം**

മുക്കുവന്മാരെ മനുഷ്യരെ പിടിക്കുന്നവരാക്കി മാറ്റി കർത്താവിന്റെ ശൈലി വൈദിക്ക് അനുകരണീയമാണ്. പണക്കാരനെയും പാവപ്പെട്ട വനെയും ഒരുപോലെ സഭയോട് ചേർത്തു നിത്തണം. പാവപ്പെട്ടവരോട് കരുതൽ ഇല്ലാ എങ്കിൽ നാം തന്നെയാണ് അവഗണിക്കുന്നതെന്നും 1 കോറി 1:27-ൽ പറഞ്ഞിട്ടുണ്ട്. വിധവയുടെ കാണിക്ക കർത്താവ് കണ്ടതു പോലെ വേണം, പാവങ്ങളുടെ സംഭാവനകളെ കാണേണ്ടത് അവരോടു പക്ഷം ചേരണമെന്നു മാത്രമല്ല ഒരിക്കലും അവർക്കെതിരെ മുഖം തിരിക്കരുത്.

ആരെയും മോശമായ ഭാഷയിൽ സംബോധന ചെയ്യരുത്. ഹൃദയ ങ്ങൾ വ്രണപ്പെടാം. വ്രണിത ഹൃദയഭാഗങ്ങൾ സഭയിൽ നിന്നകലാം. കാലാന്തരത്തിൽ സഭയ്ക്ക് എതിരാവുകയും ചെയ്യാം. സ്നേഹത്തോടെ ശാസിക്കാൻ പരിശ്രമിക്കാം. സ്തുതിപാടകരെ മനസ്സിലാക്കി പുറത്തുനിർത്താൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വരരുത്.

**ഓരോ വൈദികനും ഓരോ മിഷനറിയാണ്**

'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവി ശേഷം അറിയിക്കുവിൻ എന്ന ദൗത്യം പൂർണ്ണമായും നിറവേറ്റേണ്ട വനാണ് വൈദികൻ. സുവിശേഷം അറിയിക്കണമെങ്കിൽ സുവിശേഷം അനുസരിച്ച് ജീവിക്കണം. ജീവനില്ലാത്ത അറിയിപ്പ് ആരും സ്വീകരി ക്കില്ല. സാക്ഷ്യമുള്ള ജീവിതം വാക്കുകളേക്കാൾ ശക്തമായിരിക്കും.

www.malankaralibrary.com



**വൈദികനും യുവജനങ്ങളും**

യുവജനങ്ങൾ വൈദികരെക്കുറിച്ച് അതിയായ പ്രതീക്ഷയുണ്ട്. സഭയുടെ ഏറ്റവും വലിയ തൂണാണ് യുവജനങ്ങൾ. സ്ത്രീപുരുഷ വ്യത്യാസമില്ലാതെ യുവജനങ്ങളെ വളർത്തിയാൽ മാത്രമേ സഭ നില നിൽക്കൂ. ദക്ഷിണാഫ്രിക്കയിലെ ഒരു സർവ്വകലാശാലയുടെ കവാട ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു വാക്യം ഇപ്രകാരമാണ് "ഒരു രാജ്യം നശിക്കാൻ യുദ്ധമോ ദാരിദ്ര്യമോ മിസൈലോ ബോംബോ ആവശ്യമില്ല. പകരം യുവജനങ്ങൾക്ക് മോശമായ വിദ്യാഭ്യാസം നൽകി യാൽ മതി. യുവജനതയെ നശിപ്പിച്ചാൽ അവരിൽ നിന്ന് രൂപപ്പെടുന്ന ഭരണകർത്താക്കൾ അഴിമതിയിൽ കുളിക്കും. എഞ്ചിനീയർമാർ കെട്ടിട ങ്ങളും പാലങ്ങളും തകർക്കും. ഡോക്ടർമാർ രോഗികളെ കൊല്ലും, ന്യായാധിപന്മാർ നീതിയെ തകർക്കും. മക്കൾ മാതാപിതാക്കളെ വൃദ്ധ മന്ദിരത്തിലേക്കും അയക്കും. മതപണ്ഡിതന്മാർ മനുഷ്യത്വം തകർക്കും, വർഗീയത വളർത്തും." ഈ കാര്യങ്ങൾ വളരെ അർത്ഥവത്തായി നമ്മുടെ രാജ്യത്തും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ നാം പൊയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതിന്റെ നടുക്ക് ഒരു വേറിട്ട വിശുദ്ധ ജീവിതം, ക്രിസ്തീയജീവിതം നയിക്കാൻ നമ്മുടെ യുവതയെ പ്രാപ്തരാക്കാൻ വൈദികർക്ക് സാധിക്കും. സാമ്പത്തികമായി പിന്നോക്കമായിരുന്ന ഒരു ജനതയെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പരിശ്രമത്തിലൂടെ, വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ വിദ്യാസമ്പന്നരും സാമ്പത്തികമായി മെച്ചപ്പെട്ട ഒരു സമൂഹവുമായി മാറ്റി. മറ്റേതൊരു ജനവിഭാഗത്തോടൊപ്പം തല ഉയർത്തി നില്ക്കാൻ ഇന്നു നാം പ്രാപ്തരായിരിക്കുന്നു.

ഇനിയും നാം നിലനില്ക്കണമെങ്കിൽ സഭയുടെ ശക്തി യുവ ജനതയിലാണെന്ന് തിരിച്ചറിയണം. കാലത്തിന്റെ സ്വാധീനത്തിൽപെട്ട് നശിക്കാതെ, സംസ്കാരസമ്പന്നരും, സത്യസന്ധരും ദൈവവിശ്വാസി കളുമാക്കി വളർത്തണം. വിശുദ്ധരായി നമ്മുടെ യുവജനതയെ വളർത്താൻ പലതും ത്യജിക്കേണ്ടിയിരിക്കുന്നു. ഡിജിറ്റൽ യുഗത്തിലെ യുവവൈദികൻ മാദ്ധ്യമത്തിന്റെ എല്ലാ നല്ല വശങ്ങളും യുവജനതയെ കൈപിടിച്ച് ഉയർത്താൻ ഉപയോഗിക്കണം. വിശുദ്ധന്മാരുടെ ജീവിതം അനുകരിക്കാൻ പ്രേരിപ്പിക്കണം.

യുവജനങ്ങളുടെ കൂട്ടുകാരാകാം വൈദികന്, എന്നാൽ ഒരിക്കലും അവരാകരുത്. വൈദികൻ അവരെ നയിക്കേണ്ടവരാണ്. അവർ നല്ല

www.malankaralibrary.com



മാതൃകകൾ അന്വേഷിക്കുന്നവരാണ്. അവർക്ക് മാതൃകാപരമായ ജീവിതം കാണിച്ചു കൊടുക്കുന്നവരായി ഓരോ യുവവൈദികനും മാറണം.

**കോവിഡാനന്തര കാലഘട്ടവും സഭാത്മകമായ ജീവിതവും**

ക്രിസ്തീയ ജീവിതത്തിന്റെ ഒരു പ്രധാന മുഖമുദ്രയാണ് സഭാത്മകജീവിതം. ദൈവം ഒരു സ്നേഹകൂട്ടായ്മയാണ്. ക്രിസ്തീയ ജീവിതവും കൂട്ടായ്മയുടെ ജീവിതമാണ്. ദൈവത്തിന് യഥാർത്ഥവും ഉചിതവും സമ്പൂർണ്ണവുമായ ആരാധന എന്നേക്കുമായി അർപ്പിച്ചത് യേശുമിശിഹായാണ്. തന്റെ നാഥന്റെ ആരാധനയിൽ ഉൾച്ചേരുന്ന പുതിയ ഇസ്രായേലായ സഭ ഒരു നിത്യാരാധന സമൂഹമാണ്. ദൈവാരാധന ക്രിസ്ത്യാനികളുടെ പൊതു പൗരോഹിത്യത്തിലടങ്ങിയിരിക്കുന്ന ധർമ്മമാണ്.

ദൈവാലയത്തിൽപ്പോകുന്നതിനോ, കുർബ്ബാനയിൽ പങ്കെടുക്കുന്നതിനോ, കുമ്പസാരിക്കുന്നതിനോ അധികം പേർക്കും സാധിക്കുന്നില്ല. ഉള്ള അനുകൂലമായ സാഹചര്യത്തിൽ, ലഭിക്കുന്ന സൗകര്യങ്ങൾ പോലും വിശ്വാസികൾ ഉപയോഗിക്കുന്നില്ല എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. മുതിർന്നവരെ മാറ്റി നിർത്തിയാൽ ബാക്കിയുള്ള ഭൂരിഭാഗം പേർക്കും പള്ളിയിൽ പോകാത്തതുകൊണ്ടും, കുമ്പസാരിക്കാത്തതുകൊണ്ടും വലിയ പ്രയാസമോ, ദുഃഖമോ ഒന്നും അനുഭവിക്കുന്നതായി കാണപ്പെടുന്നില്ല. ഞായറാഴ്ചത്തെ കുർബാന അത് ടെലിവിഷനിലോ, യു-ട്യൂബ് ചാനലിലോ കാണാമല്ലോ അനുവദിച്ചിട്ടുണ്ടല്ലോ എന്ന ചിന്തയാണ് ഭൂരിഭാഗം പേരെയും നയിക്കുന്നത്.

കോവിഡാനന്തര കാലത്ത് പ്രിയപ്പെട്ട വൈദികൻ ഏറ്റെടുക്കേണ്ടിവരുന്ന ഒരു വലിയ വെല്ലുവിളിയായി കുട്ടികളുടെയും, യുവജനങ്ങളുടെയും സഭാത്മകജീവിതം ഞങ്ങൾ കാണുന്നു. കൂദാശകളിലൂടെ, പ്രത്യേകിച്ച് പരി.കുർബാനയിലൂടെയും വിശുദ്ധ കുമ്പസാരത്തിലൂടെയും ദൈവമനുഷ്യസംഗമം സംഭവിക്കുന്നില്ലെങ്കിൽ, നമ്മുടെ ആന്തരിക വ്യക്തിത്വത്തിന് യാതൊരു മാറ്റവും ഒരിക്കലും സംഭവിച്ചിട്ടില്ലെങ്കിൽ... ആരാണ് ഉത്തരവാദി? സഭാത്മകജീവിതം വെറും ഒരു അനുഷ്ഠാനപരമായ ജീവിതമായി മാത്രം തീർന്നു എന്നല്ലേ നാം മനസ്സിലാക്കേണ്ടത്. നമ്മുടെ വളരെ തീക്ഷ്ണമായ ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടിയിരിക്കുന്നു.

www.malankaralibrary.com



സ്നേഹമുള്ള വൈദികരേ, അടിസ്ഥാനപരമായ വിശ്വാസം നാം കുട്ടികൾക്ക് നല്കുന്നത് വിശ്വാസ പരിശീലനത്തിലൂടെയാണ്. നമ്മുടെ കുട്ടികൾക്ക് വിശ്വാസം പരിശീലിപ്പിക്കുന്നതിനും ഉതകുന്ന ടെക്സ്റ്റ് ബുക്കുകൾ മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ട്. അതിലെ പാഠങ്ങൾ നാം പഠിപ്പിക്കുന്നു. ബൈബിളിനെക്കുറിച്ച്... സഭയെക്കുറിച്ച്... ആരാധനാ ജീവിതത്തെക്കുറിച്ച്... ക്രൈസ്തവജീവിതത്തെക്കുറിച്ച് എല്ലാം നാം പഠിപ്പിക്കുന്നു. എന്നിട്ടും എന്തുകൊണ്ട് കുട്ടികൾ യേശുവുമായുള്ള വ്യക്തിബന്ധത്തിലേക്ക് വളരുന്നില്ലേ? വചനം അവരെ സ്വാധീനിക്കുന്നില്ലേ? കൂദാശകൾ എന്തുകൊണ്ട് അനുഷ്ഠാനപരമാകുന്ന ക്രൈസ്തവസാക്ഷ്യം നല്കത്തക്കവിധം വളരുന്നില്ല.

കോവിഡ് മാത്രമല്ല കുട്ടികളെ സ്വാധീനിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതകളും അതുമൂലം കുട്ടികളെ ഭരിക്കുന്ന ചിന്താധാരകളും കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

**ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകത**

1. നവീന മാധ്യമങ്ങളുടെ സ്വാധീനം നന്മയോടൊപ്പം തിന്മയും ബുദ്ധിയുടെ, ചിന്തയുടെ മണ്ഡലത്തിൽ ചെറുപ്പം മുതലേ പ്രവേശിക്കുന്നു.

2. ശരിയും തെറ്റും നമ്മിൽ തിരിച്ചറിയാനുള്ള ബോധ്യം, ചിന്തകൾ തക്കസമയത്ത് നല്കുന്നില്ല.

3. കുഞ്ഞുങ്ങൾ ഇളംപ്രായത്തിൽ അറിയാൻ പാടില്ലാത്ത വാക്കുകളും ചിത്രങ്ങളും കേൾക്കുവാനും കാണുവാനും.

പ്രിയപ്പെട്ട വൈദികരെ, നിങ്ങളെ വിശ്വാസപരിശീലന പ്രക്രിയയിൽ സഹായിക്കാൻ ധാരാളം അദ്ധ്യാപകർ ഉണ്ട്. അവർ നന്മയുടെ കിരണങ്ങൾ യേശുവുമായി വളരാൻ തക്കവിധം സംവേദനം ചെയ്യപ്പെടുന്നുണ്ടോ എന്ന് നാം തിരിച്ചറിയണം.

നമ്മുടെ കുഞ്ഞുങ്ങളെ സിലബസ് അനുസരിച്ച് പഠിപ്പിക്കുന്നു. ക്ലാസിൽ കയറാതെ പരീക്ഷ എഴുതിയ കുട്ടിയും ജയിച്ചെന്നുവരാം. ചിലപ്പോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി എന്നുവരാം. വെറും സർട്ടിഫിക്കറ്റിനുവേണ്ടി പഠിച്ച കുട്ടിക്ക് വിശ്വാസത്തിലുള്ള പരിശീലനം ലഭിച്ചിട്ടില്ല.

www.malankaralibrary.com



പത്തും പന്ത്രണ്ടും ക്ലാസുവരെയുള്ള വിശ്വാസപരിശീലനത്തിനു ശേഷം നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതം വിലയിരുത്തുമ്പോൾ മൂല്യങ്ങൾ സ്വന്തമാക്കാത്തതിന്റെ കുറവ് നാം വ്യക്തമായി കാണുന്നു. തിന്മ നിറഞ്ഞ ലോകത്തിൽ നമ്മുടെ വക്താക്കളാകാൻ തക്ക വളർച്ച ലഭിക്കുന്നില്ല. നന്മനിറഞ്ഞ ലോകത്തിൽ നന്മമാത്രം സ്വന്തമാക്കിയ നോഹയെപ്പോലെയൊ പഴയനിയമത്തിലെ ജോസഫിനെപ്പോലെയൊ നമ്മുടെ പല കുട്ടികളും ഉയരുന്നില്ല. പ്രലോഭനങ്ങളുടെ നടുവിൽ പ്രശോഭിതരാകുന്നു. നമ്മുടെ സഭാത്മകമായ ജീവിതത്തിൽ നിന്ന് ലഭിക്കേണ്ടതായ കൂട്ടായ്മ ബന്ധവും യേശുവുമായുള്ള വ്യക്തി ബന്ധവും ഒട്ടും തന്നെ ജീവിതത്തിൽ പ്രതിഫലിക്കേണ്ടതായി കാണുന്നില്ല. ആരാണ് ഇതിനും ഉത്തരവാദികൾ? നാം തന്നെ അല്ലേ?

വളരെ കുറഞ്ഞ സമയം നമ്മുടെ കൂടെ ക്ലാസിലായിരിക്കുന്ന കുഞ്ഞുങ്ങളെ യേശുവുമായുള്ള വ്യക്തിബന്ധത്തിൽ വളർത്താൻ ചില മാർഗ്ഗരേഖകൾ.

ബൈബിളിൽ രേഖപ്പെടുത്തിയ ഏതെങ്കിലും സംഭവങ്ങളോ, കഥയോ, അടയാളമോ, അത്ഭുതമോ നാം കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നു എന്നു വിചാരിക്കുക. ഉദാ: 1. ആദിമാതാപിതാക്കളെ ഏദൻ തോട്ടത്തിൽ പാർപ്പിച്ച വിവരണം, അവരുടെ തിന്മയിലേക്കുള്ള പതനം, അവരുടെ ചിന്തകളെ ഇപ്രകാരം നമുക്ക് നയിക്കാം.

1. ഏദൻ തോട്ടത്തിൽ ആദിമാതാപിതാക്കൾ അനുഭവിച്ച ദൈവ സാന്നിധ്യം, കർത്താവിന്റെ കാലൊച്ചയൊക്കെ നമുക്ക് ഇന്നും അനുഭവിക്കാം. യേശുവിന്റെ സ്വരം നമുക്ക് തിരുവചനത്തിലൂടെ ശ്രവിക്കാം. സഭയിലെ ആരാധനാജീവിതത്തിലൂടെ യേശുവിനെ അനുഭവിക്കാം - തിരുവചനം വായിക്കാനും, നാഥന്റെ സ്വരം ശ്രവിക്കാനും നിരന്തരം പരിശീലിപ്പിക്കുക, കൂദാശകളിൽ പ്രത്യേകിച്ച് പരി.കുർബാനയിൽ പങ്കെടുക്കാൻ, പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാക്കി ഉൾച്ചേരാൻ സഹായിക്കുക. പ്രാർത്ഥിച്ചതിന് അനുസരിച്ച് ജീവിക്കുന്നുണ്ടോ എന്ന് വിലയിരുത്താൻ പഠിപ്പിക്കുക.

2. ആദിമാതാക്കളുടെ അവിശ്വാസമാണ് തിന്മയിലേക്ക് നയിച്ചത്. ദൈവത്തിന്റെ സ്വരത്തെക്കാൾ തിന്മയുടെ സ്വരത്തിന് വിലകൊടുത്തു. അനുദിന വ്യാപാരങ്ങളിൽ തിന്മ പ്രവേശിക്കുന്നത് എങ്ങനെയെന്ന് പ്രായത്തിനനുസരിച്ച് മനസ്സിലാക്കി കൊടുക്കുക. ദൈവസ്നേഹത്തെ

www.malankaralibrary.com



പ്രതി തിന്മയിൽ നിന്ന് അകന്നിരിക്കാൻ വേണ്ട പ്രചോദനം നല്കുമ്പോൾ യേശുവുമായുള്ള വ്യക്തിബന്ധം വളരും.

**തിരുവചനം, കല്പനകൾ, പ്രാർത്ഥനകൾ... പഠിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

പ്രായത്തിന് അനുസരിച്ച് അർത്ഥം വ്യക്തമാക്കുക. യേശുവുമായുള്ള ബന്ധത്തിൽ വളരാൻ ഇവ സഹായിക്കത്തക്കവിധം വചനം പ്രാർത്ഥന, കല്പന ഇവയെക്കുറിച്ചുള്ള വിവരണം നല്കുക. കല്പനകൾ സ്നേഹനാഥനോട് ചേർന്നു നില്ക്കാനുള്ള സ്നേഹമാർഗ്ഗങ്ങളാണെന്ന് ബോധ്യം ഉണ്ടാകണം-ആദ്യ കുർബാനയ്ക്ക് പരിശീലിപ്പിക്കുമ്പോൾ ഈ ശ്രദ്ധ വളരെ അധികം ഉണ്ടായിരിക്കണം.

കല്പനകൾ പഠിപ്പിക്കുമ്പോൾ വി.മത്താ 5:17-43 വരെ വാക്യങ്ങൾ കൂടി പഠിപ്പിക്കാൻ നാം ശ്രദ്ധ ചെലുത്തണം. പല തിന്മകളും പ്രബലമാകുന്നത് ശരിയായ കാഴ്ചപ്പാടുകൾ സ്ത്രീപുരുഷന്മാരെക്കുറിച്ചും, മനുഷ്യശരീരത്തെക്കുറിച്ചും ഇല്ലാത്തതു മൂലമാണ് - മനുഷ്യവ്യക്തിയുടെ മഹത്വം, കുഞ്ഞുങ്ങളിൽ രൂഢമൂലമാകാൻ നാം പരിശ്രമിക്കണം.

ഇന്നത്തെ യുവതലമുറ ധാരാളം തിന്മയിലേക്ക് വഴുതി വീഴുന്നു. അവരുടെ ശൈശവകാലത്തെ രൂപീകരണത്തിന്റെ പ്രത്യാഘാതമാണല്ലോ അവയെല്ലാം.

തിരുവചനം വായിക്കുകയും മനനം ചെയ്യുകയും ചെയ്യുന്ന ശീലം നമ്മുടെ കുഞ്ഞുന്നാളിൽ വളരെ കുറവായി കാണുന്നു. നമ്മുടെ കർത്താവിന്റെ വെളിപ്പെടുത്തലുകൾ, അവിടുത്തെ ചരിത്രത്തിലുള്ള ഇടപെടലിനെക്കുറിച്ച് അവിടുന്ന് സ്നേഹവും കരുണയും മനുഷ്യവർഗ്ഗത്തിന് പകർന്ന് നല്കാൻ എടുത്ത മാർഗ്ഗങ്ങളെക്കുറിച്ച്, നമ്മുടെ സമഗ്രമായ വിമോചനത്തിനുവേണ്ടി കാൽവരികുരിശിൽ യാഗമായത് ഒക്കെ ലളിതമായും മനോഹരമായും പറഞ്ഞു കൊടുക്കണം. ഈ ഒരു സ്നേഹം സ്വന്തമാക്കാൻ കുഞ്ഞുങ്ങളെ ശക്തരാക്കണം - കർത്താവിനെ അനുഭവിക്കാനുള്ള ഉത്കടമായ ആഗ്രഹം അവരിൽ വളർത്തണം.

ഈ ആഗ്രഹത്തോടെ കൂദാശകളെ സമീപിക്കുമ്പോൾ, ആ ദിവ്യരഹസ്യങ്ങളുടെ ആഴത്തിലേക്ക് അവർ സഞ്ചരിക്കാൻ സജ്ജരാകും. എമ്മാവൂസ് അനുഭവവും, സമരിയാക്കാരി സ്ത്രീയുടെ അനുഭവവും

www.malankaralibrary.com



എന്നും യേശു അനുഭവത്തിൽ വളരാൻ കുഞ്ഞുങ്ങൾക്ക് പ്രേരണയും ഉത്സാഹവും നല്കുന്നു.

നമുക്ക് ആഘോഷങ്ങളും, പെരുന്നാളുകളും മത്സരങ്ങളും ഒക്കെ വേണ്ട എന്നു ഞാൻ പറയുന്നില്ല. നമ്മുടെ കൂട്ടായ്മയും സ്നേഹവും വളർത്തുന്നതിനും യേശുവുമായുള്ള ബന്ധത്തിൽ വളരുന്നതിനും ഉപകരിക്കത്തക്ക വിധത്തിൽ ക്രമീകരിക്കുക.

**യുവജനങ്ങളും എം.സി.വൈ.എം. പ്രസ്ഥാനവും**

സഭാത്മകമായ എല്ലാ പ്രസ്ഥാനങ്ങളും യേശുവുമായുള്ള ബന്ധത്തിൽ വളർത്തുന്നതിന് ഉതകുന്നവ ആയിരിക്കണം. നമ്മുടെ ഇടവകയ്ക്കു വെളിയിലും ധാരാളം സന്നദ്ധസേവന പ്രവർത്തനങ്ങളും സംഘടനകളും ഉണ്ട്? ഇവയിൽ നിന്ന് ഉയർന്നു നില്ക്കാൻ നമ്മുടെ എം.സി.വൈ.എം പ്രസ്ഥാനത്തിന് എന്തൊക്കെ യോഗ്യത ഉണ്ട്. സ്നേഹത്തിൽ നാഥനോട് ചേർന്നുനില്ക്കാൻ നമ്മുടെ ഇടവകയുടെ നെടുന്തൂണായ യുവജനങ്ങളെ വളർത്താൻ എം.സി.വൈ.എം. ഇങ്ങനെ മതിയോ? ചിന്തിക്കുക.

ദൈവസ്നേഹത്താൽ പ്രേരിതരായി ഇളംതലമുറയ്ക്ക് മാർഗ്ഗ ദർശികളാൽ നാം കുറേക്കൂടി യേശുവുമായുള്ള വ്യക്തിബന്ധത്തിൽ വളരണ്ടേ? നമ്മുടെ പ്രാർത്ഥനായോഗങ്ങൾ തുടർന്ന് മുന്നോട്ടുപോകാൻ വിലപ്പെട്ട സംഭാവന യുവജനങ്ങളിൽ നിന്ന് ഉരുത്തിരിയണോ? ചിന്തിക്കുക.

**ഇടവകയിലെ കുടുംബ പ്രാർത്ഥനാ ഗ്രൂപ്പ്**

ഇടവക സമൂഹവുമായി നല്ല ഒരു കൂട്ടായ്മയിൽ ആകാനുള്ള വിലപ്പെട്ട വേദി– വൈദികർ ഏറ്റവും അധികം നഷ്ടപ്പെടുത്തുന്ന വേദി – പ്രായമായവരുടെ മാത്രം കൂട്ടായ്മയായിത്തീരുന്ന വേദി – എന്നൊക്കെ കുടുംബപ്രാർത്ഥന ഗ്രൂപ്പിനെ വിശേഷിപ്പിക്കാം.

സ്നേഹമുള്ള വൈദികരെ, അല്മായരായ ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ വാക്കിനെ വിലമതിക്കുന്നുണ്ട്. നിങ്ങൾ വചനം പങ്കുവയ്ക്കുമ്പോൾ പരിശുദ്ധാത്മ നിറവ്, അനുഭവിക്കുന്നു. തുടർച്ചയായ ഒരു തിരുവചനധ്യാനത്തിനും, യേശുവിന്റെ ശിഷ്യത്വ ത്തിലേക്ക് ദൈവജനത്തെ പടിപടിയായി ഉയർത്തുന്നതിനും നല്ല ഒരു വേദിയാണ് പ്രാർത്ഥനാഗ്രൂപ്പ്. ഒരു വൈദികന് ഞായറാഴ്ച എല്ലാ പ്രാർത്ഥനാഗ്രൂപ്പുകളിലും സംബന്ധിക്കുവാൻ സാധിക്കില്ല.

www.malankaralibrary.com



വൈദികനും വചനം പങ്കുവയ്ക്കുവാൻ തിരുവചനം പഠിച്ചിട്ടുള്ള വ്യക്തികളുടെ സഹായം ഉപയോഗിക്കാം. പ.കുർബാനയെയും മറ്റു കൂദാശകളെക്കുറിച്ചും പഠനങ്ങൾ നടത്താൻ സഹായിക്കാം. യുവജനങ്ങൾ, young couples, കുട്ടികൾ എന്നിവരെ പ്രാർത്ഥനാ ഗ്രൂപ്പിൽ വരാൻ പ്രോത്സാഹിപ്പിക്കുക. ചിട്ടയായ ഒരു തുടർ പരിശീലനം ഉണ്ടെങ്കിൽ പ്രാർത്ഥനാഗ്രൂപ്പിലേക്ക് വരാൻ താല്പര്യം ഉണ്ടാകും.

വൃദ്ധർ, രോഗികൾ എന്നിവരെ കാണാനും പ്രാർത്ഥിക്കാനും ശ്രദ്ധിക്കുക. ഓരോ കുടുംബങ്ങളിലും പോകുമ്പോൾ അവിടുത്തെ ആത്മീയ സ്ഥിതി ഗ്രഹിക്കാനുള്ള അവസരവും ലഭിക്കും.

**കുടുംബങ്ങളുമായുള്ള ബന്ധം**

നമ്മുടെ ഇടവകയിലെ ഓരോ കുടുംബവും അനുസ്യൂതം കർത്താവുമായുള്ള ബന്ധത്തിൽ വളരുന്നുണ്ടോ എന്ന് ശ്രദ്ധിക്കാനുള്ള ഉത്തരവാദിത്വം വൈദികനുണ്ട്. വൈദികന് വേണ്ട സഹായം നല്കാൻ ഓരോ പ്രാർത്ഥനാഗ്രൂപ്പ് നേതൃത്വത്തിനും സുവിശേഷ സംഘാംഗങ്ങൾക്കും കടമയുണ്ട്.

കുടുംബത്തിന്റെ ആത്മീയ വളർച്ച, കുടുംബപ്രാർത്ഥന, രോഗികൾക്കും വൃദ്ധർക്കും ലഭിക്കുന്ന ശുശ്രൂഷയും ആത്മീയ പോഷണം പ്രത്യേകിച്ച് ഈ കോവിഡ് കാലത്തെ സാമ്പത്തിക സ്ഥിതി........

ലഹരിക്കടമകളായവർ, മദ്യപാനാസക്തി ഉള്ളവർ എന്നിവരെ തിരിച്ചറിയുകയും അവർക്കുവേണ്ട ശ്രദ്ധ നല്കുകയും ചെയ്യണം.

ഇന്നത്തെ കാലത്ത് കുട്ടികൾ എല്ലാ വിധത്തിലും സുരക്ഷിതരാണോ എന്ന് തിരിച്ചറിയണം. കുഞ്ഞുങ്ങളെ എന്തു വിലയുംകൊടുത്ത് സംരക്ഷിക്കണം.

വൈദികർ ശുശ്രൂഷാതല്പരരായ വ്യക്തികളെ കുടുംബത്തിന്റെ ക്ഷേമത്തിനായി സഹകരിപ്പിക്കുമ്പോൾ കുടുംബത്തിലെ രഹസ്യാത്മകത, കാത്തുസൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. യേശുവിനോടുള്ള സ്നേഹത്തെ പ്രതിയുള്ള ശുശ്രൂഷയാണെന്നുള്ള ബോധ്യവും ജനിപ്പിക്കണം.

കുടുംബപ്രാർത്ഥനയും തിരുവചന ധ്യാനവും ഇല്ലാത്ത ഭവനങ്ങളിലും രഹസ്യാത്മകത കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെ സുവി

www.malankaralibrary.com



ശേഷ സംഘാംഗങ്ങൾക്ക് കുടുംബപ്രാർത്ഥനയും തിരുവചന വായനയും ഒരു കുടുംബത്തിൽ ശീലമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

**ഇടവകയിലെ കമ്മിറ്റി അംഗങ്ങൾ**

ഇടവകയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വൈദികനോട് ചേർന്ന് കമ്മിറ്റി അംഗങ്ങൾ പ്രവർത്തിക്കുന്നു. അവരുടെ നിർല്ലോഭമായ സഹകരണത്തിന് ഇടവകാംഗങ്ങളായ ഞങ്ങൾക്ക് നന്ദിയുണ്ട്. പക്ഷേ സ്തുതിപാടകരെയും, സ്വന്തം മഹത്വം മാത്രം അന്വേഷിക്കുന്നവരെയും തിരിച്ചറിയുകയും മാറ്റനിർത്തുകയും വിവേകത്തോടെ കാര്യങ്ങൾ നിയന്ത്രിക്കാൻ വൈദികർ ശ്രദ്ധിക്കണം.

**വ്യക്തിപരമായി ഓരോ നവവൈദികനും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ദൈവമാണ് നിങ്ങളെ ഈ ദൗത്യത്തിലേക്ക് വിളിച്ചത്. എത്രത്തോളം ഉയർത്തിയോ അത്രത്തോളം വിനീതനാകുക.

- ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ് ഈ ദൗത്യം.
- നിങ്ങളുമായുള്ള സംസർഗ്ഗം അനേകരെ വിശുദ്ധിയിലേക്ക് നയിക്കാനുള്ളതാണെന്ന് ചിന്തിക്കുക.
- തിരുവചനം നിരന്തരം ധ്യാനിക്കുക - നല്ല പുസ്തകങ്ങളും വായിക്കുക. കർത്തവ്യായി സമയം ചിലവഴിക്കുക. ദൈവം തരുന്ന ഉൾക്കാഴ്ചകൾ ദൈവജനത്തിനും പങ്കുവയ്ക്കുക.
- മറ്റുള്ളവരെ വിധിക്കാതിരിക്കുക. പാപത്തെ വെറുത്ത് പാപിയെ സ്നേഹിച്ച യേശു മനോഭാവം, കരുണയും, ദയയും മുന്നിൽ നിൽക്കട്ടെ.
- പ്രിയ വൈദികരെ ദൈവജനത്തിന് ശുശ്രൂഷ നല്കുന്നതിനു മാത്രമല്ല, വേറെ ഏതെങ്കിലും ജോലിയും നിങ്ങൾക്ക് തന്നാൽ, ആ ജോലി ലക്ഷ്യമായി കണ്ടും ജീവിക്കാതിരിക്കുക - അവ നിങ്ങളെ വളർത്താനുള്ള മാർഗ്ഗമായി മാത്രം കരുതുക.
- അനുദിനം വിശുദ്ധിയിൽ വളരുക. പ്രാർത്ഥനയുടെ മനുഷ്യരാകുക.
- എല്ലാവരുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുക. എല്ലാവർക്കും സംലഭ്യനാകുക.

www.malankaralibrary.com



- എല്ലാവരെയും രക്ഷിക്കുന്ന സ്വർഗ്ഗീയ മേഖലയിൽ കർത്താവിനോട് പൂർണ്ണമായ ചേർന്ന് പ്രവർത്തിക്കുക.
- സുറിയാനി പദങ്ങൾ ശുശ്രൂഷയിൽ കൂടുതലായി ഉപയോഗിക്കുന്നെങ്കിൽ അതിന്റെ അർത്ഥവും നേരത്തെ പറഞ്ഞ് കൊടുക്കുന്നത് വളരെ നന്ന്.

വളരെ ശ്രേഷ്ഠവും ത്യാഗോജ്ജ്വലവുമായ ഒരു ജീവിതത്തിലേക്കുള്ള വിളിയാണ് പൗരോഹിത്യം.

പ്രസിദ്ധനായ ലക്കോർഡെറിന്റെ ഭാഷയിൽ പറഞ്ഞാൽ 'ലോകസുഖങ്ങൾ' ആഗ്രഹിക്കാതെ, ലോകത്തിൽ ജീവിക്കുന്നവൻ ഒരു കുടുംബത്തിന്റെയും സ്വന്തമാകാതെ, ഓരോ കുടുംബത്തിലും അംഗമാകുന്നവർ എല്ലാ ഹൃദയരഹസ്യങ്ങളിലേക്കും കടന്നു ചെല്ലുന്നവൻ, എല്ലാ വ്രണങ്ങളും സുഖപ്പെടുത്തന്നവൻ, മനുഷ്യന്റെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തിക്കുന്നവ മനുഷ്യർക്ക് പാപമോചനവും, പ്രത്യാശയും, സമാധാനവുംകൊണ്ട് വരുന്നവൻ, പരസ്നേഹത്താൽ ജ്വലിക്കുന്നതും ബ്രഹ്മചര്യത്താൽ സുദൃഢവുമായ ഹൃദയമുള്ളവൻ, എല്ലായ്പ്പോഴും പഠിപ്പിക്കുകയും ക്ഷമിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവൻ ഓ! ദൈവമേ....

ഈ ജീവിതം നിന്റേതാണ്.

---

നാം ചിന്തിക്കുകയും തൊട്ടറിയുകയും ചെയ്യുന്ന സഭ തെരഞ്ഞെടുക്കപ്പെട്ട ഏതാനുംപേരെ മാത്രം ഉൾക്കൊള്ളുന്ന കപ്പേളയല്ല അതെല്ലാവരുടെയും ഭവനമാണ്. രണ്ടാം തരക്കാരെ സംരക്ഷിക്കുന്ന ഒരു സൈ്വര്യസങ്കേതമായി സാർവ്വത്രിക സഭയുടെ മടിത്തട്ട് നാം ചെറുതാക്കരുത്. സഭ അമ്മയാണ്, ഫലസമൃദ്ധമാണ്. അങ്ങനെയായിരിക്കണം.

– ഫ്രാൻസിസ് മാർപാപ്പാ

www.malankaralibrary.com

# അധികാരമില്ലാത്ത പ്രസംഗകർ

(26 ജൂൺ 2014-ൽ സെന്റ് മാർത്തായിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ നടത്തിയ പ്രസംഗം)

ഹൃദയങ്ങൾ ഗ്രഹിക്കാനും സ്പർശിക്കാനും കഴിയുന്ന നല്ല ഇടയനെ വേണം ജനങ്ങൾക്ക്. യേശുവിനെപ്പോലെയുള്ള നല്ല ഇടയൻ. ദുർഗ്രഹവും അമൂർത്തവുമായ ആശയങ്ങളോ സദാചാരത്തിന്റെ നൂലിഴകൾ വലിച്ചുകീറി നോക്കുന്ന ധർമ്മാധർമ്മവിവേചനത്തിന്റെ വാക്കുകളോ പറയുന്നവരെ പിന്തുടരാതെ നല്ല ഇടയനെ അനുഗമിക്കാൻ നമുക്കു കഴിയേണ്ടതുണ്ട്. രാഷ്ട്രീയമായോ സാമ്പത്തികമായോ ശക്തരായ ആളുകളുമായി എല്ലാം വിലപേശി ഏർപ്പാടാക്കുന്നവരിൽ നിന്നു നാം അകലം പാലിക്കേണ്ടതുണ്ട്. ജനങ്ങളിൽ നിന്ന് അകന്നവരും എന്നാൽ രാഷ്ട്രീയമായ ഗൂഢലക്ഷ്യത്തോടെ വിമോചനത്തിന്റെ യുദ്ധം - വിമോചനസമരം - പ്രഖ്യാപിക്കുന്നവരുമായ വിപ്ലവകാരികളിൽ നിന്നും നാം അകലം പാലിക്കണം.

നാലുതരം സമീപനങ്ങളെക്കുറിച്ച് നമുക്ക് ഇന്നു ധ്യാനിക്കാം. വളരെയധികം ആളുകൾ യേശുവിനെ അനുഗമിച്ചു. ഉദാഹരണമായി, അപ്പം വർദ്ധിപ്പിച്ച സംഭവം പരിഗണിക്കുക. അയ്യായിരത്തിലധികം ആളുകൾ അന്ന് അവിടെയുണ്ടായിരുന്നു. യേശുവിനെ വഴിയിൽ അനുഗമിച്ചിരുന്നവർ, വളരെ അടുത്തായി അനുഗമിച്ചിരുന്നവർ, ധാരാളമായിരുന്നു. അവരുടെ ഹൃദയത്തെ ആശ്ചര്യഭരിതമാക്കിയ വാക്കുകളാണ് യേശുവിൽനിന്നു പുറപ്പെട്ടിരുന്നതെന്നും അതുകൊണ്ടാണ് അവർ അവനെ അനുഗമിച്ചതെന്നും സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. നന്മ കാണുമ്പോഴുള്ള, നല്ലതുകാണുമ്പോഴുള്ള, ആശ്ചര്യം. വലിയ കാര്യങ്ങൾ കാണുമ്പോഴുള്ള വിസ്മയം. നിയമജ്ഞന്മാരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് യേശു പഠിപ്പിച്ചത് (മത്തായി 7:21-2).

ജനങ്ങൾ ആഗ്രഹിക്കുന്നത് അധികാരമുള്ള വിദഗ്ദ്ധരെയാണ്, പ്രഘോഷകരെയാണ്, പ്രബോധകരെയാണ്. അധികാരമില്ലാത്തവർ സംസാരിച്ചാൽ ജനങ്ങളുടെ ഹൃദയം സ്പർശിക്കാൻ കഴിയില്ല. ജനങ്ങളിൽനിന്നു വളരെ ദൂരെയാണ് അവർ. ജനങ്ങളുടെ ചോദ്യങ്ങൾക്ക്

www.malankaralibrary.com



ഉത്തരം നല്കി കഴിയുന്നതും അവരുടെ ഹൃദയങ്ങളെ സ്പർശിക്കുന്നതുമായ പ്രബോധനമാണു നൽകേണ്ടത്.

നിയമജ്ഞരെപ്പോലെ അധികാരമില്ലാതെ സംസാരിക്കുന്നവർ നാലു ഗണമുണ്ട്. ഏറ്റവും അറിയപ്പെട്ടിരുന്നവർ ഫരിസേയരാണ്. തർക്കമില്ല. നല്ല ഫരിസേയരുണ്ടായിരുന്നു. എന്നാൽ, യേശു ഉദ്ദേശിച്ചതു മോശം ഫരിസേയരെക്കുറിച്ചാണ്. ദൈവത്തിനുവേണ്ടി ആചാരങ്ങൾ അവർ നടത്തി, മതത്തിന്റെ അനുഷ്ഠാനങ്ങൾ തെറ്റുകൂടാതെ ചെയ്തു, കല്പനകളുടെ നീണ്ട നിരതന്നെ–പത്തിൽ നിന്നു കല്പനകളുടെ എണ്ണം മുന്നൂറിലധികമായി അവർ വർദ്ധിപ്പിച്ചു – അവർ പാലിച്ചു. ഇവയെല്ലാം ജനങ്ങളുടെ ചുമലിൽ കെട്ടിവച്ചു. നിങ്ങൾ ഇങ്ങനെ ചെയ്യണം, അങ്ങനെ ചെയ്യണം, ഇങ്ങനെ ചെയ്യരുത് – അരുതുകളും അരുതായ്മകളുമായി നൂറുകൂട്ടം കാര്യങ്ങൾ, ജീവിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തെ സദാചാരത്തിന്റെ നാലതിരുകളിലേക്ക് അവർ ഒതുക്കി. ഏറ്റവും ക്രൂരമായ സദാചാര നിയമങ്ങളുടെ വൈരുദ്ധ്യമായി മതം അധഃപതിച്ചു. ജനങ്ങൾ തീർച്ചയായും അവരെ ബഹുമാനിച്ചു (അത് അവരുടെ നന്മ). എന്നാൽ അവരുടെ സദാചാര പ്രസംഗങ്ങൾ ജനം കേൾക്കാതായി.

മറ്റൊരു ഗണമാണു സദ്ദുക്കായർ, വിശ്വാസമില്ലാത്ത ഗണമായിരുന്നു അവർ. വിശ്വാസം നഷ്ടപ്പെട്ടവർ. അധികാരസ്ഥാനത്ത് ഇരിക്കുന്നവരുമായി ഇടപാടുകളിൽ ഏർപ്പെട്ടു മതപരമായ ചടങ്ങുകൾ നടത്തിയിരുന്നു ഇക്കൂട്ടർ. രാഷ്ട്രീയമായാലും സാമ്പത്തികമായാലും സ്വാധീനമുള്ളവരാണ് അവരുടെ സ്നേഹിതർ. പണത്തിന്റെ ഭാഷയിലല്ലാതെ ഒരു ഇടപാടും ചെയ്യാത്തവർ. ജനങ്ങൾ അവരുടെകൂടെയില്ലായിരുന്നു.

മൂന്നാമത്തെ ഗണം വിപ്ലവകാരികളുടേതാണ്. അവരെ അക്കാലത്ത് വിളിച്ചിരുന്നത് സ്സെലോട്ടുകൾ എന്നാണ് (zealots). റോമായുടെ ആധിപത്യത്തിൽ നിന്ന് ഇസ്രായേൽക്കാരെ വിപ്ലവത്തിലൂടെ സ്വതന്ത്രരാക്കണമെന്നു വാദിച്ചിരുന്നവർ. അവരുടെയിടയിൽ ഒളിയുദ്ധം നടത്തുന്നവരും ഉണ്ടായിരുന്നു. എന്നാൽ, ജനങ്ങൾക്കു സാമാന്യബോധം ഉണ്ടായിരുന്നു. പഴുത്തോ പറിക്കാൻ പാകമായോ എന്നൊക്കെ അവർക്ക് അറിയാമായിരുന്നു. ജനങ്ങൾ അവരെയും അനുഗമിച്ചില്ല.

നാലാമത്തെ ഗണം: നല്ല ആളുകളായിരുന്നു ഈ ഗണത്തിലുണ്ടായിരുന്നത്. എസ്സീനികൾ (Essenes) എന്ന് അവർ അറിയപ്പെട്ടു. അവർ

www.malankaralibrary.com



സന്ന്യാസികളായിരുന്നു. ദൈവത്തിനു ജീവിതം പ്രതിഷ്ഠിച്ചവർ. സ്മൃതിധ്യാനത്തിലും പ്രാർത്ഥനയിലും ജീവിച്ചവർ. പക്ഷേ, അവർ ജനങ്ങളിൽനിന്നു വളരെ വിദൂരത്തിൽ ജീവിച്ചതിനാൽ ജനങ്ങൾ അവരെയും പിന്തുടർന്നില്ല.

ഇവരുടെ സ്വരം ജനങ്ങളിലേക്ക് എത്തി. എന്നാൽ, ജനങ്ങളുടെ ഹൃദയം സ്പർശിക്കാൻ അതു പര്യാപ്തമല്ലായിരുന്നു. എന്നാൽ, യേശുവിന് അതു സാധിച്ചു. അതുകൊണ്ടാണ് ജനം ആശ്ചര്യപ്പെട്ടത്. അവർ യശുവിനെ ശ്രവിച്ചു. ഹൃദയം ഊഷ്മളമായി. കാരണം, ഹൃദയ സ്പർശിയായിരുന്നു അവന്റെ വാക്കുകൾ. അധികാരമുള്ളവനെപ്പോലെ യാണല്ലോ അവൻ പഠിപ്പിച്ചത്.

യേശു ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നു. ജനങ്ങളുടെ ഹൃദയം സൗഖ്യമാക്കി. ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി. പാപികളോടു സംസാരിക്കാൻ ലജ്ജിച്ചില്ല. അവൻ അവരെ സന്ദർശിച്ചു. ജനങ്ങളുടെ കൂടെയായിരിക്കുന്നതിൽ യേശു ആനന്ദിച്ചു. ഇതെങ്ങനെ സാധിച്ചു വെന്നു യേശുതന്നെ വ്യക്തമാക്കിയിട്ടുണ്ട്; ഞാൻ നല്ല ഇടയനാണ്. എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. അവ എന്നെ അനുഗമി ക്കുന്നു.

അതെ. യേശു നല്ല ഇടയനായതുകൊണ്ടാണു ജനം അവനെ അനുഗമിച്ചത്. തീർച്ചയായും ഫരിസേയരെപ്പോലെ യേശു സദാചാര വാദിയായിരുന്നില്ല. സദുക്കായരെപ്പോലെ അധികാരകേന്ദ്രങ്ങളുമായി ഇടപാടുകൾ ഉറപ്പിച്ചില്ല, തന്റെ ജനത്തിനു രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടാൻ ഒളിപ്പോരു നടത്തിയില്ല. അവൻ ഇടയനായിരുന്നു. ജനങ്ങളുടെ ഭാഷ അവൻ സംസാരിച്ചു. തന്നെ ശ്രവിക്കാനും ഗ്രഹിക്കാനും ജനങ്ങളെ അനുവദിച്ചു. സത്യം പറഞ്ഞു. ദൈവത്തിന്റെ കാര്യങ്ങൾ സംസാരിച്ചു. ദൈവത്തിന്റെ കാര്യങ്ങളിൽ വിലപേശിയില്ല. ജനം ദൈവിക കാര്യങ്ങളെ സ്നേഹിക്കാൻ തുടങ്ങി. അതുകൊണ്ട് അവർ അവനെ അനുഗമിച്ചു.

ജനത്തിൽനിന്നു യേശു ഒരിക്കലും അകലം പാലിച്ചില്ല. ദൈവ പിതാവിൽ നിന്നും അവൻ അകലം പാലിച്ചില്ല. അവനും പിതാവും ഒന്നായിരുന്നു. അത് അവന് അധികാരം നല്കി. ജനങ്ങൾ അവനെ അനുഗമിച്ചു.

www.malankaralibrary.com



നമ്മുടെ മനസ്സാക്ഷിയെ ആത്മപരിശോധനക്കു വിധേയമാക്കേണ്ട സമയമാണിത്. ആരെ അനുഗമിക്കാനാണ് എനിക്കിഷ്ടം? സദാചാരത്തെക്കുറിച്ച് അമൂർത്തമായ ചില സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നവരെയോ? തെറ്റും ശരിയും മാത്രം പരിഗണിക്കുന്ന ധർമ്മാധർമ്മവിദ്യ പഠിപ്പിക്കുന്നവരെയോ? ദൈവത്തിന്റെ ആളുകൾ എന്നു വീമ്പിളക്കുകയും എന്നാൽ വിശ്വാസമില്ലാതിരിക്കുകയും ചെയ്യുന്നവരെയോ? രാഷ്ട്രീയ-സാമ്പത്തിക അധികാരകേന്ദ്രങ്ങളുമായി വിലപേശി സ്ഥാനമാനങ്ങൾ നേടുന്നവരെയോ? വിചിത്രമായ കാര്യങ്ങൾ ചെയ്യുന്നവരെയോ? വിമോചന സമരങ്ങളുമായി മുന്നോട്ടുപോയി നശീകരണത്തിന്റെ പാത സ്വീകരിക്കുന്നവരെയോ? ലോകത്തിൽ നിന്ന് അകന്നുമാറി സ്മൃതിധ്യാനത്തിൽ മാത്രം മുഴുകുന്നവരെയോ? അതോ, യേശുവിൽ തന്നോട് അടുത്തിരിക്കാൻ, തന്നെ സമീപിക്കാൻ, ദൈവവചനത്തിന്റെ വിസ്മയം കാണാൻ, എന്നെ അനുവദിച്ച ദൈവപിതാവിനെയോ? ആരാണ് എന്നെ സ്വാധീനിക്കുന്നത്?

"ഗുരോ, പ്രാർത്ഥിക്കാനെനിക്കറിഞ്ഞു കൂടാ, പ്രാർത്ഥിക്കാൻ എന്നെ പഠിപ്പിക്കണമേ."

"സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരം പിടിക്കുന്നതാണ് പ്രാർത്ഥന. നീ ആ പിതാവിന്റെ സംരക്ഷണവലയത്തിനുള്ളിലാണെന്ന ഉറപ്പും ആത്മവിശ്വാസവും നിന്റെ ഓരോ ഇന്ദ്രിയത്തിലൂടെയും ഒഴുകിയെത്തുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും എല്ലാ കടുംപിടുത്തങ്ങളിൽനിന്നും അയവുനേടി വെറുതെ അതാസ്വദിക്കുന്നതാണ് പ്രാർത്ഥന. ഈ ആത്മവിശ്വാസം ലോകത്തോടിടപഴകുമ്പോൾ നിന്നിൽ അങ്കുരിക്കുന്ന ലോകത്തെ ആ ആത്മവിശ്വാസത്തിന്റെ കണ്ണിലൂടെ നീ കാണണം.

www.malankaralibrary.com

# പ്രയാണം

ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി

യുവത്വത്തിന്റെ ആവേശത്തിൽ ഹൃദയം മന്ത്രിച്ച കാര്യങ്ങൾ, ബോധ്യങ്ങൾ എന്ന ഉറച്ച വിശ്വാസത്തോടെ ഞാൻ എന്റെ ജീവിതത്തിൽ കോറിയിട്ടു. പിന്നീടങ്ങോട്ട് ഈ ബോധ്യങ്ങൾ മൂലക്കല്ലാക്കി ഈ ജീവിതം ആരംഭിച്ചപ്പോൾ അറിവിന്റെ വെളിച്ചം എന്നെ സ്വതന്ത്രമാക്കി. സഫലമീ ജീവിതം എന്ന് പറയാതെ പറഞ്ഞു. എന്നാൽ വാഴ്‌വിന്റെ ഋതുഭേദങ്ങൾ ഹൃദയത്തേയും ചിന്തകളേയും തമ്മിൽ നേർക്ക് നേർ പോരിന്റെ നിയതിയിൽ എത്തിച്ചപ്പോൾ ആശങ്കകളുടെ ആഴക്കടലിൽ ജീവിതം ഒന്ന് ആടിയുലഞ്ഞു. അന്ന് ആ നസ്രായൻ കരം നീട്ടി ബലപ്പെടുത്തി ഇപ്രകാരം പറഞ്ഞു: "മകനേ നീ എന്റേതാണ്, ഞാൻ നിന്നെ സ്വന്തമാക്കിയിരിക്കുന്നു." മുഖത്തെ വിസ്മയവും, ഉള്ളിലെ പിടച്ചിലും സാവധാനം ആ 33 കാരനിലേക്ക് ഞാൻ ചേർത്തു വച്ചു. അവന്റെ മുഖത്തേക്കു നോക്കി ചോദിച്ചു. "ആരാണ് നീ?" അവൻ നിഷ്കളങ്കമായ ആ ചോദ്യത്തെ ഒരു പുഞ്ചിരിയിൽ അവസാനിപ്പിച്ചു. പിന്നെ പറഞ്ഞു, "ഞാൻ നിന്നെ തേടിയിറങ്ങിയ ഗുരുവാണ് നിന്നോടൊപ്പം ഞാൻ ഉണ്ടായിരുന്നു. എന്നാൽ നീ എന്നെ അറിഞ്ഞില്ല." ഇത്രയും പറഞ്ഞ് അവൻ യാത്ര ആരംഭിച്ചു. ഗുരുമൊഴിയുടെ ഗൃഹപാഠം എന്തെന്നറിയാതെ ഞാൻ ഉഴറി എങ്കിലും, ഒരു ഉൾവിളിയുടെ വിസ്മയത്തിന് മുമ്പിൽ പകച്ചു നിൽക്കാതെ അവന്റെ വഴിയെ, അവന്റെ പിന്നാലെ നടന്നു തുടങ്ങി.

യാത്രയുടെ ആദ്യ ദിനങ്ങൾ അവനോടൊപ്പം നടന്നതിനാലാകാം ഒരു ആത്മ സംതൃപ്തിയും വിവരിക്കാനാകാത്ത ആനന്ദവും ജീവിതം മുഴുവൻ നിഴലിച്ചു നിന്നിരുന്നു. എന്നാൽ യാത്രയിലെവിടെയോ എന്ന പഴകാല ജീവിതചര്യകളുടെ ഗൃഹാതുരത്വവും പാതയോരത്തെ വർണ്ണക്കാഴ്ചയും എന്റെ മിഴികൾക്ക് ആസ്വാദ്യതയും മനസ്സിന് കുളിർമയും നൽകിയപ്പോൾ ഞാനും ഗുരുവും തമ്മിലുള്ള അകലം കൂടി തുടങ്ങി. ഗുരുവിന്റെ പിന്നാലെ ചരിച്ച പാദങ്ങൾ പതുക്കെ വ്യതിചലിച്ചു തുടങ്ങി. അപ്പോഴും ഞാൻ സഞ്ചരിച്ചുകൊണ്ടേ ഇരുന്നു. എന്നാലും അപ്പോഴും ഉള്ളിലെ പരിവർത്തനം ഞാൻ അറിഞ്ഞുകൊണ്ടിരുന്നു. ഓരോ

www.malankaralibrary.com



നിമിഷവും ആ പഴയ സംതൃപ്തിയും, ആനന്ദവും എന്റെ ഉള്ളിൽ കുറഞ്ഞുകൊണ്ടേയിരുന്നു. ഹൃദയത്തിന്റെ ശൂന്യത എന്നെ വല്ലാതെ ഗ്രസിച്ചു കൊണ്ടിരുന്നു. യാത്രയുടെ ദിശ മാറിയെന്നും ഞാൻ പിൻതുടരുന്ന പാദചരണങ്ങൾ എന്റെ മുൻപിൽ ഇല്ലാ എന്നും ഞാൻ തിരിച്ചറിഞ്ഞു. കൺമുമ്പിലെ ചക്രവാള ശൂന്യത എന്നെ തളർത്തിയപ്പോൾ ഒരു നനുത്ത കരം എന്റെ കരം പിടിക്കുന്നത് ഞാൻ അറിഞ്ഞു. ഒരു മൃദുസ്വരം കാതിൽ ഞാൻ കേട്ടു, "നീ എന്റേതാണ്, എന്റേത് മാത്രമാണ്". ഒരു ശിശുവിന്റെ നിഷ്കളങ്ക കൗതുകത്തോടെ ഞാൻ അവന്റെ മുമ്പിൽ ആനന്ദ നൃത്തമാടി. കാരണം അത് ആ നസ്രായനായ ഗുരുവാണെന്നും അയോഗ്യതകളോ ബലഹീനതകളോ പരിഗണിക്കാതെ എന്നെ ഓരം ചേർത്തു നിർത്തുവാൻ തിരികെ വന്നതാണെന്നും ഞാൻ മനസ്സിലാക്കി, തിരിച്ചറിവിന്റെ ഉൾച്ചൂടിൽ ഞാൻ എന്റെ യാത്ര ഉറച്ച കാലടികളോടെ അവനൊപ്പം വീണ്ടും ആരംഭിച്ചു. ഇവനാണ് സത്യം, ഇവനാണ് നിത്യം ഈ ജീവിതമാണ് ധന്യം.

സമർപ്പണ ജീവിതത്തിന്റെ പാതയിലെ പതർച്ചകളെ ഇടർച്ചകളാക്കാതെ... തളർച്ചകളെ തകർച്ചകളാക്കാതെ... നഷ്ടപ്പെട്ട ആടിനെ തേടിയിറങ്ങുന്ന നല്ല ഇടയാ.... ധൂർത്തപുത്രനെ സ്വഭവനത്തിൽ സ്വീകരിക്കുന്ന സ്നേഹപിതാവേ... നിന്റെ കരുണയിലാശ്രയിച്ച് ശിഷ്യൻ ഈ പ്രയാണം തുടരുന്നു. ഗുരുവിനൊപ്പം എത്തുവാനും ഗുരുവിനെ പോലെയാകുവാനുമുള്ള യാത്ര...

---

**ഹൃദയങ്ങൾ തീ പിടിപ്പിക്കുന്ന രക്ഷയുടെ സന്ദേശം പ്രഘോഷിക്കാനായി തെരുവുകളിലേക്ക് ഇറങ്ങുന്ന സഭയാണ് പ്രേക്ഷിത സഭ.**

**– ഫ്രാൻസിസ് മാർപാപ്പാ**

www.malankaralibrary.com

# എന്റെ ആത്മാവ് പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവൻ!

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

പൗരോഹിത്യ ജീവിതത്തിന്റെ മഹത്വം ആഘോഷിക്കാൻ ഒരു അവസരം കൂടി ബഥനിക്ക് സംജാതമായി. നിത്യപുരോഹിതനായ യേശുവിന്റെ ജീവിതത്തിന്റെ നിർമ്മലതയെപ്പറ്റി, സാക്ഷ്യത്തെപ്പറ്റി, മാതൃകയെപ്പറ്റി ഒരിക്കൽ കൂടി വിചിന്തനം നടത്താനുള്ള അവസരം വിചിത്രം എന്നു പറയട്ടെ നാം ഇന്ന് പൗരോഹിത്യത്തിൽ കാണുന്നതും പൗരോഹിത്യത്തെപ്പറ്റി കേൾക്കുന്നതും, പഠിപ്പിക്കുന്നതും, പഠിക്കുന്നതും ക്രിസ്തു പ്രതിനിധാനം ചെയ്ത പൗരോഹിത്യ ദർശനത്തിന്റെ ഭാഗം ആണോ എന്ന് സംശയം ഉണ്ട്. യേശു പുരോഹിതൻ ആയിരുന്നോ എന്നുപോലുമുള്ള ചർച്ചകൾ സഭയ്ക്കു പുറത്തും അകത്തും സജീവം തന്നെ. ക്രിസ്തുവിനുശേഷം ഇന്നുവരെ ഇതുപോലെയുള്ള ചർച്ചകൾ, ക്രിസ്തുവിന്റെ പൗരോഹിത്യ തനിമയെപ്പറ്റിയുള്ള പഠനങ്ങൾ, വിശദീകരണങ്ങൾ, ക്രിസ്തു പൗരോഹിത്യത്തിന്റെ നാനാവശങ്ങളെപ്പറ്റിയുള്ള വിശകലനങ്ങൾ പഠിപ്പിക്കലായും നമുക്ക് ലഭ്യമാണ്. പൗരോഹിത്യം സ്വീകരിക്കാത്ത പുരോഹിതൻ എന്ന് ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നവും അംഗീകരിക്കുന്നവരും ഉണ്ട്. നാം ഇന്ന് കാണുന്ന പുരോഹിത ഗണത്തിൽ ഒരിക്കലും ക്രിസ്തുവിനെ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കാത്തവരും ഉണ്ട്. ഈ ഒരു ചരിത്ര പശ്ചാത്തലത്തിൽ ഇന്നത്തെ പൗരോഹിത്യ സങ്കല്പത്തിൽനിന്ന് ക്രിസ്തുവിനെ അന്യനാകുന്ന പുരോഹിത ദർശനങ്ങളെപ്പറ്റിയുള്ള ഒരു വിചിന്തനമാണ് ഈ ലേഖനത്തിനാധാരം.

ഇപ്രകാരം ഒരു വിചിന്തനം നടത്തുന്നതുകൊണ്ട് പുരോഹിത ഗണത്തെ അപ്പാടെ താറടിച്ച് കാണിക്കുകയല്ല; പുരോഹിത ജീവിതത്തിൽ കാണുന്ന അപജയങ്ങളെ ഊതിവീർപ്പിച്ച് ആഘോഷിക്കുകയല്ല, പുരോഹിത ദർശനത്തെപ്പറ്റിയുള്ള സഭയുടെയും സമൂഹത്തിന്റെയും ധാരണകൾ, വസ്തുനിഷ്ഠമല്ലെന്നും, ക്രിസ്തീയമല്ലെന്നും പ്രസ്താവിക്കുകയല്ല, മറിച്ച് നാം കണ്ടുമുട്ടുന്ന പുരോഹിതജീവിതത്തിൽ ക്രിസ്തുവിൽ നിന്ന് പഠിക്കേണ്ട പൗരോഹിത്യ സമീപനങ്ങളുടെ നാനാർത്ഥങ്ങളെപ്പറ്റിയുള്ള വേദപുസ്തകപരമായ വിശദീകരണമാണ്

www.malankaralibrary.com



(മത്താ 12:18-20) ഈ ചിന്തയിലെ നിയോഗം. ക്രിസ്തുവിനുശേഷവും, ക്രിസ്തുവിന് മുൻപും ഉള്ള പുരോഹിത സങ്കല്പനങ്ങളും, സാക്ഷ്യങ്ങളും അംഗീകരിച്ചു കൊണ്ടും ആദരിച്ചുകൊണ്ടുമുള്ള വേദപുസ്തക വിശകലനമാണിത്.

ഇന്ന് നാം ദർശിക്കുന്ന പൗരോഹിത്യം നമുക്ക് അറിയാവുന്നതു പോലെ നിരന്തരം വിമർശനവിധേയമാണല്ലോ. വിമർശനത്തിന്റെ അടിസ്ഥാനകാരണം പൗരോഹിത്യത്തിലെ അപജയങ്ങൾ തന്നെ. കാരണങ്ങൾ വിവിധങ്ങളാണ്. അവ ഇവിടെ വീണ്ടും അവതരിപ്പിക്കപ്പെടുന്നില്ല. സുപരിചിതങ്ങളായ കാരണങ്ങൾ രേഖപ്പെടുത്തുന്നതിന് വലിയ സാംഗത്യവുമില്ലല്ലോ. ഒരുവശത്ത് പൗരോഹിത്യത്തിന്റെ മഹത്വം അംഗീകരിക്കപ്പെടുകയും മറുവശത്ത് അതിലെ അപജയങ്ങൾ ആവശ്യത്തിലധികം പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നു. സത്യത്തിൽ പൗരോഹിത്യം വിശകലന വിധേയമാകുമ്പോൾ അപജയങ്ങളെക്കാൾ അധികം നന്മകൾ മാത്രമാണ് നമുക്ക് ദർശിക്കാൻ കഴിയുക. സത്യം അംഗീകരിക്കപ്പെടുക ദുഷ്കരമായ അനുഭവം തന്നെ. എന്നാൽ തിന്മ ആഘോഷിക്കുന്നതിന്, അതാഘോഷിക്കുന്നവർക്കും, അതിൽ പങ്കുപറ്റുന്നവർക്കും അനന്യസാധാരണമായ സംതൃപ്തിയും, സുഖവും, ലക്ഷ്യവും ഉണ്ടല്ലോ. ആ ലക്ഷ്യങ്ങൾ പൂർണ്ണമായി വിജയിക്കാത്തതും അവയൊക്കെ അവസാനം സത്യമായി പരിണമിക്കുന്നതും പുരോഹിത ധർമ്മത്തെ മുൻപോട്ട് നയിക്കാനുള്ള ചാലകശക്തിയാണ്. പുരോഹിത ധർമ്മം, പുരോഹിത ശുശ്രൂഷ, പുരോഹിതജീവിതം, അനുഗ്രഹപ്രദമാക്കാനുള്ള ചില ചിന്തകൾ മാത്രം രേഖപ്പെടുത്തുന്നു. ആ ജീവിതത്തിലെ ബലഹീനതകൾ ഊതിവീർപ്പിച്ച് നിർമ്മലമായ ഒരു ജീവിത സാക്ഷ്യത്തെ വീണ്ടും മലിനപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. മറിച്ച് അതിലെ നന്മകൾ സൂചിപ്പിക്കുന്നതുകൊണ്ട് പൗരോഹിത്യം വീണ്ടും സടകുടഞ്ഞ് എഴുന്നേറ്റ് ക്രിസ്തുവിന്റെ നിർമല സാക്ഷ്യത്തിൽ ഉൾച്ചേരും. പുരോഹിത ജീവിതത്തിലെ കുറവുകൾ വീണ്ടും വീണ്ടും പറഞ്ഞ് പുരോഹിതധർമ്മത്തെ കരിതേച്ച് കാണിക്കാൻ ആഗ്രഹിക്കുന്നില്ല എന്നു സാരം. ഒപ്പം ബലഹീനതയിൽ നിന്ന് പാഠങ്ങൾ പഠിച്ച് ഉയർന്നാൽ പൗരോഹിത്യം വിലയുള്ളതാകും.

നമ്മുടെ ആശ്രമത്തിലെ നാല് സഹോദരങ്ങൾ ജനുവരി 4-ാം തീയതി കർത്താവിന്റെ തനിമയാർന്ന പൗരോഹിത്യ ആത്മാവിനാൽ നിറയുമ്പോൾ കർത്താവിന് അവരോട്, പുരോഹിതരോട് ഒന്നാമതായി പറയാനുള്ളത്, അവരോട് സാക്ഷ്യപ്പെടുത്താനുള്ളത് നിങ്ങൾ ഓരോരു

www.malankaralibrary.com



ത്തരും "എന്റെ ആത്മാവിനാൽ പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവർ" എന്നു തന്നെയാണ്. അതേ പുരോഹിതൻ കർത്താവിന്റെ ആത്മാവിനാൽ പ്രസാദിച്ച കർത്താവിന്റെ പ്രിയപ്പെട്ടവൻ തന്നെ. അവൻ ആത്യന്തിക മായി ആത്മാവിനാൽ പ്രസാദിച്ചവൻ ആയിരിക്കണം. പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യാവസാനം നിറഞ്ഞുനിൽക്കുന്ന ഒരു അനുഭവമാണല്ലോ അർത്ഥിയിലേക്ക് മുഖ്യകാർമ്മികൻ ആത്മാവിനെ നിവേശിപ്പിക്കുന്ന കർമ്മങ്ങൾ. കാർമ്മികന്റെ കർമ്മങ്ങളാൽ അർത്ഥിയെ അഭിഷേകം ചെയ്ത് ആത്മീയ നിറവുള്ളവനാക്കുന്നു. അർത്ഥികൾക്കു വേണ്ടി സമൂഹം മുഴുവൻ കർത്താവേ ഞങ്ങളോടു കരുണ ചെയ്യേണമേ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്ന് ഉള്ളു തുറന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു. പൗരോഹിത്യ കർമ്മ പൂർത്തീകരണത്തിലൂടെ അർത്ഥി പുരോഹിതനായി അഭിഷിക്തനാകുന്നു. മറുവാക്കിൽ പൗരോ ഹിത്യത്തിന്റെ മർമ്മം അഭിഷേകാഗ്നിയാൽ ഉദ്ദീപിപ്പിക്കുന്നതാണ്. സത്യമായും പൂർണ്ണമായും അർത്ഥി പൗരോഹിത്യ കർമ്മത്തിലൂടെ കർത്താവിന്റെ ആത്മാവിനാൽ പ്രസാദിച്ചവൻ ആണെങ്കിൽ എന്തെ നാം ഇന്ന് കാണുന്ന പൗരോഹിത്യജീവിതം ഇത്രമാത്രം വിമർശനം വിധേയ മാകുക? ലോകത്തിനും, സഭയ്ക്കും കുടുംബത്തിനും എന്തേ പുരോഹിതൻ നിന്ദാപാത്രമാകുന്നു? ഉത്തരം ലളിതമാണ്. താൻ സ്വീകരിച്ച ആത്മാവ് ദൈവാത്മാവല്ല. കർമ്മ സുഖത്തിന്റെ ആത്മാവിനെയാണ് – ഒരാളിൽ ആത്മാവ് കടന്നു വരണമെങ്കിൽ വ്യക്തി ശുദ്ധിയുള്ളവൻ ആയിരിക്കണം. ശുദ്ധിയുള്ളിടത്ത് വസിക്കുന്നതാണ് ദൈവാത്മാവ്. ശുദ്ധിയുള്ള ആത്മാവിനെ സ്വീകരിച്ചവനിൽ നിന്ന് 'ശുദ്ധത' മാത്രം കടന്നു വരും. മറിച്ച് കർമ്മത്തിനാണ് സ്വീകാര്യത എങ്കിൽ കർമ്മസുഖം നൽകി ആത്മാവ് അർത്ഥിയെ വിട്ടുപോകും.

നമ്മുടെ സഹോദരങ്ങൾ പൗരോഹിത്യ കൂട്ടായ്മയിലേക്ക് പ്രവേശിക്കുമ്പോൾ സമൂഹമായി നാം ചിന്തിക്കേണ്ട ഒരു സത്യമാണ് നാം നയിക്കപ്പെടുന്നത് ദൈവാത്മാവിനാൽ തന്നെയാണോ എന്ന്. പറയാനും, പ്രസംഗിക്കാനും യാതൊരു കുറവുമില്ലാത്ത ഒരു നിത്യാനുഭവം ആണ് ദൈവാത്മാവ്. എന്നാൽ സ്വന്തം ജീവിതത്തിലും സമൂഹജീവിതത്തിലും, സഭാജീവിതത്തിലും ആത്മാവ് ആവഹിക്കുന്ന അനുഭവങ്ങളിലുള്ള നമ്മുടെ ശുദ്ധാപൂർണ്ണമായ ഇടപെടലുകളും, ആത്മാവിനെ ഉൾക്കൊള്ളാനുള്ള നമ്മുടെ സംലഭ്യമായ ദൈവിക വ്യാപരങ്ങളിലൂടെ നമ്മുടെ ഉൾച്ചേരൽ എത്രമാത്രം സജീവമാണ്? നമ്മുടെതന്നെ ആശ്രമജീവിതക്രമങ്ങളിൽ ആത്മാവിനെ ഉദ്ദീപിപ്പിക്കുന്ന

www.malankaralibrary.com



ആത്മീയ ആഭ്യാസങ്ങളിലുള്ള നമ്മുടെ ഉയർച്ചയും അനുഭവവും ചോദ്യം ചെയ്യപ്പെടുന്നുണ്ടല്ലോ? ആ തലത്തിലുള്ള നമ്മുടെ വീഴ്ചയിൽ നിന്നുമാണ് നാം വ്യക്തികളായും, സമൂഹമയും ആത്മീയത നഷ്ടപ്പെട്ട വരായി മാറുക. ആത്മാവ് ഹൃദയത്തിന്റെ, മനസ്സിന്റെ സൂക്ഷിപ്പുകാര നാണല്ലോ? ഒരുകാലത്ത് പൗരോഹിത്യത്തിലൂടെ ആത്മീയാഭിഷേകം സ്വീകരിച്ചവർ അതിനനുയോജ്യമായ ജീവിതക്രമമാണോ വച്ചു പുലർത്തുക. ചിന്തനീയമായ ചില ആത്മീയ യാഥാർത്ഥ്യങ്ങൾ.

"അതേ പൗരോഹിത്യത്തിലൂടെ ക്രിസ്തു പുരോഹിതന്റെ മേൽ അയയ്ക്കുന്നത് തന്റെ ആത്മാവിനെയാണ്" (മത്താ:12:18). പൗരോ ഹിത്യ അനുഭവത്തിൽ സത്യത്തിൽ നടക്കുന്നതും നടക്കേണ്ടതും ഇതു തന്നെ. എന്നാൽ ഈ അനുഭവമാണ് ബാഹ്യമായ അനുഷ്ഠാനങ്ങ ളിലും, വസ്തുക്കളുടെ മോടിപിടിപ്പിക്കലിലും, ചൊല്ലലിന്റെ മാസ്മരികതയിലുമൊക്കെയായി പൗരോഹിത്യം തരം താഴ്ത്തപ്പെടുന്ന തിന്റെ പ്രധാന കാരണം സ്വീകരിക്കേണ്ട ആത്മാവിനെ സ്വീകരിക്കു ന്നില്ലാ എന്നതുതന്നെ. ഇവിടെ കാർമ്മികനും കർമ്മത്തിൽ ഉൾച്ചേരുന്ന വൈദിക അർത്ഥികളും ചിന്തിക്കേണ്ട, ജീവിതംകൊണ്ട് തങ്ങളെതന്നെ ഒരുക്കേണ്ട ഒരു വലിയ നിയോഗം ഉണ്ട്. കർമ്മം നടത്തുന്നവന്റെ കരം നിർമ്മലമായിരിക്കണം. ഒപ്പം അർത്ഥികളുടെ ഹൃദയവും ചിന്തകളും മനോഭാവവും അല്ലാ ജീവിതം തന്നെ നിർമ്മലമായിരിക്കണം. വേദപുസ്തകം മുഴുവൻ നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു സത്യമുണ്ട്. വേദ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന ആത്മീയാഭിഷേകത്തെപ്പറ്റി ശ്രേഷ്ഠമായ സത്യമാണ്. അത് അഭിഷേകം സ്വീകരിക്കുന്നവരുടെ വിശുദ്ധി ഒന്നുമാത്രം. വിശുദ്ധി ആത്മീയതയിൽ പ്രസംഗിക്കാനുള്ള ഒരു വിഷയമായി തരം താന്നിരിക്കുന്ന ഒരവസ്ഥയിൽ ഒരിക്കൽ കൂടി ഒരു പടി കൂടി വിശുദ്ധരാവാൻ, വിശുദ്ധ ജീവിതം നയിക്കാൻ ഈ പൗരോഹിത്യം നമ്മെ ക്ഷണിക്കുന്നില്ലേ?

എന്തിനാണ് പുരോഹിതനാവുക, വിജാതീയരെ ന്യായവിധി അറിയിക്കാൻ (മത്താ: 12:19) പുരോഹിതന്റെ കടമ ആത്യന്തികമായി 'ന്യായവിധി അറിയിക്കുക' എന്നതുതന്നെ. ന്യായ അന്യായങ്ങൾ നടത്തി ഇവിടെ മിടുക്കനാവുകയല്ല. മറിച്ച് ക്രിസ്തു പഠിപ്പിക്കുന്ന, ക്രിസ്തു ജീവിതം കാട്ടിയ 'ന്യായവിസ്താര'ത്തെപ്പറ്റി സ്വജാതികളെയും വിജാതികളെയും ഒരുപോലെ സ്വജീവിതത്തിലും സാക്ഷ്യത്തിലും പഠനത്തിലൂടെ, അവയുടെ പങ്കുവയ്ക്കലിലൂടെ ന്യായവിധിക്ക് സജീവ സാക്ഷികളാകേണ്ടവനല്ലേ കർത്താവിന്റെ പുരോഹിതൻ. സകല

www.malankaralibrary.com



വിസ്താരവും നടത്താം. 'ന്യായവിസ്താര'ത്തെപ്പറ്റി ഒന്നും പറയാനില്ലാത്ത അവസ്ഥ ദയനീയം തന്നെ. ന്യായവിധിയെപ്പറ്റിയും, ദൈവരാജ്യത്തിന്റെ തനിമയാർന്ന ജീവിതത്തപ്പറ്റിയും പ്രസംഗത്തിലൂടെ, കർമ്മത്തിലൂടെ, പങ്കുവച്ചും ഒരുപോലെ പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവൻ, ഭൂമിയിൽ ആർജ്ജിക്കുന്ന, മഹത്വത്തിന്റെ പിന്നാല ഓടി, ആ മഹത്വം അനുഭവിച്ച് ഭൂമിയോട് അവസാനം ചേരുന്ന അനുഭവത്തിനല്ലല്ലോ നാം എല്ലാവരും സാക്ഷികളാണല്ലോ. നമ്മുടെ ഈ പൗരോഹിത്യ സ്വീകരണം. നമ്മെ ബന്ധിച്ചിരിക്കുന്നത് സ്വർഗ്ഗത്തോടാണ്. സ്വർഗ്ഗത്തിന് ഭൂമിയിൽ സാക്ഷ്യം നൽകുക എന്ന ഏകനിയോഗമാണ് വിളിയുടെ മർമ്മം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ഏറ്റെടുക്കുന്ന മിഷൻ മേഖലകളിൽ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ, മനുഷ്യബന്ധങ്ങളിലൊക്കെ നിഴലിച്ചു നിൽക്കേണ്ട ഈ അനുഭവത്തിന് ഒരിക്കലും നികത്താൻ കഴിയാത്ത വിധം മങ്ങൽ ഏറ്റിട്ടില്ലേ? ന്യായവിധിയിൽ, വിശ്വസിക്കുന്നവൻ മാത്രമേ ന്യായവിസ്താരത്തെപ്പറ്റി ഭയം ഉണ്ടാവുകയുള്ളു. അവനിൽപോലും വിശ്വാസമില്ലാത്തവൻ ദൈവത്തിന്റെ അനന്തമായ സാധ്യതകളെപ്പറ്റി, ദൈവിക ഇടപെടലുകളെപ്പറ്റി ഒന്നും ബോധ്യം ഇല്ലാത്തവന് ന്യായവിധിയെപ്പറ്റി സംസാരിക്കാൻ കഴിയുമോ. വന്നതന്റെ ഭാരംപോറി, ആഗ്രഹിച്ചത് ഒന്നും ലഭിക്കുന്നില്ല എന്ന പരിഭവവുമായി, ഒന്നിനോടും മമതയില്ലാതെ ജീവിതം വ്യർത്ഥമാകുന്നവന് എവിടെ ന്യായവിധി? സ്വർഗ്ഗരാജ്യമാണ് പൗരോഹിത്യത്തിന്റെ ഏറ്റം വലിയ നിയോഗമെന്ന്, സ്വർഗ്ഗസാക്ഷിത്വമാണ് സത്യമായുള്ള അനുഭവം എന്ന് ഒരിക്കൽകൂടി വിശ്വസിക്കാൻ ഈ ആത്മാവ് നമ്മെ ക്ഷണിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ടവൻ "തർക്കിക്കില്ല, ബഹളം കൂട്ടുകയില്ല" (മത്താ 12:19). വീണ്ടും പുരോഹിതന്റെ രണ്ട് മാനുഷികഭാവങ്ങൾ. രണ്ട് ദൈവിക നന്മകൾ... തർക്കിക്കുന്നവൻ ആര്? ബഹളം കൂട്ടുന്നവൻ ആര്? എന്തിനാണ് തർക്കിക്കുന്നത്, ബഹളം കൂട്ടുന്നത്. സ്വന്തം കാര്യത്തിനോ, സ്വർഗ്ഗരാജ്യപ്രാപ്തിയ്ക്കോ? ഒന്നും പറയേണ്ട എന്നല്ല. സത്യത്തെ അതിന്റെ തനിമയിൽ ഉൾക്കൊള്ളുകയും പഠിക്കുകയും ചെയ്യേണ്ട എന്നല്ല, മൗനമായിരിക്കാൻ കഴിയണം എന്നല്ല, ഉറക്കെ പറയുന്നത് എന്നല്ല മറിച്ച് തർക്കിക്കേണ്ടതും ബഹളം വയ്ക്കേണ്ടതും നീതിക്കുവേണ്ടി, സ്വർഗ്ഗരാജ്യ സ്ഥാപനത്തിനുവേണ്ടി എന്ന് സാരം. സത്യത്തിൽ തന്റെ വേലയ്ക്ക് നിയോഗിക്കപ്പെട്ടവൻ, തമ്പുരാന്റെ നിയോഗങ്ങൾ ജീവിച്ച കാലഘട്ടത്തിലും, സ്ഥലത്തും, സാഹചര്യത്തിലും, സാക്ഷ്യജീവിതമാകേണ്ടവൻ പറയുന്നത്, ആഗ്രഹിക്കുന്ന

www.malankaralibrary.com



തൊക്കെ എന്താണ്? ദൈവവേലയോ, സ്വർഗ്ഗരാജ്യ സംരക്ഷണമോ, തർക്കങ്ങളല്ലേ, ബഹളംകൂട്ടലല്ലേ, ആളുകളെ തന്റെ പക്ഷത്തു ചേർക്കനുള്ള കൈയ്യടി വാങ്ങാനുള്ള വെറും തരംതാണ കർമ്മങ്ങളോ? ചിന്തിക്കണം. തീരുമാനിക്കണം. സാക്ഷിയാകണം. ശാന്തനാകണം.

ഇങ്ങനെയൊക്കെ ജീവിക്കുന്ന, ജീവിക്കേണ്ട പുരോഹിതൻ, ന്യായവിധിയെയും, സ്വർഗ്ഗരാജ്യത്തെയുംപറ്റി പഠിപ്പിക്കുന്നവൻ, ഭൂമിയിൽ ക്രിസ്തുവിന് സാക്ഷിയാകുന്നവന്, വിളിച്ചവൻ നൽകുന്ന പ്രത്യാശ, സംരക്ഷണം, സംതൃപ്തി, പരിപാലനം എന്താണ്. "അതെ, തമ്പുരാൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല, മങ്ങിയ തിരി ഊതി കെടുത്തുകയുമില്ല (മത്താ:12:20). ഭൂമിയിൽ ജീവിക്കന്ന പുരോഹിതന് ക്രിസ്തു നൽകുന്ന വലിയ ആശ്വാസവും സംതൃപ്തിയുമാണ് ഈ വചനങ്ങൾ. കർത്താവിനുവേണ്ടി സമർപ്പിക്കപ്പെട്ടവൻ, ആത്മാവിനാൽ തന്റെ അഭിഷേകത്താൽ നിറഞ്ഞവൻ, ആത്മീയ നന്മകളുടെ ഭൂമിയിലെ സൂക്ഷിപ്പുകാരനായി നിയമിക്കപ്പെട്ടവൻ, തന്റെ സകല അനുഭവങ്ങളിലും, അത് തിന്മയുടെ ശക്തികളാണെങ്കിലും, പൈശാചിക അനുഭവങ്ങളാണെങ്കിലും ലോകത്തിന്റെ പ്രലോഭനങ്ങളാണെങ്കിലും ജഡത്തിന്റെ വെല്ലുവിളികളാണെങ്കിലും തകർച്ചകളുടെ അനുഭവങ്ങൾ ആണെങ്കിലും, ബന്ധങ്ങളിലെ ശിഥിലതയിൽ നിന്ന് ഉരുവാക്കപ്പെട്ട രോദനമാണെങ്കിലും, ശരീരത്തിലെ വേദനകളാണെങ്കിലും, വിളിച്ചവന്റെ പ്രത്യാശ അതിനെയൊക്കെ അതിലംഘിക്കുന്നും, അതിൽ നിന്നൊക്കെ വിടുതൽ നൽകുന്നതുമാണ്. മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്ത, പുരോഹിതൻ മനസ്സിലാക്കേണ്ട, അവന് സംതൃപ്തി നൽകേണ്ട കരുതൽ അവനെ താങ്ങിക്കൊള്ളും, കരവലയത്തിനുള്ളിൽ കാത്തുകൊള്ളും. ഈ പ്രത്യാശയാണ്, ഈ ആത്മസുഖമാണ് പൗരോഹിത്യത്തിന്റെ ആത്മാവ്. തനിച്ചല്ല തന്നെ വിളിച്ചവൻ കൂടെയുണ്ട്. ലോകവും, 'ലോകത്തിന്റെ ശക്തികളും, അവനെ എതിർത്താലും പൗരോഹിത്യ സമർപ്പണത്തിന്റെ മൂർത്തഭാവമായ ക്രിസ്തു അവനോടു കൂടെയുണ്ട്.

പുറത്തു നിന്നും, ഉള്ളിൽ നിന്നും, സമൂഹത്തിൽ നിന്നും ഒരു പോലെ പീഡിപ്പിക്കപ്പെടുന്ന സമർപ്പിതരുടെ ഒരു നീണ്ടനിര തന്നെ നമുക്കു ചുറ്റുമുണ്ട്. അതിൽ പുതുതായി ഒന്നും ഇല്ല. നിത്യ പുരോഹിതനായ യേശുവിന്റെ ജീവിതം മുഴുവനും, താൻ സത്യത്തിനു വേണ്ടി, നീതിക്കുവേണ്ടി, കരുണക്കുവേണ്ടി ജീവിച്ചുകൊണ്ടും

www.malankaralibrary.com



പഠിപ്പിച്ചതുകൊണ്ട് തനിക്ക് ലഭിച്ചത് കുരിശാണല്ലോ? സ്വന്തക്കാരിൽ നിന്ന്, സഭയിൽ നിന്ന്, സമൂഹത്തിൽ നിന്ന്, സത്യത്തിനുവേണ്ടി നിലകൊള്ളുന്നതുകൊണ്ട് ക്രൂശിതനാകുന്ന പുരോഹിതനാണ് സത്യത്തിൽ പുരോഹിതൻ. അവൻതന്നെ വിളിച്ചവനോട് ചേർക്കപ്പെടുന്നു. എന്നാൽ കപടതയിൽ ജീവിക്കുകയും, സ്വന്ത താല്പര്യങ്ങൾക്കുവേണ്ടി ജീവിത സൗകര്യങ്ങളെ ഉപയോഗിക്കുകയും, താനാണ് വലിയവനെന്ന് നടിക്കുകയും, മറ്റുള്ളവരെ തന്റെ മാസ്മരിക പ്രഭയിൽ ഉൾച്ചേർത്ത് സംഘമാക്കി വലിയവനാകുകയും ചെയ്യുന്നവന് നിത്യമായ പൗരോഹിത്യത്തിന്റെ സുഖം ജീവിതത്തിൽ ലഭിക്കില്ല. അതുമല്ല, കൂടെ കൂടിയവർ കൂട്ട് വെട്ടുമ്പോൾ അവൻ ഏകനാവും, നിരാശനാകും. പരാതികളിൽ മാത്രം ജീവിതം നയിക്കപ്പെടും. ഇതിനല്ലല്ലോ ക്രിസ്തു പുരോഹിതനെ വിളിക്കുക ആയതിനാൽ പുറത്ത് കാണുന്നതും, പുറത്ത് കാണിക്കുന്നതും ഒന്നുമല്ല, പൗരോഹിത്യത്തിന്റെ ആത്മാവ് അത് അത്മീയതയിൽ ചാലിച്ചു ചേർക്കപ്പെടേണ്ടതാണ്, ആത്മീയ സുഖം ഉള്ളിൽ അനുഭവിച്ച് സാക്ഷിയാകേണ്ടതാണ്.

നമ്മുടെ നാലു വൈദികർ പുരോഹിതന്മാരാകുമ്പോൾ, വളരെ ശ്രദ്ധയോടും, അവധാനതയോടും കൂടി മേൽ സൂചിപ്പിച്ച ക്രിയാത്മകമായ ദൈവിക പദ്ധതിയിൽ അവർ ഉൾച്ചേരുകയാണ് ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ അവസ്ഥ, സഭയുടെ അവസ്ഥ, സന്ന്യാസ പ്രസ്ഥാനങ്ങളുടെ അവസ്ഥ ഏതാണ്ട് ഇപ്രകാരം താഴെ സൂചിപ്പിക്കുന്ന പ്രാരം ആയിരിക്കുന്നു. "*സഭയുടെ വിശ്വാസ പ്രമാണത്തിലധിഷ്ഠിതമായ, വ്യക്തമായ ഒരു വിശ്വാസം ഉണ്ടായിരിക്കുക എന്നത് ഇന്ന് മിക്കപ്പോഴും മത മൗലികവാദമായാണ് വിശേഷിക്കപ്പെടുന്നത്. അതേ സമയം, മാറിമാറി വരുന്ന സിദ്ധാന്തങ്ങൾക്കനുസൃതം ചാഞ്ചാടുന്ന ആപേക്ഷികത മത്രമാണ് ഇന്നിന്റെ മാനദണ്ഡങ്ങൾക്ക് ചേരുന്നതും സ്വീകാര്യവുമായ മാനദണ്ഡം എന്ന് കരുതപ്പെടുന്നു. അവനവന്റെ അഹവും, അഭിലാഷങ്ങളും, ആത്യന്തിക മാനദണ്ഡമായി നിലനിർത്തുകയും യാതൊന്നും തീർച്ചയുള്ളതായി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന അപേക്ഷികതയുടെ സ്വേച്ഛാധിപത്യത്തിലാണ് നമ്മൾ നടക്കുക*" ഇന്നത്തെ നമ്മുടെ പൗരോഹിത്യത്തിലെ വലിയ ദുരിതവും, അപചയും വെല്ലുവിളിയുമാണ് ബനഡിക്ട് മാർപ്പാപ്പാ മുകളിൽ സൂചിപ്പിച്ച ചിന്തയുടെ സത്ത (The Power of Silence: Against the Dictatoriship of Noise, 2020).

www.malankaralibrary.com




നവവൈദികർക്ക് ആശംസകളും പ്രാർത്ഥനകളും നേരട്ടെ. “ദൈവഹിതം അന്വേഷിക്കുകയും അതു ശ്രവിക്കുകയും ചെയ്യുന്ന ധ്യാനാത്മകതയും തീക്ഷ്ണമായ പ്രാർത്ഥനാ ജീവിതവും, എല്ലാ പ്രവർത്തനങ്ങൾക്കും മുന്നോടിയായി ഉണ്ടാകണം” (Ibid, p.120) എന്ന ബനഡിക്ട് പതിനാറാമൻ മാർപ്പായുടെ ആഹ്വാനം ഗൗരവമായി എടുത്താൽ ജീവിതം ധന്യമാകും. ഒരു കാര്യത്തിൽ സുബോധം ഉണ്ടാകുന്നത് നല്ലതാണ്. വേഷവിധാനമോ, കഴിവോ, പഠനമോ മറ്റ് സാമർത്ഥ്യങ്ങളോ ഒന്നും ഒരു പുരോഹിതനെ, പുരോഹിതനാക്കില്ല. ഈ വിഷയങ്ങളിൽ അമിത പ്രാധാന്യം നൽകുന്നിലൂടെ പുരോഹിതൻ പൗരോഹിത്യത്തിന്റെ ആത്മാവിൽ നിന്ന് അന്യനാകുന്നു. പുരോഹിതനെ പുരോഹിതനാക്കുന്ന അവന്റെ ഉള്ളിന്റെ നിർമ്മലത ഒന്നുമാത്രം. മനസ്സിന്റെ ഉള്ളിന്റെ പരിശുദ്ധി മാത്രം നിത്യമായത്. ഹൃദയശുദ്ധിയുള്ളവർക്കു മാത്രം ദൈവത്തെ കാണാനും, കണ്ട ദൈവത്തെ പങ്കുവയ്ക്കാനും കഴിയുകയുള്ളു. സത്യത്തിനു ഒരു വഴി മാത്രം. കൂടുതൽ ആളുകൾ ഒരു കാര്യം പറയുന്നതുകൊണ്ട് അതു സത്യമാകണമെന്നില്ല. പരിശുദ്ധി നടിക്കാനുള്ളതല്ല, പറയാനുള്ളതല്ല, അനുഭവിക്കാനുള്ളതാണ്. ആത്മീയാഭിഷേകത്തിലൂടെ പ്രിയ സഹോദരരെ, നിങ്ങൾ ഈ പരിശുദ്ധിയിൽ പങ്കുപറ്റുകയാണ്. ജീവിതകാലം മുഴുവൻ സത്യത്തിന് ഉള്ളിന്റെ നിർമ്മലതകൊണ്ട് സാക്ഷികളാകുവാൻ ദൈവം നിങ്ങളെ അഭിഷേകം ചെയ്യട്ടെ. പ്രാർത്ഥനകൾ.

“ദൈവത്തിന്റെ മുമ്പാകെയും, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന യേശുക്രിസ്തുവിന്റെ മുമ്പാകെയും, അവന്റെ ആഗമനത്തിന്റെയും രാജ്യത്തിന്റെയും പേരിൽ ഞാൻ നിന്നെ ഇപ്രകാരം ചുമതലപ്പെടുത്തുന്നു: വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക. ജനങ്ങൾ ഉത്തമമായി പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കു ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിനു നേരേ ചെവിയടച്ചു കെട്ടുകഥകളിലേക്ക് ശ്രദ്ധ തിരിക്കും” (2 തിമോത്തി 4:1-4).

www.malankaralibrary.com



Fr. Kuriakose Abraham Kulappurath OIC



Fr. Jacob Dayanand Kanangiriyil OIC



Fr. Paul Vineeth Koodappattu OIC



Fr. John Felix Thondalil OIC

# സന്ന്യാസ സമർപ്പണത്തിന്റെ ജൂബിലി ആശംസകൾ